KOTTAYAM PUBLIC LIBRARY

Call No. M02 Acc. No. 50411

Author അന്നാ സുബ്രഹ്മണ്യം

Title ഐതിഹ്യ മഞ്ജരി.

# ഐതിഹ്യമഞ്ജരി

50411

ടി. എസ്സ്. അനന്തസുബ്രഹ്മണ്യം

ശ്രീ നരസിംഹവിലാസം ബുക്കഡിപ്പോ,
തുറവൂർ, കേരളം.

1.20

## അനന്തസുബ്രഹ്മണ്യത്തിൻെറ കൃതികൾ

രണ്ടു മഹാരസികന്മാർ

പഞ്ചഗവ്യം

ഒയ്യാരത്തു ചന്തുമേനോൻ

ശങ്കരൻെറ വങ്കത്തം

ശാരദ രണ്ടാംഭാഗം

ഐതിഹ്യമുക്താവലി

കഥകളിനടന്മാർ

ഐതിഹ്യമഞ്ജരി

# ആമുഖം

പഴയ തലമുറയിലും പുതിയ തലമുറയിലും ഒരുപോലെ ജീവിച്ച് സാഹിത്യസേവനം നിർവ്വഹിച്ച പണ്ഡിതനായ ഒരു സഹൃദയനത്രെ ടി. എസ്. അനന്തസുബ്രഹ്മണ്യം. അദ്ദേഹത്തിൻെറ കഥകളിനടന്മാർ 1958 മാർച്ച് മാസത്തിലാണ് ഞങ്ങൾ പ്രസിദ്ധംചെയ്തത്. പിന്നെയും ചിലതൊക്കെ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള ചുമലത അദ്ദേഹം ഞങ്ങളെ ഏല്പിച്ചു. അതെല്ലാം പെട്ടെന്നു പ്രസിദ്ധം ചെയ്തുകാണുവാൻ അദ്ദേഹത്തിന്ന് അതിയായ താല്പര്യമുണ്ടായിരുന്നു. ഈ ഐതിഹ്യമഞ്ജരിയെ സംബന്ധിച്ചുള്ള ഇടപാടുകൾ പൂർത്തിയാക്കുകയും അച്ചടിക്കുള്ള ഏർപ്പാടുകൾ ചെയ്കയുംചെയ്തു. പക്ഷേ, പുസ്തകം പൂർത്തിയായിക്കാണുന്നതിനുള്ള അദ്ദേഹത്തിൻെറ അഭിലാഷം നിറവേററിക്കൊടുക്കുന്നതിന്നുള്ള ദയവ് ദൈവവിധിക്കുണ്ടായില്ല. എഴുപത്തിനാലു വയസ്സു പ്രായംചെന്ന ആ വൃദ്ധപണ്ഡിതൻ ഇതിന്നിടയ്ക്ക് കാലയവനികയ്ക്കുള്ളിൽ മറഞ്ഞു പോയി.

ഗ്രന്ഥകാരൻ ജീവിച്ചിരിക്കുമ്പോൾതന്നെ ഈ ഐതിഹ്യമഞ്ജരി പ്രസിദ്ധംചെയ്യാൻ സാധിച്ചില്ലല്ലോ എന്നുള്ളതിൽ ഞങ്ങൾക്ക് അതിയായ ഖേദമുണ്ട്.

[illegible]ി അനന്തസുബ്രഹ്മണ്യത്തെപ്പോലെ അശ്രാന്ത[illegible]ായ സാഹിതീഭക്തന്മാരെ വളരെ വിരളമായേ കാണ്മാൻ കഴിയൂ. അദ്ദേഹത്തിൻെറ ഈ ഐതിഹ്യമഞ്ജരിയും മലയാളവായനക്കാരുടെ ഹസ്തങ്ങളിൽ ഞങ്ങൾ സാദരം സമർപ്പിച്ചുകൊള്ളുന്നു.

പ്രസാധകർ.

# രണ്ടു വാക്കു്

എന്റെ ഐതിഹ്യമുക്താവലി 1952-ൽ ആണു് പ്രസിദ്ധീകരിച്ചതു്. ആ വഴിക്കുള്ള എന്റെ ശ്രമം തീർച്ചയായും അഭിനന്ദനീയമാണെന്നു് മാതൃഭൂമിയിലും മററും നിരൂപണം വന്നപ്പോൾ, പിന്നീടും ഓരോ ഐതിഹ്യങ്ങൾ ഞാൻ എഴുതിത്തുടങ്ങി. അവ പല പത്രങ്ങളിലായി സ്ഥലംപിടിക്കുകയും ചെയ്തു. എന്റെ ചില സാഹിത്യസുഹൃത്തുക്കളുടെ പ്രേരണയ്ക്കു വശഗതനായി അവയെ സമാഹരിച്ചു് ഐതിഹ്യമഞ്ജരി എന്ന പേരിൽ ഇപ്പോൾ പുറത്തിറക്കുകയാണു്. കൈരളിയുടെ കാൽത്തളിരിൽ ഈ ഗ്രന്ഥവും ഭക്തിപൂർവ്വം സമർപ്പണംചെയ്യുന്നു.

മദ്രാസ്, 15-4-59. } ടി. എസ്. അനന്തസുബ്രഹ്മണ്യം.

# വിഷയാനുക്രമണിക


| | | |
|---|---|---|
| | | പേജ് |
| 1. | കടലായമനയ്ക്കലെ 'മൂർത്തി'സ്ഥാനം | 9 |
| 2. | ഒരു കയ്യുനിറയെ വെള്ളിക്കാശ്ശ് | 12 |
| 3. | ആചാരിക്കുപററിയ അമളി | 15 |
| 4. | കോമു | 19 |
| 5. | കുരങ്ങനും കമ്മീഷൻ | 23 |
| 6. | ഇല്ലത്തുവളപ്പിൽ ഇമ്പിച്ചി | 28 |
| 7. | സരസനായ ന്യായാധിപതി | 32 |
| 8. | കോമട്ടി സാക്ഷി | 36 |
| 9. | കൊളമ്പുകാരൻ | 39 |
| 10. | വാസുനമ്പ്യാർ | 45 |
| 11. | ആമിനോട്ട തോററ ചീഫ് ജഡ്ജി | 48 |
| 12. | അർജ്ജുനനും ആഞ്ജനേയനും | 53 |
| 13. | ഉച്ചയ്ക്കുശേഷം പിച്ച | 57 |
| 14. | കാലടി നമ്പൂതിരിയും പൊതിയിൽ ചാക്യാരും | 61 |
| 15. | പാർത്ഥസാരഥിപ്പിള്ള | 65 |
| 16. | മിസ്റ്റർ വങ്കൻ | 69 |
| 17. | ചക്കക്കെയ്യ് | 73 |
| 18. | സർ. ടി. മുത്തുസ്വാമിഅയ്യർ | 77 |
| 19. | വെള്ളാനയും കരിമ്പിൻതോട്ടവും | 85 |

അച്ചടി:

ആസാദ് പ്രിൻ്റേഴ്സ്, കൊല്ലം.

# കടലായമനയ്ക്കലെ 'മൂത്തി'സ്ഥാനം

പൊന്നാനി താലൂക്കിൽ ഗുരുവായൂർക്ഷേത്രത്തിൽ നിന്നു സുമാർ നാലുനാഴിക വടക്കായിട്ടാണ് കടലായമന. പൂവ്വളങ്ങി മുതലായ പ്രസിദ്ധിപെററ മനകൾ ഇവരുടെ ബന്ധുക്കളാണെന്നും അറിയുന്നു. ഇപ്പോഴത്തെ കാരണവരുടെ പേർ മൂത്തി ശ്രീധരൻനമ്പൂതിരിപ്പാട്ട് എന്നാണ്. അതാതുകാലത്തെ കാരണവർക്ക് 'മൂത്തി' എന്ന സ്ഥാനപ്പേരുണ്ട്. ആ സ്ഥാനപ്പേരു വന്നുപററാനുള്ള ഐതിഹ്യമാണ് ഈ ലേഖനവിഷയം.

സുമാർ നൂററിയമ്പതുകൊല്ലംമുമ്പു നടന്ന കഥയാണ് ഇവിടെ പറയുവാൻ പോകുന്നതു്. പ്രസിദ്ധിപെററ പല നമ്പൂതിരിപ്പാടന്മാരുടെ കൂട്ടത്തിൽ കടലായമനയ്ക്കലെ അന്നത്തെ കാരണവരും തിരുവനന്തപുരം മുറജപത്തിനു ചെന്നിരുന്നു. മുറജപം കഴിഞ്ഞു. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനു സമീപമുള്ള ഒരു ദേവാലയത്തിൽ ഉത്സവം നടക്കുന്നുണ്ടായിരുന്നു. അവിടേയുമുണ്ട് ചില ജപങ്ങളും ഹോമങ്ങളും. സദ്യയുടെ കാര്യം പറയേണ്ടതില്ലല്ലോ. ആ ഉത്സവംകൂടി കഴിഞ്ഞു പോയാൽമതി എന്നു പൊന്നുതമ്പുരാൻ അരുളിച്ചെയ്തു. സദ്യയും ധാരാളം ദക്ഷിണയും കിട്ടുമ്പോൾ അവിടെ തടിച്ചുകൂടുന്നതിനു് ആൎക്കും സന്തോഷമല്ലേ ഉണ്ടാവാൻ തരമുള്ളൂ.

ഒരു ദിവസത്തെ സദ്യയ്ക്കു കഷണങ്ങൾ ഒരുക്കിക്കഴിഞ്ഞു. അരിയും കഴുകി തയ്യാറായി. എല്ലാം അടുപ്പത്തു കയറ്റുവാൻ ഒരുങ്ങി. എന്നാൽ വിറകും തീയും നാസ്തി. എന്നുതന്നെയല്ല ചുററുപാട്ടുമുള്ള പത്തു ദേശങ്ങളിൽ അന്നേദിവസം അടുപ്പത്തു തീ കൂട്ടരുതെന്നും അവർക്കെല്ലാം ഊണ് ജാതിമതഭേദമെന്യേ ഈ അമ്പലസദ്യയിലാണെന്നും പൊന്നുതമ്പുരാൻ കല്പിച്ചു. തിരുവായ്ക്ക് എതിർവായ് ഇല്ലാത്ത കാലം.

പചനദഹനങ്ങളിൽ
ഭവതസ്സ്വാധീനൻ ഞാ-
നെന്നറിക, നീവെച്ചുണ്ടാ-
ക്കും കറികളമൃതിനോടൊക്കും

എന്നുള്ള വരം നളമഹാരാജാവിന് അഗ്നിഭഗവാൻ കൊടുത്തതാണെന്നു പുരാണം പറയുന്നു. അത്രമാത്രമല്ല "ദംഭം കൂടാതെ ഘോരം ദഹനൻ കത്തിയുദാരം" എന്നും പറഞ്ഞു കാണുന്നുണ്ട്. ഇതു ശരിയാണെങ്കിൽ അഗ്നിഹോത്രം, വൈശ്യം മുതലായതു ശരിയായി ഈശ്വരവിചാരത്തോടു കൂടി ചെയ്തുവരുന്ന കേരളബ്രാഹ്മണർക്ക് തീയും വിറകും കൂടാതെ കഷണങ്ങളും അരിയും എന്തുകൊണ്ടു വെന്തു പാകംവരുത്തുവാൻ പാടില്ല? അതൊന്നു പരീക്ഷിക്കണം എന്നുവച്ചാണ് തീയും വിറകും കല്പിച്ചു മുടക്കിയത്.

ഈ കല്പന കേട്ടപ്പോൾ കടലായക്കാരണവർ ... ച്ചു ബാക്കിയുള്ളവർ മുക്കിലും മൂലയിലും ചെന്നിരുന്നു മേല്പോട്ടു നോക്കിത്തുടങ്ങി. കടലായ്ക്ക് ഒരു കൂസലുമുണ്ടായില്ല. അദ്ദേഹം കുളിച്ച് ആ അമ്പലത്തിൽ തൊഴുതു നമസ്കരിച്ചു തറവാട്ടിൽ വന്ന് തന്റെ കുലദൈവമായ അഷ്ടമൂർത്തിയേയും അഗ്നിഭഗവാനേയും മനസ്സാ ധ്യാനിച്ച് ഒരു കലശത്തിൽ വെള്ളം നിറച്ചു ജപിച്ചു. അതുകഴിഞ്ഞു

ആ കലശത്തിൽനിന്നു കുറെ വെള്ളമെടുത്തു് അട്ടപ്പത്തു കയററാതെ വെച്ചിരുന്ന സാധനങ്ങളിൽ തളിച്ചു തൊടിയിടകൊണ്ടു് ഒക്കെ വെന്തു നളപാകമായി.

തമ്പുരാൻെറ തിരുവുള്ളം പ്രസാദിച്ചു. ഇക്കാലത്തും ഇങ്ങനെ തപഃശക്തിയുള്ളവർ ഉണ്ടല്ലോ നമ്മുടെ രാജ്യത്തു് എന്നു സമാധാനിച്ചു. അന്നു തീക്കുട്ടരുതെന്നു കല്പിച്ചിരുന്ന പത്തു ദേശങ്ങളേയും കരമൊഴിവായി കടലായ്ക്കു കല്പിച്ചു തീട്ടൂരം കൊടുത്തു. 'അഷ്ടമൂത്തി' എന്ന സ്ഥാനപ്പേരും കൊടുത്തു. ആ വസ്തുക്കൾ ഇന്നും അപ്രകാരം കടലായമനയ്ക്കലെ അംഗങ്ങൾ അനുഭവിച്ചുവരുന്നുണ്ടെന്നാണു് എൻെറ അറിവു്. 'അഷ്ടമൂത്തി' ലോപിച്ചു് 'മൂത്തി' മാത്രമായിത്തീൎന്നതായിരിക്കണം.

കടലായകാരണവന്മാർ തിരുവനന്തപുരം അതിത്തിയിൽ വരുമ്പോൾ വെള്ളയും കരിമ്പടവും വിരിച്ചുവേണം സ്വീകരിക്കുവാൻ എന്നു് ഈ അന്നത്തെ തമ്പുരാൻെറ കല്പന ഇന്നും ആദരിച്ചുവരുന്നതായി അറിയുന്നു. നമ്പൂതിരിപ്പാടു വരുമ്പോൾ കരുവേലപ്പുരയുടെ മാളികയിൽ നടന്നുകൊണ്ടായിരിക്കും തമ്പുരാൻ നമ്പൂതിരിപ്പാടിനെ സ്വീകരിക്കുക.

---

II

# ഒരു കയ്യ് നിറയെ വെള്ളിക്കാശ്

പാലക്കാട്ടുരാജവംശം മൂന്നു താവഴികളായാണു് വളരെക്കാലം മുമ്പായിത്തന്നെ കഴിഞ്ഞുവരുന്നതു്. ഒന്നു് അകത്തേത്തറ അംശത്തിലും മററു രണ്ടു താവഴികൾ തെമ്മലപ്പുറത്തുള്ള നൂപ്പാളൂർ എന്ന ദേശത്തുമാണു്. മൂപ്പിൽസ്ഥാനത്തേയ്ക്കു ശേഖരിവമ്മൻ എന്ന സ്ഥാനപ്പേരുണ്ടു്. ഏകദേശം എൺപതു വയസ്സിനു മുമ്പായി സ്ഥാനാരോഹണംചെയ്യുവർ ചുരുങ്ങും. ഒരു രാജാവു് തീപ്പെട്ടു് ആ അടിയന്തിരം കഴിയുന്നതിനു മുമ്പായിത്തന്നെ അടുത്ത അവകാശിയുടെ വെടിപൊട്ടുന്നതും ദുർല്ലഭമല്ല. ഈ സ്ഥാനത്തേയ്ക്കു ഗവമ്മേൺടിൽനിന്നു മാലിഖാൻ കൊടുത്തുവന്നിരുന്നു. ഇപ്പോഴും ഏതാണ്ടു് ഉണ്ടെന്നാണു് ഈ ലേഖകൻെറ അറിവു്. പുറമെ സ്ഥാനത്തേയ്ക്കു വളരെ സ്വത്തുക്കളുണ്ടു്. അതിൽ ഉൾപ്പെട്ടതാണു് കല്പായക്കുളങ്ങരക്ഷേത്രം.

ഏതു സ്ഥാനത്തേയ്ക്കും കാൎയ്യങ്ങൾ കൊണ്ടുനടത്തുവാൻ കാൎയ്യസ്ഥൻ കൂടാതെ കഴികയില്ലല്ലോ. ആ കാൎയ്യസ്ഥനെ ബഹുമാനസൂചകമായി 'കാൎയ്യക്കാർ' എന്നാണു വിളിച്ചുവരാറ്. ചെട്ടിക്കു പണം വരുമ്പോൾ ചെട്ടിയാർ ആവുന്നതും കൗണ്ടൻ നല്ല നിലയിൽ ഉയരുമ്പോൾ ഗൗഡരാവുന്നതും നാം കണ്ടുവരുന്നുണ്ടല്ലോ. ഏതാണ്ടതുപോലെയെന്നു കരുതിയാൽ മതിയായിതും. താലൂക്കിൽചെന്നു മാലിഖാൻ കൊണ്ടുവരിക; സ്ഥാവരസ്വത്തുക്കളെ പാട്ടത്തിന്് ഏല്പിക്കുക; പാട്ടം പിരിക്കുക; ക്ഷേത്രങ്ങളിലെ കാൎയ്യാന്വേഷണങ്ങൾ ചെയ്യുക; ഇങ്ങനെ പലേ ജോലിയുമുണ്ടു് കാൎയ്യക്കാൎക്കു്. എന്നാലതിനുതക്ക ശമ്പളമുണ്ടോ?

പത്തുപറ നെല്ലും അഞ്ചു രൂപ്പികയും ഒരു മാസത്തേയ്ക്ക് അനുഭവമുണ്ടെങ്കിൽ അതു വലിയ കാര്യമായി കരുതാം. "അരപ്പന ശമ്പളം അരക്കാശ്" എന്നൊരു പഴമൊഴി ഉണ്ടല്ലോ. "ഇന്ദ്രനോടൊക്കും ഭവാൻ ചന്ദ്രനോടൊക്കും സ്വാമി" എന്നു മുഖസ്തുതിചെയ്തും കുടിയാന്മാരെ മർദ്ദനംചെയ്തും കള്ളക്കണക്കെഴുതിയും ധാരാളം സമ്പാദിക്കാം. ആരേയും പേടിക്കേണ്ടതില്ല. അഥവാ വല്ല കോരപ്രത്യക്ഷങ്ങളും ഒന്നു തലപൊക്കുന്നതായി അറിഞ്ഞാൽ അവക്കു വായ്ക്കരികൊടുത്താൽ മതിയാവും. ലാഭത്തിൽ നഷ്ടം എന്നു വിചാരിപ്പാനുള്ളൂ.

ഇനി കഥയിലേക്കു കടക്കട്ടെ! അന്നത്തെ കാര്യക്കാർ മാലിഖാനുപോയാൽ ആയതു കൊണ്ടുവരുന്നതു് തമ്പുരാൻ കാണാതെയാണു്. അക്കാലങ്ങളിൽ നോട്ടുസമ്പ്രദായം വളരെ വിരളമായിരുന്നു. എല്ലാം വെള്ളിക്കാശായിരിക്കും. അങ്ങനെ വെള്ളിനാണയങ്ങളെ ആയിരക്കണക്കായി പേറിക്കൊണ്ടുവരുന്നതു വളരെ വിഷമംപിടിച്ച പണിയുമായിരുന്നു.

ഒരു ദിവസം അങ്ങനെ സഞ്ചികളുംപേറി വരുമ്പോൾ ശേഖരിവർമ്മൻതമ്പുരാനും നേത്യാരമ്മയും കൂടി സമ്മേളിച്ചുകൊണ്ടിരിക്കുന്ന മുറിയിൽക്കൂടി വേണം അകത്തേക്കു കാര്യക്കാർക്കു കടക്കേണ്ടിയിരുന്നതു്. കാര്യക്കാർ തമ്പുരാനെ ഒതുഴിച്ചു് അകത്തു കടക്കാൻ ഭാവിക്കവെ, കാര്യക്കാരെ തമ്പുരാൻ ഒന്നു വിളിച്ചു; സഞ്ചികളിൽ എന്താണെന്നറിയുന്നതിന്നായി. അതു വെള്ളിക്കാശാണെന്നു പറയേണ്ട താമസം, അതൊന്നു കാണണമെന്നു തമ്പുരാൻ ആവശ്യപ്പെട്ടു. തമ്പുരാൻെറ കല്പന ആദരിക്കാതെ കഴിയുമോ? മനസ്സില്ലാമനസ്സോടെ ഒരു സഞ്ചി അഴിച്ചു കാണിക്കേണ്ടിവന്നു. അതു കണ്ടതും തമ്പുരാൻെറ കണ്ണു് ഒന്നു മഞ്ഞളിച്ചു. തൻെറ വലതുകയ്യുകൊണ്ടു്

ഒരുപിടി വെള്ളിക്കാശു വാരി എടുത്തു. 'ഇതു നേത്യാക്ക് ഉടുക്കാൻ തുണിവാങ്ങാൻ വേണം' എന്നു തമ്പുരാൻ കാര്യക്കാരോടു കെഞ്ചിപ്പറഞ്ഞു. 'തമ്പുരാനേ ആ ചിലവുണ്ടു്, ഈ ചിലവുണ്ടു്,' എന്നെല്ലാം കാര്യക്കാർ ഒഴികഴിവു പറഞ്ഞുനോക്കി. ഫലമുണ്ടായില്ല ഇത്ര വലിയ സഞ്ചിയിൽ നിറയെ വെള്ളിക്കാശു തമ്പുരാൻ കാണുന്നതു് ഇന്നാദ്യമായിട്ടാണു്. ഇതിനുമുമ്പു വാങ്ങിയിരുന്ന സംഖ്യകളുടെ കണക്കു ചോദിച്ചാലോ എന്നൊരു ഭയവും കാര്യക്കാർക്കു് ഉദിക്കാതിരുന്നില്ല. പക്ഷേ, അതു കാര്യക്കാരുടെ ഭ്രമം മാത്രമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. കാര്യക്കാർ ബാക്കി വെള്ളിക്കാശു് അകത്തേക്കു കൊണ്ടുപോയി സൂക്ഷിച്ചുവെച്ചു.

---

# ആചാരിക്കു പററിയ അമളി

സർ, സുബ്രഹ്മണ്യയ്യർ മദ്രാസ് ഹൈക്കോടതിജഡ്ജി ആവുന്നതിന്നു മുമ്പായി ജീവിതം തുടങ്ങിയതു് ഒരു സ്കൂൾ മാസ്റ്ററായിട്ടാണു്. അദ്ദേഹത്തിൻെറ ശിഷ്യഗണങ്ങളിൽ ഒരാളായിരുന്നു കൊച്ചിയിലും തിരുവിതാംകൂറിലും ദിവാനായിരുന്ന സർ, രാജഗോപാലാചാരി. അതിന്നു് എത്രയോ മുമ്പാണു് ആചാരി പാലക്കാട്ടു് ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടായിരുന്നതു്. ആ സ്ഥാനത്തുള്ളവരെ ബഹുജനങ്ങൾ വിളിച്ചുവന്നിരുന്നതു് തുക്കിട സായ്പ് എന്നായിരുന്നു. ഇന്നും ആ പേരിന്നു വലിയ മാററം വന്നിട്ടില്ല. എന്തുകൊണ്ടെന്നാൽ അക്കാലങ്ങളിൽ ആ സ്ഥാനത്തു് അവരോധിച്ചുവന്നിരുന്നതു് ശീമയിൽനിന്നു പുത്തനായി ഇറക്കുമതി ചെയ്യുന്ന ഐ. സി. എസ്സ്. വെള്ളക്കാരെ ആയിരുന്നു. നാട്ടുകാരെ നിയമിക്കുന്നതുതന്നെ ദുർല്ലഭം. എങ്കിലും നമ്മുടെ ആചാരിക്കു് ആ സ്ഥാനത്തിരിപ്പാനുള്ള ഭാഗ്യമുണ്ടായി.

സർ, സുബ്രഹ്മണ്യയ്യരും, സർ, ടി. മുത്തുസ്വാമി അയ്യരെപ്പോലെ എളിയ ജീവിതത്തിൽനിന്നു് ഉയൎന്നു് പ്രധാന ജഡ്ജിയുടെ കസേര അലങ്കരിപ്പാൻ ഭാഗ്യമുണ്ടായ ഒരാളായിരുന്നു. ജഡ്ജിയായിരിക്കുന്ന കാലത്തു പാളസ്സാറും ഗോസാമനും നീളൻകോട്ടും തലപ്പാവും നെററിയിൽ ഭസ്മവും ചന്ദനക്കുറിയും മററുമായിരുന്നു വേഷവിധാനം. സ്നേഹസദൃശമായ പുഞ്ചിരി കൂടെപ്പിറപ്പായിരുന്നു.

നേരെ മറിച്ചായിരുന്നു ആചാരിയുടെ വേഷം. ആദ്യകാലങ്ങളിൽ കാലൊറയും ബൂട്ട്സ്സുമില്ലാതെ ആഫീ

സ്സിൽ ഇരിക്കയില്ല. പുറത്തിറങ്ങുമ്പോഴത്തെ ആഡംബരം പറയേണ്ടതുമില്ല. സക്കീട്ടുസമയങ്ങളിൽ തനി നാടൻ സായ്പുതന്നെ.

ഇങ്ങനെയുള്ള പരിഷ്കാരി തിരുവനന്തപുരത്തു ദിവാനായിരിക്കുമ്പോൾ മാറത്ത് ഒരു ബനിയൻ മാത്രം ധരിച്ചും നേരിയ ഒരു കോടിപ്പാവു ചുററിയും കൗപീനധാരണംകൂടി ഇല്ലാതെ ആഫീസിലിരുന്നു ജോലിചെയ്തിരുന്നതായി ഓർക്കുമ്പോൾ നമുക്കു ചിരിവരുന്നതിൽ എന്താണ് അത്ഭുതം. ഇതെല്ലാം വെളിച്ചത്തു വീശിയതുനിമിത്തമാണല്ലോ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ തിരുവിതാംകൂറിൽനിന്നു ഗളഹസ്തംചെയ്യാൻ ഇടയായതു്. ഇതെല്ലാം നടന്നതു നേരാണെന്നു വളരെക്കാലംമുമ്പു പാലക്കാട്ടുവെച്ചുണ്ടായ ഞങ്ങളുടെ അഭിമുഖസംഭാഷണത്തിലും അദ്ദേഹം എടുത്തു പറഞ്ഞതു ഞാനിന്നും ഓർക്കുന്നു.

ആനിബസൻറ് മദാമ്മ ഉദ്ധരിച്ച തിയോസഫി എന്ന ബ്രഹ്മവിദ്യാസംഘത്തിൽ ഒരു അംഗമായിരുന്നു സർ, സുബ്രഹ്മണ്യയ്യർ. മദാമ്മ സ്വദേശിപ്രസ്ഥാനം തുടങ്ങിയപ്പോൾ ബ്രിട്ടീഷ്ഗവമെൻറിൻെറ വിരോധിയായും തീർന്നു. അതുനിമിത്തം രാഷ്ട്രീയമായ ഒരു വീക്ഷണഗതി സുബ്രഹ്മണ്യയ്യർക്കും ഉണ്ടെന്നു ബ്രിട്ടീഷുഗവമ്മേണ്ടും ഊഹിച്ചു. സുബ്രഹ്മണ്യയ്യർ അതു് അറിയാതേയുമിരുന്നില്ല. അതൊന്നും കൂട്ടാക്കുന്ന ആളല്ല അദ്ദേഹം. വേണ്ടിവന്നാൽ ജോലി വലിച്ചെറിയുവാനും അദ്ദേഹം സന്നദ്ധനായിരുന്നു.

അങ്ങനെ ഇരിക്കുന്ന കാലത്തു പാലക്കാട്ടുള്ള ഒരു ബന്ധുഭവനത്തിൽ പങ്കുകൊള്ളുവാൻ സർ, സുബ്രഹ്മണ്യയ്യർ വരുന്ന വിവരം ആചാരിക്കു് അറിവുകിട്ടി. ഗുരുനാഥനെ തൻെറ വസതിയിലേക്കു ക്ഷണിച്ചു് ഒരു പാർട്ടി കൊടുപ്പാൻ ആചാര്യർ തീരുമാനിച്ചു. വിവരം അയ്യർക്കു് എഴുതി അയച്ചു ഇന്നദിവസം ഇത്ര മണിസമയത്തു

വരാമെന്നുള്ള മറുപടിയും വന്നു. പ്രിയപ്പെട്ട ശിഷ്യൻെറ സല്ക്കാരം സ്വീകരിക്കേണ്ടതു ഗുരുനാഥൻെറ മുറയുമാണല്ലോ.

നിശ്ചിതദിവസം കാലത്തു തുക്കിടിബംഗ്ലാവു മുഴുവൻ കുലവാഴ നാട്ടിയും കുരുത്തോലകൊണ്ടു് അലങ്കരിച്ചും മനോഹരമാക്കിത്തീർത്തു്, ഗുരുനാഥൻെറ വരവും കാത്തിരുന്നു.

പറഞ്ഞുവച്ച സമയത്തു രാവിലെ പത്തുമണിക്കു സർ, സുബ്രഹ്മണ്യയ്യർ തുക്കിടിബംഗ്ലാവിലേയ്ക്കു കാൽനടയായി വരികയായിരുന്നു. ഒരു സോമൻ ഉടുത്തും ഒരു ഷർട്ടുമാത്രം ധരിച്ചും ഒരു അങ്കവസ്ത്രം ചുമലിൽ ചുററിയുമായിരുന്നു വരവു്. ഒന്നിച്ചു് ഒരു തലായത്തു ശിപായിയുമുണ്ടായിരുന്നു. സമ്മേളനത്തിൽ പങ്കുകൊള്ളുവാൻ അന്നത്തെ മുൻസിഫ്, താസിൽദാർ മുതലായവരേയും ആചാരി ക്ഷണിച്ചിരുന്നു.

ഗുരുനാഥനെ എതിരേല്ക്കുവാൻ കാലൊറയും ബട്ടൻസും ഹാററും ധരിച്ചു കച്ചേരിഗേററിൽ ശിപായിമാരോടുകൂടി കാത്തിരിക്കയായിരുന്നു സർ, ആചാരി. ദൂരത്തുള്ള ഗുരുനാഥൻെറ വരവുകണ്ടതും കുചേലബ്രാഹ്മണനെക്കാണുമ്പോൾ, 'ഏഴാംമാളികയിൽ നിന്നിറങ്ങി' ഓടിവരുന്ന ഗോപാലഭഗവാനെപ്പോലെ ആചാരി ഓടി അടുത്തുവന്നു കൈകൂപ്പി തൊഴുതതും ഗുരുനാഥനെ ബംഗ്ലാവിലേക്കു കൂട്ടിക്കൊണ്ടുപോയതും ഒന്നിച്ചുകഴിഞ്ഞു.

മാന്യാതിഥിക്കു് ഇരിക്കുവാൻ യഥായോഗ്യം ഒരു ചാരുകസേലയും മററുള്ളവക്കു് ഇരിക്കുവാൻ കുറെ നാല്ക്കാലികസേലകളും സ്വീകാര്യമുറിയിൽ തെയ്യാറാക്കി വെച്ചിരുന്നു.

ഗുരുനാഥനോടു ചാരുകസേലയിൽ എഴുന്നെള്ളി ഇരിക്കുവാൻ ശിഷ്യൻ വിനയപൂർവ്വം അപേക്ഷിച്ചു. എന്നാലദ്ദേഹം ചെയ്തതു് എന്താണെന്നല്ലേ? അദ്ദേഹം മുറിയിൽ കടന്നപാടേ ഒന്നു കണ്ണോടിച്ചു് ഒരു മൂലയിൽ കിടന്നിരുന്ന പട്ടുപ്പായി എടുത്തു പൊടിതട്ടി വിരിച്ചു് അതിൽ ചമ്രം പടിഞ്ഞിരുന്നു. എന്നിട്ടു് ആതിഥേയനോടു 'ഗോപാലാ വാ, ഒക്കൊരുങ്ങ്യൊ' എന്നു സ്നേഹപൂർവ്വം ആജ്ഞാപിച്ചു. സാധു എന്തുചെയ്യും. എങ്ങനെ ഇരിക്കും.

സുബ്ബ:—ഒക്കാരെൻടാ. എന്നാ മിഴിക്കരായി അങ്കെ.

'ഇതാ വന്തുട്ടേൻ' എന്നു മെല്ലെ പറഞ്ഞു് അടുത്ത മുറിയിൽചെന്നു് തന്റെ വേഷം ഓരോന്നായി അഴിച്ചു തുടങ്ങി.

സുബ്ബ:—നാൻ ഇങ്കെ വന്തതു് ആഫീസ്സ പരിശോധനയ്ക്കു് ഒൻറുമല്ല. നീ ശാപ്പടറത്തുക്കു കൂപ്പിട്ടായി നാൻ വന്തേൻ. എന്നൈ അഴൈക്കു. ഇന്ത വേഷമെല്ലാം എന്നത്തുക്കു്?"

ഇതു കേട്ടസമയം അവിടെ കൂടിയിരുന്നവരെല്ലാം സലജ്ജോത്സാഹം അഭിനയിച്ചു ആചാരിയുടെ അഹംഭാവത്തിന്റെ നെല്ലിപ്പടിയും കണ്ടു.

---

## IV

# കോമു

സരസകവി ചന്തുമേനവന്റെ ഇന്ദുലേഖയിൽ അതിലെ ഒരു പ്രധാന പാത്രമായ പഞ്ചുമേനവൻ തന്റെ പ്രസംഗമദ്ധ്യേ ഒരു ചെരിപ്പിന്റെ കഥ ഗോവിന്ദപ്പണിക്കരോടു പറയുന്നതിന്റെ പിന്നിൽ ഒരു യഥാൎത്ഥസംഭവം കൂടിയുള്ളതു് 'രണ്ടു മഹാരസികന്മാർ' എന്ന എന്റെ പുസ്തകത്തിലെ ആദ്യത്തെ കഥയിൽനിന്നു വായനക്കാരിൽ ചിലരെങ്കിലും മനസ്സിലാക്കിയിരിക്കുമല്ലോ? അതുപോലെ ഒരു യഥാൎത്ഥസംഭവംകൂടി ആ നോവലിൽ കടന്നുകൂടിയിരിക്കുന്നതായി എനിക്കിപ്പോൾ അറിവായി. അതാണു് ഇവിടെ പറവാൻ പോകുന്നതു്.

ചന്തുമേനവൻ പരപ്പനങ്ങാടിയിൽ മുൻസിഫായിരുന്ന കാലം. അദ്ദേഹത്തിനു ജാതിമതഭേദമെന്യേ പലേ ചങ്ങാതികൾ ഉണ്ടായിരുന്നു എന്നുള്ളതു സുവിദിതം. അക്കൂട്ടത്തിൽ ഒരു നമ്പൂതിരിപ്പാടുമുണ്ടായിരുന്നു. ഇല്ലപ്പേർ നല്ല നിശ്ചയമില്ല. പരപ്പനങ്ങാടി സ്റ്റേഷനു തൊട്ടുതെക്കുള്ള ഒരു ഇല്ലത്തെ കാരണവരായിരുന്നു അദ്ദേഹം. ചതുരംഗക്കളിയിൽ ഒരു വിരുതൻ. കഥകളിപദങ്ങൾ പാടുന്നതിൽ ഒരു നിപുണൻ. ചന്തുമേനവനു പിന്നെന്തു വേണം ചങ്ങാതിയാകുവാൻ!

അക്കാലത്തു പരപ്പനങ്ങാടി മുൻസിഫ്കോടതിയിൽ ഒരു ശിപായിയുടെ പണി ഒഴിവായി. തലേദിവസം വൈകുന്നേരംവരെ ആ കോടതിയിൽ ഒഴിവൊന്നുമില്ല. ഒരു ശിപായി രാത്രി പെട്ടെന്നാണു മരിച്ചതു്. ദീനം തലേത്രട്ടി. ഈ വിവരം എങ്ങനെയോ അറിഞ്ഞ ഒരു വ്യക്തി, മൂപ്പർ ഉറങ്ങിയെണീററു പുറത്തുവരുന്നതു കാത്തി

രിക്കയായിരുന്നു. മൂപ്പരെ ചെന്നു് ആ വിദ്വാൻ കുമ്പിട്ടു. എന്താ എന്നു ചോദിച്ച സമയം യജമാനൻെറ കോടതിയിൽ ഒരു ശിപായിപ്പണി ഒഴിവുണ്ടെന്നും അതിന്നുള്ള അപേക്ഷകനാണു് താനെന്നും പറഞ്ഞു. ഒഴിവുള്ളതായി തൻെറ അറിവിൽ ഒന്നും വന്നിട്ടില്ലല്ലോ എന്നായി മൂപ്പരു്. അപ്പോൾ ഒഴിവുണ്ടായതു് ഇന്നവിധമാണെന്നു് ആ വിദ്വാൻ വിശദീകരിച്ചു. മൂപ്പർ ഉടനെ പറഞ്ഞതു് എന്താണെന്നല്ലേ?

"തലേതട്ടിയായതുകൊണ്ടു ശവം നീക്കംചെയ്യിട്ടുണ്ടാവില്ല. താൻ ചെന്നു ശവം മറവുചെയ്തിട്ടു വരൂ. പിന്നീടാലോചിക്കാം, ആ ഒഴിവിലേയ്ക്കു താൻ യോഗ്യനോ അല്ലയോ എന്നു്."

ഇതു കേട്ടതും ആ വിദ്വാൻ തലയും താഴ്ത്തി ഒരു നടകൊടുത്തു.

ദിവസങ്ങൾ പത്തുപന്ത്രണ്ടു കഴിഞ്ഞു. പലേ അപേക്ഷാഹർജികളും പിന്നീടും വന്നു. എങ്കിലും ആർക്കും ചെന്നു മൂപ്പരെ നേരിൽക്കണ്ടു് അപേക്ഷിപ്പാൻ ധൈര്യമുണ്ടായില്ല. കാരണം വ്യക്തമാണു്. ചിലസമയം മൂപ്പരുടെ പ്രകൃതം പട്ടുപോലെ ഇരിക്കുമെങ്കിലും ചിലപ്പോൾ സിംഹംപോലെ ഗംഭീരമായും കാണാം.

അങ്ങനെയിരിക്കെ നമ്മുടെ ന. നമ്പൂതിരിപ്പാട്ടു് തൻെറ വാലിയക്കാരനെ പറഞ്ഞയച്ചു, അവനെ ആ ഒഴിവിലേയ്ക്കു നിയമിച്ചാൽ വേണ്ടീല എന്നുള്ള ശുപാശയോടുകൂടി. കോമ എന്നാണു് അവൻെറ പേരു്. അവൻ ചെന്നു മൂപ്പരെ കുമ്പിട്ടു.

ചന്തു:—ആരാ, എന്താ. പറയൂ.

കോമ:—അടിയൻ......ഇല്ലത്തിന്നാ വരുന്നതു്. തിരുമേനി പറഞ്ഞയച്ചിട്ടു വിടകൊണ്ടതാണു്.

ചന്തു:—കാൎയ്യം?

കോമ്മ:—ഇവിടെ ഒരു ശിപായിപ്പണി ഒഴിവുണ്ടെന്നുകേട്ട് അടിയനെ പറഞ്ഞയച്ചതാണ്, യജമാനനെച്ചെന്നു കാണുവാൻ. തിരുമേനി അടുത്തുവന്നു കണ്ടോളാമെന്നും അരുള് ചെയ്തു.

ചന്തു:—അങ്ങനെയോ? എന്താ തൻെറ പേരു്?

കോമ്മ:—കോമ്മ എന്നാ.

ചന്തു:—കോമ്മവോ. അമരകോശത്തിൽ ഇല്ലാത്ത ഒരു പേരു്. താൻ ആ ജോലിക്കു കൊള്ളില്ല. പൊയ്ക്കോള്ളു.

കോമ്മ മടങ്ങിവന്നു വിവരം നമ്പൂതിരിപ്പാടിനെ അറിയിച്ചു. തിരുമേനി ഇതുകേട്ടു പൊട്ടിച്ചിരിച്ചു ആട്ടെ, ഒന്നുകൂടി പോയിവരാമോ എന്നു ചോദിച്ചു. കല്പിച്ചു പറഞ്ഞയച്ചാൽ പോവാം എന്നു കോമ്മവും പറഞ്ഞു.

പിറേറന്നു കാലത്ത് കോമ്മ ചെന്നു മൂപ്പരെ കണ്ടു. കോമ്മ എന്ന പേർ അമരകോശത്തിലുണ്ടെന്നു തിരുമേനി പറഞ്ഞയച്ചതായി അറിയിച്ചു. എന്നാൽ കേൾക്കട്ടെ അമരകോശത്തിൽ എവിടെയാ ഉള്ളതെന്ന്, എന്നായി മൂപ്പരു്. കോമ്മ വായിച്ചുതുടങ്ങി. ബലഭദ്രൻെറ പൎയ്യായങ്ങളായിരുന്നു അവ

രേവതീ രമണോ, രാമഃ
കാമപാലോ, ഹലായുധഃ
നീലാംബരോ, രോഹിണേയ
സ്താലാംകോ, മുസലീ, ഹലീ

എന്ന ശ്ലോകം മൂന്നാംപാദമെത്തിയപ്പോൾ

നീലാംബുരേ രൗഹിണേയസ്സാലാൻ, കോമു, സലീ ഹലീ എന്നു തിരുമേനി വായിക്കാൻ പറഞ്ഞയച്ചപ്രകാരമാണ് അവൻ വായിച്ചതു്. സമർത്ഥൻ എന്നു പറഞ്ഞു് അവനെ ആ ഒഴിവിലേയ്ക്കു നിയമനംചെയ്തു.

ഈ സംഭവമാണ് ഇന്ദുലേഖാനോവലിൽ

"ആസീദ്ദശരഥോ, നാമസൂര്യ്യവംശോദ്ഭവ പാർത്ഥിവഃ" എന്നു പരിഹാസരൂപേണ. കേശവൻനമ്പൂതിരിയെക്കൊണ്ടു് സൂരിനമ്പൂതിരിപ്പാടിന്റെയും ഇന്ദുലേഖയുടെയും മുമ്പിൽവെച്ചു ചെറുശ്ശേരി എഴുതിക്കൊടുത്ത ശ്ലോകം തപ്പിത്തപ്പി വായിപ്പിച്ചതു്.

V

# കുരങ്ങന്നും കമ്മീഷൻ

പരപ്പനങ്ങാടിയിൽ ചന്തുമേനവൻ മുൻസിപ്പായിരുന്ന കാലം. അക്കാലത്തു കമ്മീഷൻകല്പനകൾ വിചാരണഗുമസ്തന്മാർ എഴുതി ജഡ്ജിയുടെ എഴുത്തുപെട്ടിയിൽ ഇടുകയാണത്രേ പതിവ്. കമ്മീഷൻ ആർഡറുകൾ ചേർക്കുന്ന പുസ്തകവും പെട്ടിയിൽത്തന്നെയാണ് ഉണ്ടാവുക. വക്കീലന്മാർ, കമ്മീഷൻ നടത്താനായി അധികാരപ്പെടുത്തീട്ടുള്ള പെൻഷൻകാർ, മററു കമ്മീഷൻസ്ഥാനാർത്ഥികൾ ഇവരെല്ലാം ജഡ്ജിമാരെ ചെന്നുകാണും. ആളവസ്ഥപോലെ പെട്ടിയിൽനിന്ന് കല്പനകൾ എടുത്ത് ഈ വിദ്വാന്മാരുടെ പേരിൽ അധികാരപ്പെടുത്തി ആ പുസ്തകത്തിൽ ഒപ്പിട്ടു വാങ്ങും. ഇതായിരുന്നു അക്കാലത്തെ പതിവ്. ഞാൻ സർവ്വീസിൽചേന്ന കാലത്ത്, അതായത്, അരശതാബ്ദത്തിനുമുമ്പ് ഈ സമ്പ്രദായം തീരെ ഇല്ലാതായി എന്നു പറവാൻ വയ്യ. പക്ഷെ, രജിസ്റ്റർബുക്ക് എൻെറ (ക്ലാക്കിൻെറ) കൈവശത്തിൽതന്നെ ആയിരുന്നു.

ഈ കല്പനകൾ ഒരു കാലത്തു കോടതിയിലെ ഗുമസ്തന്മാൎക്കു കൊടുത്തുവന്നിരുന്നതു ഞാനറിയും. അതുസംബന്ധിച്ചുള്ള ഒരു കഥ പിന്നീടു പറയാം.

ഇനി പ്രകൃതത്തിലേക്കു കടക്കട്ടെ. ചന്തുമേനവൻെറ ബംഗ്ലാവിൽചെന്ന് ഒപ്പിട്ടുവാങ്ങിയ ഒരു കമ്മീഷൻകല്പനയെ അദ്ദേഹത്തിൻെറ ഗേററു കടന്നതുമുതൽ വായിച്ചു നോക്കിക്കൊണ്ടു വരികയായിരുന്നു, അവിടത്തെ ചെറുപ്പക്കാരനായ ഒരു വക്കീൽ മേനവൻ. രാവണോത്ഭവത്തിലെ വിദ്യുജ്ജിഹ്വനെപ്പോലെ കത്തു വായിച്ച് ആനന്ദി

ച്ചുംകൊണ്ടുവരുന്ന ആ കമ്മീഷണരുടെ പിൻഭാഗത്തു നിന്നു് പെട്ടെന്നു് ഒരു കുരങ്ങൻചാടി കയ്യിലുള്ള കടലാസ്സ പിടിച്ചുപറിച്ചു ചന്തുമേനവൻെറ പുരപ്പുറത്തു കയറിയിരുന്നു നമ്മുടെ ഹനുമാൻ വായന തുടങ്ങി. അണ്ടികളഞ്ഞ അണ്ണാനെപ്പോലെയായി നമ്മുടെ വക്കീൽ അവർകൾ. ഈ സംഭവത്തെ എങ്ങനെയാണ ചില സമയം സിംഹപ്രകൃതിയോടുകൂടിയ ചന്തുമേനവനോടു ചെന്നു പറയുക. കല്പന ശരിയാംവണ്ണം നടത്തുവാനെന്നല്ല, കയ്യിൽ കിട്ടിയതു വേണ്ടവിധം സൂക്ഷിപ്പാനുംകൂടി കൊള്ളരുതാത്തവനാണെന്നു മുൻസിഫ് അവർകൾക്കു തോന്നിയാൽ മേലാൽ കല്പനകൾ ഊഝ്മാകുമല്ലോ. എന്താണീശ്വരാ, ഇതിന്നൊരു വഴി. നെടുവയിലെ മഹാമായേ, നീയേഗതി എന്നു വിചാരിച്ചു പുറത്തു നില്ക്കുകയായിരുന്നു നമ്മുടെ കമ്മീഷണർ. അപ്പോൾ അവിടേക്കു് എഴുന്നള്ളുന്നു വിശ്വപട്ടരു് എന്ന വിദ്വാൻ.

പരപ്പനങ്ങാടിക്കു സമീപമുള്ള ഒരു ദുർഗ്ഗാക്ഷേത്രമാണു് നെടുവയിൽ ഉള്ളതു്.

വിശ്വംപട്ടരെ ഞാൻ കാണുമ്പോൾ അദ്ദേഹത്തിനു വയസ്സ 65 ൽ അധികം കാണും. ആറടി പൊക്കം. അതിനൊത്ത വണ്ണം. എപ്പോഴും മുറുക്കിക്കൊണ്ടിരിക്കുന്നതിനാൽ കവിളിൻെറ രണ്ടുഭാഗത്തുനിന്നും ചോരപോലെ സദാ ഒഴുകിക്കൊണ്ടിരിക്കും. ഒരു ഷട്ടും തോത്തുമുള്ള വേഷവിധാനം. കയ്യിൽ ഉലക്കപോലത്തെ ഒരു വടി. ഒരു ഭാഗത്തു വെള്ളികെട്ടിയും അടിയിൽ കിങ്കിണികൾ കെട്ടിത്തൂക്കി വടിയമത്തുമ്പോൾ ഝലം ഝലം എന്ന ശബ്ദം—ചുവന്ന താടികളുടേയും മററും വരവുസമയത്തുണ്ടാവുന്നപോലെ. അദ്ദേഹത്തിനു് കണ്ണിന്നു് കാഴ്ച നന്നെ കഷ്ടിയായിരുന്നു. എങ്കിലും അദ്ദേഹം പ്രവേശിക്കാത്ത മലയാള തറവാടുകൾ ഇല്ലെന്നു് ഉറപ്പിച്ചുപറയാം. എവി

KOTTAYAM PUBLIC LIBRARY KOTTAYAM

ടേയും അദ്ദേഹത്തിന്ന് സ്വാഗതമായിരുന്നു. അദ്ദേഹം മാസത്തിൽ ഒരിക്കലെങ്കിലും ചെന്നെത്താത്ത വക്കീൽമാരുടെ വീട്ടുകളോ, ജഡ്ജിമാരുടെ വസതികളോ ഇല്ലതന്നെ. കുറേശ്ശ ജ്യോതിഷശാസ്ത്രത്തിന്റെ വക്കുകൾ കാലത്തു കടിച്ചുകാണണം. ആയതു സമയംപോലെ പ്രയോഗിപ്പാനുള്ള സാമർത്ഥ്യം അദ്ദേഹത്തിനു വശമായിരുന്നു. ഒരു നല്ല ജ്യോതിഷക്കാരനാണെന്നു ബഹുജനങ്ങൾക്ക് ഒരു തോന്നൽ വന്നിരുന്നതിനാൽ അദ്ദേഹം എവിടേയും പൂജ്യനമായിരുന്നു.

50411

സാക്ഷാൽ നാരദമഹർഷിയെപ്പോലെ നാടെങ്ങും ചുററിത്തിരിയുന്ന വിശ്വംപട്ടർ ഈ സമയം നമ്മുടെ കമ്മീഷണരുടെ മുമ്പിൽ ആവിർഭവിക്കുമെന്ന് ആരോർത്തു?

തെക്കേമലയാളത്തുള്ള എല്ലാ കോടതികളിലും ഇദ്ദേഹം കമ്മീഷണർ ആയിരുന്നു. ചന്തുമേനവനെക്കണ്ടു വല്ല കല്പനയുമുണ്ടോ എന്നറിവാനായിരുന്നു ഇദ്ദേഹത്തിന്റെ അപ്പോഴത്തെ പുറപ്പാട്.

വക്കീൽ തനിക്കുവന്ന വകുത്തം വിശ്വംപട്ടരോടു പറഞ്ഞു. ഉടനെ നൂററിനുതാഴെ ഒരെണ്ണം പറവാനു വക്കീലോടു അദ്ദേഹം ആജ്ഞാപിച്ചു. എണ്ണം പറഞ്ഞതും ചില കണക്കുകൾ കൂട്ടികിഴിച്ചു "കാര്യം ശുഭമാകും, കുറച്ചിവിടെ ഇരിക്കുക" എന്നും പറഞ്ഞു വിശ്വം ചന്തുമേനവന്റെ ബംഗ്ലാവിൽ പ്രവേശിച്ചു.

കണ്ണുരണ്ടും കാണാത്ത ഈ വിദ്വാൻ കമ്മീഷൻ കല്പന നടത്തുന്നതു് എങ്ങിനെയാണെന്നു വായനക്കാരിൽ ചിലരെങ്കിലും ചോദിക്കാനിടയുണ്ടു്. എന്നാൽ മാസത്തിൽ ഒരു കല്പന എങ്കിലും ഇദ്ദേഹത്തിനു കിട്ടാത്ത കാലമുണ്ടായിരുന്നില്ല. വല്ലവരെക്കൊണ്ടും അദ്ദേഹം കണക്കു തെയ്യാറാക്കിക്കും. അതിൽ ആക്ഷേപം തീർച്ചയായും കോടതിയിൽ ഫയലാവും. കോടതി രണ്ടാമതു കമ്മീഷൻ

അയയ്ക്കാൻ ആർഡർ ചെയ്യും. എങ്കിലും ഇദ്ദേഹത്തിനു കല്പന കിട്ടുന്നതിനു കുറവുണ്ടായിരുന്നില്ല. ഭാഗ്യംമൂർത്തീകരിച്ച വ്യക്തി എന്നെ പറവാനുള്ളു.

വന്നുചേൎന്ന വിശാപംപട്ടരെ ചന്തുമേനോൻ ഇരുത്തി സംഭാഷണം തുടങ്ങി.

ചന്തു:—വിശാപത്തിനെ ഇശ്ശിദ്ദിവസായല്ലൊ കണ്ടിട്ട്; ഇതാ മുറുക്കാനുള്ള ചെല്ലപ്പെട്ടി.

വിശാപം:—വന്നിട്ടെന്താ കാൎയ്യം? യജമാനൻ നമുക്ക് ഒരു കല്പന് എങ്കിലും തരുന്നില്ല. കല്പന ഉണ്ടോ എന്നു ചോദിച്ചാൽ ഇല്ലല്ലോ എന്നും പറയും. എന്നാൽ മിററത്തെ കുരങ്ങനുക്രുടി അവിടന്നു കല്പന കൊടുത്തു കാണുന്നുണ്ട്.

ചന്തു:—എന്താ സാമി! നിങ്ങഠം പറഞ്ഞുകൊണ്ടുവരുന്നതു്? കുരങ്ങന്നു കമ്മീഷൻകല്പന കൊടുക്കുന്നു എന്നോ. കളിയാക്കുന്നതിനുംവേണ്ടേ ഒരു അതിരു്?

വിശാപം:—ഞാൻ പറയുന്നതു വാസ്തവമാണെന്നു് ഇപ്പോഠം തെളിയിച്ചുതരാം. ഒന്നു് എന്റെക്രൂടെ മുററത്തോളം വന്നാൽ മതി.

ഇവർ തമ്മിലുള്ള സംഭാഷണം ശ്രവിച്ചുകൊണ്ടിരുന്ന ചന്തുമേനവന്റെ സഹധൎമ്മിണിയും മററും മുററത്തു എത്തിച്ചേൎന്നു. പുരപ്പുറത്തു് ഇരുന്നിരുന്ന ഹനുമാൻ അവിടന്നു ചാടി ഒരു മരത്തിന്റെ കൊമ്പിൽ കയറിയിരുന്നു് ഒരു കടലാസ്സുവായിക്കുന്ന കാഴ്ചയാണു് അവരെല്ലാവരുംക്രുടികണ്ടതു്. വല്ല ഉണ്ടകടലാസ്സുമായിരിക്കും എന്നു മേനവൻ. അല്ല, കമ്മീഷൻകല്പനയാണെന്നു ബോദ്ധ്യപ്പെടുത്തിത്തരാമെന്നു വിശാപംപട്ടരും. ഒരു പടലപ്പഴം വേണമെന്നു വിശാപംപട്ടർ പറഞ്ഞു. പഴം അടുത്തുള്ള

പീടികയിൽനിന്നു വാങ്ങിക്കൊണ്ടുവന്നു. പഴം മുററത്തു വെച്ചശേഷം എല്ലാവരും മാറിനിന്നു. കുരങ്ങൻ മെല്ലെ മരത്തിൽനിന്നിറങ്ങി കയ്യിലുള്ള കടലാസ്സു അവിടെ ഇട്ടേച്ചു പഴമെടുത്തു തോലുരിച്ചു പള്ളയിലാക്കി പല്ലിളിച്ചു കൊണ്ടു കൊമ്പത്തുതന്നെ കയറിയിരുന്നു് ഓരോന്നായി തിന്നാൻ തുടങ്ങി. പഴത്തൊലിയെ മുററത്തേക്കു എറിയുവാനും തുടങ്ങി. പക്ഷേ ആ കടലാസ്സ് കടിച്ചുപൊളിച്ചിരുന്നു.

പിന്നെ വിശപ്പംപട്ടർ കാര്യം യജമാനനെ പറഞ്ഞു ബോദ്ധ്യപ്പെടുത്തിക്കൊടുത്തു. ശിപായിയെക്കൊണ്ടു പുറത്തിരിക്കുന്ന വക്കീലിനെ അകത്തേക്കു ക്ഷണിച്ചുകൊണ്ടു വരുവാൻ ആജ്ഞാപിച്ചു. വെറെ ഒന്നു നാളെ എഴുതി തരീക്കാം എന്നുപറഞ്ഞു വക്കീൽ അവർകളെ സമാധാനപ്പെടുത്തി. രണ്ടാമതുതരുന്നതു് കുരങ്ങനു കൊടുക്കരുതേ എന്നുപറഞ്ഞു ചന്തുമേനോൻ കുമ്പകുലുക്കിക്കൊണ്ടു ചിരിച്ചു. വിശപ്പത്തിൻെറ യുക്തിക്കു രണ്ടുറുപ്പിക കൊടുക്കുവാനും വക്കീൽ അവർകളോടു ഏൎപ്പാടുചെയ്തു.

VI

# ഇല്ലത്തുവളപ്പിൽ ഇമ്പിച്ചി

ഇമ്പിച്ചിയുടെ കഥ എഴുതുന്നതിന്നുമുമ്പായി വേറെ ചില സംഗതികൾ ഇവിടെ പറയേണ്ടിയിരിക്കുന്നു.

ഇമ്പിച്ചി എന്ന പേർ മലബാറിൽ നായൎക്കും തീയന്നും മുസ്ലിമിന്നും പൊതുവെ പറഞ്ഞുവരുന്ന ഒന്നാണു്. ഇമ്പിച്ചിനായരു്, ഇമ്പിച്ചിമുതലാളി, ഇമ്പിച്ചിക്കാ എന്നു വ്യക്തപ്പെടുത്തിയാലേ ആ ആളുടെ ജാതി അറിവാൻ തരമുള്ളു. ഞാൻ പറയാൻപോകുന്ന കഥാനായകനെ ഇമ്പിച്ചി എന്നാണു് വിളിച്ചുവരാറു്. എങ്കിലും ശരിയായപേർ ബീരാൻകുട്ടി എന്നായിരുന്നു.

തിരുവിതാംകൂറിൽ ആയില്യംതിരുനാൾ തമ്പുരാൻ മഹാരാജാവായിരുന്നകാലത്തു് അവിടത്തെ സേവകനായി ഒരു ബ്രാഹ്മണനുണ്ടായിരുന്നു. അദ്ദേഹത്തിന്റെമോഹം ഒരു സൎക്കാർജ്ജോലിവേണമെന്നായിരുന്നു. പക്ഷെ മലയാളം കൂട്ടിഎഴുതുവാനും വായിപ്പാനും അദ്ദേഹത്തിന്നു വശമുണ്ടായിരുന്നില്ല. എങ്കിലും ദുഷ്ഷന്തരാജാവിന്റെ മാഢവ്യനെപ്പോലെ തരംപോലെ ഫലിതംപറഞ്ഞു രസിപ്പിക്കുന്നതിൽ അദ്വിതീയനായിരുന്നു. മാധവരായർ ദിവാനായിരിക്കുന്നകാലത്തു തമ്പുരാൻതന്നെ നേരിൽ അരുളിച്ചെയ്തു, ഏതെങ്കിലും ഒരുസൎക്കാർജ്ജോലി ആ മഹാബ്രാഹ്മണന്നു കൊടുക്കേണമെന്നു്. ദിവാൻ ഗണ്യമാക്കിയില്ല പിന്നീടു വന്ന ദിവാൻ ശേഷയ്യാശാസ്ത്രിയായിരുന്നു. അദ്ദേഹത്തിന്റെകാലത്തു് ഒരു മുൻസിഫ്പണി ഒഴിവുവന്നു. ആ ഒഴിവിൽ ഈ ബ്രാഹ്മണനെ നിശ്ചയിക്കുവാൻ തമ്പുരാൻ വീണ്ടും ശുപാർശചെയ്തു.

ദിവാൻശാസ്ത്രികൾ ഈ തീട്ടൂരം കൈയിൽവെച്ചു ബ്രാഹ്മണൻെറ പൂർവ്വാശ്രമത്തെപ്പററി അന്വേഷണംതുടങ്ങി ആ ബ്രാഹ്മണനെ തൻെറ മുമ്പിലേയ്ക്കു വരുവാൻ പറഞ്ഞയച്ചു. കുശലപ്രശ്നങ്ങൾ കഴിഞ്ഞശേഷം "വിധിന്യായങ്ങൾ മലയാളത്തിലല്ലേ എഴുതേണ്ടതു്. ആയതു് എഴുതുവാനും വായിപ്പാനും അങ്ങേയ്ക്കു വശമുണ്ടോ?" എന്നു ദിവാൻ ചോദിച്ചു. അതിനു ബ്രാഹ്മണൻെറ മറുപടി "ഇല്ല. എന്നാൽ ഇരുപതുകൊല്ലമായി രണ്ടു കണ്ണും കാണാത്ത ഒരു മുൻസിഫ് എങ്ങനെ പണിയെടുത്തു? എനിക്കു കാഴ്ചക്കുറവൊന്നുമില്ലല്ലോ. ആ ഒഴിവിലേയ്ക്കല്ലേ എന്നെ നിശ്ചയിപ്പാൻ തമ്പുരാൻ അരുളിച്ചെയ്തിരിക്കുന്നതു്" എന്നെല്ലാം വാചാലത്വം പറവാൻ തുടങ്ങി. ശാസ്ത്രികൾ കുഴങ്ങി. ഒടുവിൽ ആ ബ്രാഹ്മണനെ പത്മനാഭസ്വാമിക്ഷേത്രത്തിലെ അഗ്രശാലാമാനേജരായി നിശ്ചയിച്ചു കല്പനകൊടുത്തുവത്രേ!"

ഇതുപോലത്തെ ഒരു സംഭവം ബ്രിട്ടീഷുഗവമ്മേണ്ടു കാലത്തു് തെക്കേമലബാറിൽ നടന്നതാണു് ഈ ലേഖനവിഷയം.

1921-ലെ മാപ്പിളലഹളയ്ക്കുമുമ്പായി ഏറനാട്ടു താലൂക്കിൽ മൂന്നോ നാലോ പ്രാവശ്യം മാപ്പിളമാർ ലഹളകിയതായി പഴമക്കാർ പറയുന്നു. ഒരു ലഹളക്കാലത്തു ബ്രിട്ടീഷുകാരെ സഹായിക്കുവാനും ലഹളക്കാരെ പിടിച്ചുകൊടുക്കുവാനും, ഒത്താശചെയ്ത ആളാണു് നമ്മുടെ ഇമ്പിച്ചി എന്ന ബീരാൻകുട്ടി. വളരെ ആത്മസ്വാധീനമുള്ള ഒരു ഗംഭീരപുരുഷനുമായിരുന്നു.

ഒത്ത വണ്ണവും ആറടി ഉയരവും കറുത്ത നിറവും വട്ടക്കണ്ണും കറുത്ത താടിയുമുള്ള ഈ വിദ്വാനെ കണ്ടാൽ തന്നെ പേടിവരുമത്രേ. ലഹള ശമിച്ചശേഷം അന്നത്തെ മലയാംകലക്ടർ ബീരാൻകുട്ടിയെ കോഴിക്കോട്ടേയ്ക്കു

വരുത്തി വളരെ പ്രശംസിച്ചു. ഖാൻബഹദൂർ എന്ന സ്ഥാനമാനവും കൊടുപ്പിച്ചു. ബീരാൻകുട്ടിക്ക വല്ല ആഗ്രഹവുമുണ്ടെങ്കിൽ അതു സാധിച്ചുകൊടുക്കാമെന്നും കലക്ടർ സായ്പ് പറഞ്ഞു. ഒരു ഗവമ്മേണ്ടുജോലി കിട്ടിയാൽ വേണ്ടില എന്നായിരുന്നു ബീരാൻകുട്ടിയുടെ മറുപടി.

ബീരാൻകുട്ടിക്ക് ഒരു ഭാഷയും വശമില്ല. 'ഹരി' എന്ന അക്ഷരത്തിൻെറ അടുത്തുകൂടെ പോയിട്ടില്ല. ബീരാൻകുട്ടി എന്നു് ഒപ്പിടുവാനും അറികയില്ലെന്നു പറയേണ്ടതില്ലല്ലോ. അക്കാലത്തു നടപ്പുണ്ടായിരുന്ന കഴുകൻതൂവൽ പിടിച്ചു രണ്ടു വരവരയ്ക്കും പക്ഷേ വേണമെങ്കിൽ.

അപ്പോഴാണു് ചെറുപ്പുളശ്ശേരിയിൽ ഒരു മജിസ്ത്രേട്ടിൻെറ ഒഴിവു വന്നതു്. ഈ സംഭവം നടന്നതു ചാവക്കാട്ടാണെന്നും ഒരു സുഹൃത്തു പറയുകയുണ്ടായി. ബീരാൻകുട്ടിയെ അവിടത്തെ മജിസ്ത്രേട്ടായി നിശ്ചയിച്ചു കല്പനകൊടുത്തു. വിചാരണഗുമസ്തനായി മജിസ്ത്രേട്ടുപണിക്കു പ്രാപ്തിയുള്ള ഒരാളേയും നിശ്ചയിച്ചു. വിചാരണഗുമസ്തൻെറയും മജിസ്ത്രേട്ടിൻെറയും ജോലികൾ ആ ഗുമസ്തൻ നിർവ്വഹിച്ചും നടത്തിവന്നു. നമ്മുടെ മൂപ്പരു് മുറുക്കിത്തുപ്പിക്കൊണ്ടിരിക്കും മേശയ്ക്കുചോടെ വെച്ചിട്ടുള്ള കോളാമ്പിയിൽ. വിചാരണഗുമസ്തൻ വിചാരണചെയ്തു വിധിന്യായം എഴുതിക്കഴിഞ്ഞാൽ പ്രിവികൗൺസിലിൽ ബ്രിട്ടീഷുമഹാരാജാവിനോട് Will humbly advise His Majesty എന്നു പറഞ്ഞുവന്നിരുന്നതുപോലെ മൂപ്പരോടു വിചാരണഗുമസ്തൻ കണ്ണത്തിൽമന്ത്രിക്കും വിധിയുടെ സാരം. മജിസ്ത്രേട്ടു്അവർകൾ കൂട്ടിൽനില്ക്കുന്ന പുള്ളിയെ നോക്കി "തന്നെ രണ്ടു മാസം ശിക്ഷിച്ചിരിക്കുന്നു. അല്ലെങ്കിൽ പത്തുറുപ്പിക പിഴ കല്പിച്ചിരിക്കുന്നു" എന്നു ഗൗരവത്തിൽ കല്പിക്കും. ഇങ്ങനെയായിരുന്നു നടന്നുവന്നിരുന്നതു്.

KOTTAYAM PUBLIC LIBRARY KOTTAYAM

രണ്ടുമൂന്നു കൊല്ലം കഴിഞ്ഞു കലക്ടർ മാറി. പുതിയ കലക്ടരും ക്യാമ്പുക്ലാർക്കുംകൂടി കോടതിപ്പരിശോധനയ്ക്കായി വന്നു. പരിശോധന കഴിഞ്ഞശേഷം സായ്പ് നിയമസംബന്ധമായി എന്തോ ഒരു കാര്യം ഇംഗ്ലീഷിൽ മജിസ്ട്രേട്ടിനോടു ചോദിച്ചു. "സായ്വേ! ഞമ്മക്കൊന്നും പിടിയില്ല. ഗുമസ്തനോടു ചോദിക്ക്" എന്നായിരുന്നു മജിസ്ട്രേട്ടിന്റെ മറുപടി. സായ്പ് അന്ധാളിച്ചു. ഉടനെ ക്യാമ്പുക്ലാർക്ക് കാര്യം പറഞ്ഞ് ഇരുവരേയും സമാധാനിപ്പിച്ചു. സായ്പ് വേഗം മജിസ്ട്രേട്ട് അവർകൾക്കു കൈയ് കൊടുത്തു Sorry എന്നു വ്യസനംനടിച്ചു. "ഹസ്തേന ഹസ്തതലമാത്തസുഖം ഗ്രഹിച്ചു."

ഇമ്മാതിരി യോഗ്യതയുള്ള ജസ്റ്റിമാർ ഇക്കാലത്തില്ലാത്തതു ഭാഗ്യംതന്നെ.

VII

# സരസനായ ന്യായാധിപതി

ഒരെഴുപതുകൊല്ലംമുമ്പു നടന്ന ഒരു കഥയാണു് ഇവിടെ പറവാൻ പോകുന്നതു്. അക്കാലങ്ങളിൽ കോടതിയിലെ കമ്മീഷൻകല്പനകൾ വിചാരണഗുമസ്തന്മാർ എഴുതി ജഡ്ജിയുടെ പെട്ടിയിൽ ഇടും. വക്കീലന്മാർ, കമ്മീഷൻസ്ഥാനാർത്ഥികൾ മുതലായവർ ജഡ്ജിയെ ചെന്നു കാണും. അവൎക്കും കോടതിയിലെ ഗുമസ്തന്മാൎക്കും യഥാസൗകൎയ്യം കല്പനകൾ കൊടുക്കും. ഇതായിരുന്നു പണ്ടത്തെ പതിവു് എന്നു മുൻ ഒരു ലേഖനത്തിൽ പറഞ്ഞതു വായനക്കാർ ഓൎക്കുന്നുണ്ടാകുമല്ലോ. എന്നാൽ ഗുമസ്തന്മാൎക്കു കൊടുത്തു വന്നിരുന്നതു് പിന്നീടു തീരെ ഇല്ലാതായിത്തീൎന്നിരിക്കയാണു്.

കോടതി ഗുമസ്തന്മാൎക്കു കൊടുത്തിരുന്ന കാലത്തുണ്ടായ ഒരു കഥയാണു് ഇവിടെ പറവാൻ പോകുന്നതു്.

ആലത്തൂർ മുൻസിഫ്കോടതിയിൽ അണ്ണാസ്സാമി അയ്യർ എന്നു പേരായി ഒരു മുൻസിഫ് ഉണ്ടായിരുന്നു. അദ്ദേഹം കിഴക്കനായിരുന്നതിനാൽ തമിഴിലാണു് അധികം സംസാരിക്കുക പതിവു്. മലയാളംവശമില്ലായ്കയല്ല. ആജാനുബാഹുവായ അദ്ദേഹത്തെ എൻെറ ചെറുപ്പകാലത്തു കാണാനുള്ള യോഗവും എനിക്കുണ്ടായിട്ടുണ്ടു്. അദ്ദേഹം പെൻഷൻപററിയശേഷം പറളി സ്റ്റേഷനു സമീപമാണു താമസിച്ചിരുന്നതു്.

എന്നാൽ അദ്ദേഹത്തിനു് ഒരു ചിത്തപ്രകൃതി ഉണ്ടായിരുന്നു. വിചാരണഗുമസ്തന്മാരെയും മററും ബെഞ്ചിൽ നിന്നുകൂടിയും 'കഴുതേ' എന്നു വിളിക്കുന്ന ഒരു സ്വഭാവം.

പാലക്കാട്ട നെററീവ്ഹൈസ്ക്കൂരം ഹെഡ്മാസ്റ്ററായിരുന്ന കുലപതിപരമേശ്വരയ്യർ അവർകരം വിദ്യാത്ഥികളെ ക്ലാസ്സിൽവെച്ചു് Stupid Idiot എന്നു വിളിച്ചിരുന്നപോലെയും കോഴിക്കോട്ട് കല്ലായി സ്റ്റാൻഡേഡ് മരകമ്പെനിയിലെ (Kallai Furniture Works) മാനേജരായിരുന്ന കൃഷ്ണമേനോൻ ബി. ഏ. അവർകരം തൻെറ കീഴ്ജീവനക്കാരെ 'കുരങ്ങാ' എന്നു വിളിച്ചിരുന്നപോലെയും. അതിലൊന്നും ആൎക്കും അപ്രിയമുണ്ടായിരുന്നില്ല എന്നുമാത്രമല്ല അവർ ഇരുപേരെയും പരക്കെ ബഹുമാനിച്ചുമാണു വന്നിരുന്നതു്.

ആലത്തൂർ കോടതിയിൽ അക്കാലത്തു ഗോപാലറാവു എന്ന പേരായ വിസ്താരഗുമസ്തനുണ്ടായിരുന്നു. ഞാനും അദ്ദേഹവുമായി കോഴിക്കോട്ടിരിക്കുമ്പോരം പരിചയപ്പെട്ടിട്ടുണ്ടു്. അദ്ദേഹം പറഞ്ഞ കഥയാണു് ഇവിടെ ചിത്രീകരിക്കുന്നതു്.

ബെഞ്ചിൽനിന്നു 'കഴുതേ' എന്നും മററും വിളിക്കുന്നതിൽ പ്രതിഷേധം രേഖപ്പെടുത്തുവാൻ അന്നവിടെ ഉണ്ടായിരുന്ന ഗുമസ്തന്മാർ എല്ലാവരുംകൂടി തീച്ചയാക്കി, അതിനുള്ള അവസരവുംകാത്തിരുന്നു. എന്തോ ഒരു സംഗതിയെ മുന്നിട്ട് ഗോപാലറാവുവിനെ പതിവുപോലെ 'കള്ളതേ' എന്നു വിളിച്ചു. അദ്ദേഹം അരിശംപൂണ്ടു മുഖവും വീർപ്പിച്ചു്, മേശപ്പുറത്തുള്ള റിക്കാഡുകളെ അവിടെത്തന്നെ ഇട്ടേച്ചുംവെച്ചു് 'ആനാ കളുതയേ വേല ശെയ്യട്ടും' എന്നും പറഞ്ഞു് ബെഞ്ചിൽനിന്നു് ഇറങ്ങിപ്പോയി. അക്കാലത്തു റിക്കാഡുകരം ഇരിക്കുന്നതു ജഡ്ജിയുടെ മേശപ്പുറത്തും വിചാരണ ഗുമസ്തന്മാരുടെ സീററ പ്ലാററഫാറത്തിനു് ഇടതുഭാഗത്തായുമായിരുന്നു. വിചാരണ ഗുമസ്തന്മാർ ആയിരുന്നു സാക്ഷിക്കസ്സ്റ്റീത്തുകരം മലയാളത്തിൽ എഴുതി എടുത്തിരുന്നതു് എന്നുകേട്ടിട്ടുണ്ടു്. പുതുതായി

മുൻസിഫ്ജോലിയിൽ നിയമിച്ചവരാണെങ്കിൽ കസ്സീത്തു ഇംഗ്ലീഷിൽ എഴുതി എടുപ്പാൻ ഹൈക്കോടതിയിൽനിന്നു് അവക്കു അനുവാദം കിട്ടുന്നതുവരെ വിചാരണ ഗുമസ്തന്മാരായിരുന്നു മലയാളത്തിൽ കസ്സീത്തു് എഴുതി എടുത്തിരുന്നതു എന്ന സംഗതി എനിക്കും അനുഭവമാണു്. പക്ഷെ ചുവട്ടിലുള്ള. സീററിൽ ഇരുന്നുംകൊണ്ടായിരുന്നു അതു് എന്നൊരു വ്യത്യാസമേ ഉണ്ടായിരുന്നുള്ളൂ. പിന്നീടുള്ളപതിവു ജഡ്ജിമാർ കസ്സീത്തുകൾ ഇംഗ്ലീഷിൽ എഴുതിയെടുക്കും. അതു തുറന്ന കോടതിയിൽവെച്ചു വായിക്കുന്നതോടുകൂടി വിസ്താരഗുമസ്ഥന്മാർ സാക്ഷിയെ തർജ്ജമചെയ്തു കേൾപ്പിക്കും. ഇതായിരുന്നു നിയമവും അന്നത്തെ സമ്പ്രദായവും. ഇപ്പോഴും ആ നിയമം നിലവിലുണ്ടു്. നടപ്പിലുണ്ടോ എന്നകാര്യം സംശയമാണു്.

റാവു ബെഞ്ചിൽനിന്നു് എണീററുപോയതുനിമിത്തം മററു ഗുമസ്തന്മാരിൽ ഓരോരുത്തരെ ബെഞ്ചിലേക്കു ക്ഷണിച്ചു. ആരുംതന്നെ വന്നില്ല. എൻെറ രണ്ടു മഹാരസികന്മാർ എന്ന ബുക്കിൽ പറയുന്ന കാക്കോടകൻപട്ടരെപ്പോലെയുള്ള കരിങ്കാലികൾ അന്നവിടെ ഉണ്ടായിരുന്നില്ല. കോടതി നിശ്ശബ്ദമായി. വക്കീലന്മാർ മുഖത്തോടു മുഖംനോക്കി ഇരിപ്പായി.

മുൻസിഫ്അവർകൾക്കു ഉടനെ ഒരു യുക്തിതോന്നി. തൻെറ എഴുത്തുപെട്ടിതുറന്നു. അതിൽ നിക്ഷേപിച്ചിരുന്ന ഇരുപത്തിയഞ്ചു റുപ്പികയുടെ ഒരു കമ്മീഷൻകല്പന പുറത്തെടുത്തു. മുൻസിഫ്അവർകൾ എന്താചെയ്യുന്നതെന്നു ഗുമസ്തന്മാർ പററിനോക്കുകയായിരുന്നു എന്നുപറയേണ്ടതില്ലല്ലോ. ബെഞ്ചിൽനിന്നു റാവുവിൻെറ മുഖത്തേക്കു തിരിഞ്ഞിരുന്നു് 'കള്ളതെ, ഇങ്കെ വാ' എന്നു പറഞ്ഞു ആ കല്പന കൈയിൽ പിടിച്ചുകൊണ്ടു്. അതു് അദ്ദേഹത്തിനു സല്ക്കരിച്ചു. 'ഇതാ ഒന്നുംകൂടെ വേണമാ കള്ളതെ'

എന്നുപറഞ്ഞു് 15 ക-യുടെ ഒന്നുംകൂടെ ഇട്ടുകൊടുത്തു. 'ഇനി നാലു കളുതക്കു കൂപ്പിട്ടാലും പറവായില്ലെ' എന്നു പറഞ്ഞു റാവു രംഗപ്രവേശം ചെയ്തു. ഇങ്ങിനെ സരസന്മാരും ദയാശാലികളുമായ മേലധികാരികൾ അക്കാലത്തു ധാരാളമുണ്ടായിരുന്നു.

കോടതി ഉദ്യോഗസ്ഥന്മാർ കമ്മീഷൻ കല്പനകൾ നടത്തുമ്പോൾ മേലധികാരിയെ ഭയന്നു് അവരവരുടെ കൃത്യം ശരിയാംവണ്ണം പരിപാലിച്ചു വന്നിരുന്നു എന്നും രണ്ടാം കമ്മീഷൻ അയയ്ക്കേണ്ടുന്ന ആവശ്യം അന്നുണ്ടായിരുന്നില്ല എന്നും ഉള്ള സംഗതി ഇവിടെ സ്മരണീയമാണു്. ഇപ്പോൾ ആക്ഷേപമില്ലാത്ത കമ്മീഷൻ കണക്കുകൾ ചുരുങ്ങും എന്ന സംഗതിയും പരക്കെ അറിവുള്ളതാണു്.

---



VIII

# കോമട്ടി സാക്ഷി

കാലം കുറെ കഴിഞ്ഞിരിക്കുന്നു. ഒരറുപതുകൊല്ലംമുമ്പു നടന്ന സംഭവമാണ് ഇവിടെ പറവാൻ പോകുന്നതു്. പൊന്നാനി മുൻസിഫ്കോടതിയിൽ ഒരു കേസ്സ്; അവിടത്തെ ബ്രാഹ്മണസമൂഹംവക. പരദേശബ്രാഹ്മണരുടേതാണ് ആ സമൂഹം. സമൂഹക്കാരുടെ പരദേവതയാണു ശാസ്താവ്. ശബരിമലയിൽ കുടികൊള്ളുന്ന അയ്യപ്പനെയാണു ശാസ്താവ് എന്ന പേരിൽ പരദേശബ്രാഹ്മണർ ആദരിച്ചു വരുന്നതു്. ഇങ്ങിനെയുള്ള സമൂഹങ്ങൾ മലബാറിലും കൊച്ചി–തിരുവിതാംകൂറിലും ഇന്നും ധാരാളമായി കാണാം. ഇവയുടെ നിത്യച്ചിലവിനു ധാരാളം ഭൂസ്വത്തുക്കൾ ഓരോരുത്തർ നീക്കിവെച്ചിട്ടുണ്ടു്. അവയിൽ നിന്നുള്ള ആദായംകൊണ്ടാണു പൂജാദികൾ മുട്ടാതെ നടന്നുവരുന്നതു്.

പൊന്നാനി സമൂഹത്തിൽ ഒരു വഴക്കു വന്നുചേർന്നു. സമൂഹക്കാർ രണ്ടുകക്ഷിയായി പിരിഞ്ഞു. കോടതിയിൽ കേസ്സ് കാലുകുത്തി. അതൊരു ഒച്ചപ്പെട്ട വ്യവഹാരമായും കലാശിച്ചു.

കാര്യമായി തെളിയേണ്ടുന്ന സംഗതി ഇതായിരുന്നു:—വെള്ളിത്തളികയിൽ വെററില പാക്ക്, നാളികേരം, പൂവ്, കുറെപ്പണം ഇതെല്ലാം ആരോ കൊണ്ടുവന്നു സമൂഹമഠത്തിൽ പുൽപായിൽ ഇരുന്നിരുന്ന തലവന്മാരുടെ മുമ്പിൽവെച്ചുകൊടുത്തു. ആ തളിക പ്രഥമമായി എടുത്തതു് ഏതുതലവനാണ് എന്നാണു തെളിയേണ്ടുന്ന വാദമുഖം. അന്നുപൊന്നാനിയിൽ അഭിഭാഷകവൃത്തി

ചെയ്തിരുന്ന ഒരുവന്ദ്യവയോധികനായിരുന്നു ഇതു തെളിയിപ്പാനുള്ള സാക്ഷി; അദ്ദേഹം ഒരു ബ്രാഹ്മണോത്തമനായിരുന്നു. എന്റെ ചെറുപ്പകാലത്തു ഞാൻ അദ്ദേഹത്തെ കണ്ടിട്ടുമുണ്ട്. അദ്ദേഹത്തെ കൂട്ടിൽകയററി സത്യബോധപ്പെടുത്തിയതിന്നുശേഷം ചോദിച്ചതിന്നുള്ള മൊഴിക്ക് അദ്ദേഹത്തിന്റെ ഉത്തരം എന്താണെന്നു അറിവാൻ നിങ്ങൾക്കു കൗതുകമുണ്ടാവാം 'അതുഞാനത്ര ശ്രദ്ധിച്ചുനോക്കിയില്ല' എന്നായിരുന്നു.

സാക്ഷിയുടെമൊഴികേട്ടതും മുൻസിഫ് അവർകൾ തന്റെ കണ്ണടഎടുത്തു മേശപ്പുറത്തുവച്ചു സാക്ഷിയെ അടിമുടി ഒന്നുനോക്കി. എന്നിട്ട് ഇപ്രകാരം ഒരു അഭിപ്രായവും പാസ്സാക്കി. That is what I sa "K. O. M. O. T. T. I"

എന്താണീ കോമട്ടിസാക്ഷിയെന്നുപറഞ്ഞാൽ 'ഇതിന്റെ ഉത്ഭവം എവിടന്നാണ്' എന്നു വായനക്കാക്കറിയണമെങ്കിൽ അതും ഇവിടെ സംക്ഷേപിച്ചുപറയാം.

രണ്ടാൾകൂടി ഒരു കുളങ്ങരയിൽനിന്ന് ഒരു ചില്ലറ സംഗതിക്കായി വാക്കേററമുണ്ടാകുന്നു. വാക്കുമൂത്തു അടിതടിയിൽഅവസാനിക്കുന്നു. from words they came to blows. ആ സമയം വെള്ളത്തിൽ മുങ്ങുവാൻ വട്ടംകൂട്ടുന്ന ഒരു കോമട്ടി മാത്രമാണ് അവിടെയുണ്ടായിരുന്നത്. വൈശ്യന്മാരെയാണു സാധാരണ കോമട്ടിയെന്നു പറയാറ്, ആവലാതി മജിസ്ത്രേട്ടുകോടതിയിലെത്തി. ഇതുകണ്ടത് ആരാണ് എന്നു തെളിയിക്കുവാനുള്ള സാക്ഷിയെ കൂട്ടിക്കൊണ്ടുവരുവാൻ പറഞ്ഞു. വൈശ്യനെ കൂട്ടിക്കൊണ്ടുവന്നു. അവനു രണ്ടാളെയും കുററപ്പെടുത്തുവാൻ വയ്യെന്ന് ഒരു തോന്നലുണ്ടായിരുന്നതിനാൽ അവന്റെ മൊഴി ഇപ്രകാരമായിരുന്നു.

"ഞാൻ വെള്ളത്തിൽനിന്നു മേൽകഴകുമ്പോാം ഇവ രിരുവരും കരയിൽനിന്നു ഒന്നുംരണ്ടുംപറഞ്ഞു കയ്യാങ്കളിക്കു വട്ടംക്രൂട്ടുകയായിരുന്നു. ഞാനൊന്നു മുങ്ങിയപ്പോാം അടി യുടെഒച്ചകേട്ടതു ശരിയാണ്. പക്ഷെ ആരു് ആരെ അടിച്ചു എന്നു് എന്നാൽ പറവാൻ സാദ്ധ്യമല്ല"

ഇമ്മാതിരി സാക്ഷിപറയുന്ന ക്രൂട്ടരെ ഇന്നും ധാരാളം നമുക്കു കാണാം.

IX

# കൊളമ്പുകാരൻ

ഇതു കെട്ടുകഥയോ ഐതിഹ്യമോ അല്ല. കുറെക്കാലം മുമ്പു നടന്ന ഒരു സംഭവം. ഞാനറിഞ്ഞതു് അതേ പ്രകാരം പറയുകയല്ലാതെ, പൊടിപ്പും തൊങ്ങലും ചേൎത്തു നിറം കാച്ചുവാൻ എനിക്കു വശത ഉണ്ടെങ്കിലും ഞാനതു ചെയ്തിട്ടില്ല.

ഇമ്പിച്ചി എന്നതു് ഒരു ബ്രാഹ്മണൻെറ പേരല്ലെന്നു തീൎത്തു പറയാം. പിന്നെയോ? നായരോ തീയനോ മുസ്ലിംമോ ആരെങ്കിലുമാവാം. പുറമേ ഹിന്ദുക്കളിൽ ആണിന്നും പെണ്ണിന്നും ചില സമയം മുത്തു എന്നും തങ്കമണി എന്നും നാമകരണം വരുന്നതുപോലെ. അതിനാൽ നമ്മുടെ കഥാനായകൻ ഒരു പുരുഷനാണെന്നു വ്യക്തമാക്കേണ്ടതായി വന്നിരിക്കുന്നു.

വളരെ പാവപ്പെട്ട ഒരു കുടുംബത്തിലായിരുന്നു ഇമ്പിച്ചിയുടെ ജനനം. ആദികാലത്തു കാലക്ഷേപത്തിനു ചുമടെടുത്തു് കിട്ടുന്ന കാശുകൊണ്ടു കഴിച്ചുകൂട്ടിയിരുന്നുവത്രെ. അങ്ങിനെയിരിക്കെ കച്ചവടത്തിൽ കണ്ണുവെച്ചുതുടങ്ങി. കച്ചവടം ചെയ്യാനുള്ള മോഹമുണ്ടെങ്കിലും അതിനുള്ള മുടക്കുമുതലിന്നു യാതൊരു വഴിയും കണ്ടിരുന്നില്ല.

കോഴിക്കോട്ടു തളിയിലുള്ള കിഴക്കെ നടയിൽ ഒരു ബ്രാഹ്മണമഠത്തിൽ അരിച്ചാക്കു് ഇറക്കി കൊടുക്കുകയായിരുന്നു ഇമ്പിച്ചി ദിവസം ഒന്നിനു് ഉറുപ്പികക്കു് അരയണ പലിശക്കു് ഉപായകച്ചവടക്കാൎക്കു കടംകൊടുക്കുന്ന ഒരു ശാസ്ത്രിഗൃഹിജൻെറ മഠത്തിലായിരുന്നു അരിച്ചാക്കു് അന്നി

റക്കിയത്. ആ സമയം ഒന്നുരണ്ടുപേർ തലേദിവസം വാങ്ങിയ രണ്ടും മൂന്നും ഉറുപ്പിക മേൽപ്രകാരം പലിശ കൂട്ടി കൊടുക്കുന്നതും അന്നുതന്നെ ആവശ്യമുള്ള പണം അവധിപറഞ്ഞു വാങ്ങുന്നതും കഥാനായകൻ കണ്ടു. അവർ പിരിഞ്ഞുപോയെന്നുവരികിലും ഇമ്പിച്ചി പോയില്ല. അവിടെ ചുററിപ്പററിക്കൂടുകയാണു ചെയ്തതു്. തന്റെ ഉള്ളിലുള്ള 'ആശ' സ്വാമിയെ അറിയിപ്പാനുള്ള വെമ്പൽകൊണ്ടു് അവിടെ കാത്തുനില്ക്കുകയായിരുന്നു. ശാസ്ത്രികൾ ചോദിച്ചു: 'എന്താ, ഇമ്പിച്ചീ! പറയൂ. കൂലി പോരെന്നുണ്ടോ. പതിവുപോലെയുള്ള കൂലി ഞാൻ തന്നുവല്ലോ' എന്നു്. അപ്പോഴവൻ തന്റെ അന്തർഗ്ഗതം വിനയപുരസ്സരം ബോധിപ്പിച്ചു. തലച്ചുമടെടുത്തു കുഴങ്ങിയെന്നും ഉപായത്തിൽ ഒരു കറിക്കായക്കച്ചവടമോ മററോ ചെയ്തു കാലക്ഷേപാകഴിച്ചാൽ കൊള്ളാമെന്നൊരു മോഹമുണ്ടെന്നും, ഇത്തിരി നേരത്തെ ഒന്നുരണ്ടുപേൎക്കു് ഒത്താശചെയ്തപോലെ മൂന്നോ നാലോ ഉറുപ്പിക വായ്പകിട്ടിയാൽ മുതലും പലിശയും പിറേറദിവസം മടക്കികൊടുക്കാമെന്നും. ഏതായാലും ഒരു ഉറുപ്പിക ശാസ്ത്രികൾ കടംകൊടുത്തു പ്രത്യേക താക്കീതോടുകൂടി. ഉടനെ 'എവിടന്നോ പാളയത്തിലേയ്ക്കു വരുന്ന ചുമട്ടുകാരിൽനിന്നു കുറെ കറിക്കായ് വാങ്ങി ബ്രാഹ്മണരുടെ മഠങ്ങളിൽ കൊണ്ടുചെന്നു വിററു് ഒരു ഉറുപ്പിക നാലണ സമ്പാദിച്ചു. പിറേറന്നാൾ കാലത്തു് ശാസ്ത്രികൾക്കു് പറഞ്ഞപ്രകാരം ഒരു ഉറുപ്പികയും അരഅണയും കൊണ്ടുവന്നു കൊടുത്തു. കച്ചവടം ചെയ്തതു് ഇന്നവിധമാണെന്നു പടച്ചോനെ ആണയിട്ടു ശാസ്ത്രികളെ ബോദ്ധ്യപ്പെടുത്തി. അദ്ദേഹത്തിനു വളരെ സന്തോഷമായി. അന്നും പിറേറന്നും ഓരോ ഉറുപ്പികയേ ശാസ്ത്രികൾ കൊടുത്തുള്ളു. ഒരാഴ്ച കഴിഞ്ഞതോടെ നാലും അഞ്ചും വാങ്ങിക്കൊണ്ടുപോയി. പറഞ്ഞുവെച്ച സമയത്തിനു കണിശമായി മുതലും പലിശയും മടക്കിക്കൊടുത്തുകൊ

KOTTAYAM PUBLIC LIBRARY KOTTAYAM.

ണ്ടിരുന്നു. അങ്ങനെ ശാസ്ത്രികളുടെ ഒരു വിശ്വാസ ഇടപാടുകാരനായിത്തീൎന്ന നമ്മുടെ ഇമ്പിച്ചി.

കാലം മറിഞ്ഞുവരുന്നു. സത്യം പരിപാലിച്ചുവരുന്ന ഇമ്പിച്ചിക്ക് ഒരിക്കൽ അയ്മ്പതുറുപ്പികയാണ് ശാസ്ത്രികൾ അരമനസ്സോടുകൂടി കൊടുത്തതു്. ഏതോ ഒരു ചന്ത സ്ഥലത്തേക്കു പോകയാണെന്നും, ഒരു സമയം ഒന്നോ രണ്ടോ ആഴ്ച താമസമുണ്ടാവാമെന്നും ശാസ്ത്രികളോടു പറഞ്ഞു് അനുവാദം വാങ്ങിയാണു പോയതും. ആഴ്ച മൂന്നു നാലു കഴിഞ്ഞു. ഇടപാടുകാരൻെറ വരവു കാണാഞ്ഞ പ്പോൾ ശാസ്ത്രികളുടെ വയറു കാളിത്തുടങ്ങി. കുടിയിൽ ചെന്നു് അന്വേഷിച്ചു. കെട്ടിയവൾക്കുമില്ല യാതൊരു വിവരവും. അവളും നന്നെ വ്യസനിച്ചു് ഇരിക്കയായിരുന്നു. പക്ഷേ ഒരുമാസത്തെ കഞ്ഞിക്കുള്ള വക കൊടുത്തുപോയിരുന്നു. മാസങ്ങൾ ആറോ ഏഴോ കഴിഞ്ഞു.

ഒരുദിവസം ഉച്ചയ്ക്കു് കൊളമ്പിൽനിന്നു് ഒരു കത്തു്, ശാസ്ത്രികൾ കയ്പ്പററി. അതു വായിച്ചുനോക്കിയതിൽ തൻെറ പഴയ ഇടപാടുകാരൻ ഇമ്പിച്ചിയുടേതാണെന്നു മനസ്സിലായി. സ്വാമിയോടു മാപ്പു ചോദിച്ചുകൊണ്ടുള്ള ഒന്നായിരുന്നു അതു്. ചില കച്ചവടക്കാരൊന്നിച്ചു സിലോണിലേക്കു കപ്പൽ കയറുവാൻ താൻ പെട്ടെന്നു പ്രേരിതനായെന്നും വന്നേടത്തു പടച്ചവൻ സഹായിച്ചു നാലുകാശു കിട്ടുവാനുള്ള വഴിയുണ്ടായി എന്നും താമസിയാതെ കോഴിക്കോട്ടേക്കു വന്നു സ്വാമിയുടെ മുതലും പലിശയും നേരിൽ തരുന്നതാണെന്നുമായിരുന്നു കത്തിലെ സാരം. എഴുത്തുകണ്ടു് സ്വാമിക്കു് ബോദ്ധ്യമായില്ല. വേഗം ഇമ്പിച്ചിയുടെ കുടിയിലേക്കു ചെന്നു. അവിടെയും ഇതുപോലെ വരുന്നവിവരത്തിന്നു് ഒരു കത്തുണ്ടായിരുന്നതു് അവരും കാണിച്ചുകൊടുത്തു. 'ഈശ്വരോ രക്ഷതു്' പാടുപെട്ടു സമ്പാദിച്ച മുതലാണു്. ആരെയും അപഹ

രിച്ചു സമ്പാദിച്ചതൊന്നുമല്ല. തളിയിലെ തേവർ സഹായിച്ചാൽ ഒരു ഉദയാസ്തമനം കഴിച്ചേക്കാം എന്നു ക്ഷേത്രമുററത്തു വന്നു പ്രാൎത്ഥിച്ചുകൊണ്ടാണു മഠത്തിൽ മടങ്ങിയെത്തിയതു്.

പിന്നീടും കഴിഞ്ഞു മൂന്നോ നാലോ മാസം. യാതൊരു വിവരവുമില്ല. ഇരുമ്പു കുടിച്ച വെള്ളം എവിടെന്നു കിട്ടാനാ എന്നദ്ദേഹം ഓൎക്കായ്കയുമില്ല. ഒരു ദിവസം കാലത്തു സിൽക്കുകുപ്പായവും മാപ്പിളത്തൊപ്പിയുമിട്ടു മുണ്ടു് എടത്തോട്ടുടുത്തു കറുത്ത താടിയുമായി ഒരു സുന്ദരപുരുഷൻ ശാസ്ത്രികളുടെ മഠത്തിന്റെ പടിപ്പുരയ്ക്കൽ എത്തി. ഒന്നിച്ചു പട്ടുകുടപിടിച്ചു് സാരിയുമുടുത്തു് മുഖം പകുതി മൂടിയ ഒരു തരുണിയുമുണ്ടായിരുന്നു. ഒന്നിച്ചുള്ള വാലിയക്കാരന്റെ കയ്യിൽ ഒരു വെള്ളിത്തളികയും അതിൽ വെററിലപാക്കു്, ആറഞ്ചിപ്പഴം, നാളികേരം മുതലായ സാമാനങ്ങളും ഉണ്ടായിരുന്നു. അപരിചിതരായ ആരോ ചിലർ വീട്ടുതെററി വന്നിരിക്കുന്നു എന്നാണു് അവരെ പ്രഥമമായി കണ്ട ശാസ്ത്രികളുടെ അമ്മ്യാർ ധരിച്ചതു്. ആരോ കാണാൻ വന്നിരിക്കയാണെന്നു തോന്നുന്നു എന്നു ഭൎത്താവിനെ അറിയിച്ചു. അദ്ദേഹം പുറത്തുവന്നു. പുറത്തുവരേണ്ട താമസം ആ വെള്ളിത്തളികയെ സ്വാമിയുടെ മുമ്പിൽവെച്ചു് വന്നവർ ഒരു 'വെച്ചുനമസ്കാരം' തന്നെ ചെയ്തു. ആരായാലും ശരി എന്നു ശാസ്ത്രികൾ സമാധാനിച്ചു. 'ദീൎഘായുഷ്മാൻ ഭവ ദീൎഘസുമംഗലീ ഭവ' എന്നദ്ദേഹം ആശീർവദിച്ചു. അവർ എണീററു സ്വാമിയുടെ മുമ്പിൽ തൊഴുകയ്യോടെ നിന്നു. അദ്ദേഹത്തിനു അവരെ ആദ്യം മനസ്സിലായില്ല. ആകൃതികൊണ്ടും പ്രകൃതികൊണ്ടും ഇമ്പിച്ചി ആളൊന്നു മാറിയിരിക്കുന്നു. അവരെ ഒന്നുംകൂടി സ്വാമി മനസ്സിരുത്തി ആലോചിച്ചുനോക്കി. ഉടനെ 'ഇമ്പിച്ചി അല്ലെ ഇതു്'? എന്നു പ്രശ്നം ചെയ്തു.

അതെ എന്നു പറയേണ്ട താമസം സ്വാമിയുടെ കണ്ണിൽ നിന്നു ബാഷ്പധാര തെരുതെരെ വീണുതുടങ്ങി.

അവരെ സല്ക്കരിക്കാൻ തന്റെ മഠത്തിൽ കസാല കളൊന്നും ഇല്ലായ്കയാൽ വേഗം പുല്ലുപായ കൊണ്ടുവന്നു വിരിച്ചു അതിലിരിക്കണം എന്നപേക്ഷിച്ചു. വന്നവർ ഇരുന്നില്ല. എന്നാൽ ഞാനും ഇരിക്കയില്ലെന്നു പറഞ്ഞു സ്വാമി എഴുന്നേററു. അവർ ശാസ്ത്രികളെ ഒന്നുകൂടി തൊഴുതു് അവിടെ ഇരുന്നു. തന്റെ വിദേശയാത്രയേയും തനിക്കുവന്ന നല്ല കാലത്തേയും കുറിച്ച് വിവരിച്ചു. തന്റെ അഭിവൃദ്ധിക്കു കാരണഭൂതൻ ശാസ്ത്രികളാകയാൽ അനുഗ്രഹത്തെ ഒരു കാലത്തും, തന്റെ ജീവിതകാലത്തു് മറക്കുകയില്ലെന്നും പറഞ്ഞു് ആ വെള്ളിത്തളികസ്വീകരിക്കേണമെന്നു് അപേക്ഷിച്ചു.

മുമ്പു വാങ്ങിയിരുന്ന മുതൽ അയ്മ്പതു റുപ്പികയും അതിന്നു പറഞ്ഞുവെച്ചപ്രകാരമുള്ള പലിശയും കണക്കാക്കി പുറമെ ഒരു പച്ചനോട്ടും കൂടുതൽവച്ചു് സ്വാമിക്കു സല്ക്കരിച്ചു. "സ്വപ്നമോ മായയോ മന്മതിഭ്രാന്തിയോ" എന്നു ശാസ്ത്രികൾക്കു തോന്നിപ്പോയതിൽ എന്താണു് ആശ്ചര്യം? ശാസ്ത്രികൾ അവരെ മനസാ വാചാ കർമ്മണാ അനുഗ്രഹിച്ചു് പറഞ്ഞയച്ചു. പോകുമ്പോൾ ഇമ്പിച്ചി ഒരപേക്ഷകൂടി ചെയ്തു. അടുത്തു് വീടരേയുംകൂട്ടി കൊളമ്പി ലേയ്ക്കു പോകുന്നതാണെന്നും, ഇടയ്ക്കിടയ്ക്കു കോഴിക്കോട്ടേക്കുവരുമ്പോൾ കാണണമെന്നും, വിവരം മുൻകൂട്ടി അറിയിക്കുന്നതാണെന്നും പരസ്പരമുള്ള സ്നേഹബന്ധം ഇരുവരുടേയും അന്ത്യകാലംവരെ നിലനില്ക്കേണമെന്നുംപറഞ്ഞാണു് പിരിഞ്ഞതു്.

പിന്നീട്ടു മൂന്നു നാലു പ്രാവശ്യം ഇമ്പിച്ചിമുതലാളി കോഴിക്കോട്ടേക്കു വരികയുണ്ടായി എന്നും അപ്പോഴെല്ലാം ശാസ്ത്രികൾചെന്നു മുഖം കാണിക്കുകയുണ്ടായി എന്നും

ഓരോ തവണയും രണ്ടും മൂന്നും പവനും നല്ല വേഷ്ടികളും ശാസ്ത്രികൾക്കു മുതലാളി സസന്തോഷം സല്ക്കരിച്ചു എന്നും ശാസ്ത്രികൾതന്നെ എന്നോടു ഒരു ദിവസം പറകയുണ്ടായി.

ഇതുപോലെയുള്ള സത്യസന്ധന്മാർ ഇന്നു ലോകത്തിൽ ആയിരത്തിൽ ഒന്നുകൂടി കാണുമോ എന്നാണു് എൻെറ വിനീതമായ പ്രശ്നം.

---

X

# വാസുനമ്പ്യാർ

ഗുരുവായൂക്കു തൊഴാൻചെല്ലുന്ന ഭക്തജനങ്ങളുടെ ദൃഷ്ടിയിൽ നമ്മുടെ നമ്പ്യാരെ കാണാതിരിക്കയില്ല. എന്നാൽ ഇദ്ദേഹം ഒരു ഭേദപ്പെട്ട തറവാട്ടിലെ അംഗമാണെന്നു അറിവുള്ളവർ ചുരുങ്ങും. വളരെ ചെറുപ്പം മുതൽ ഈശ്വരഭക്തിയിൽ ലയിച്ചുപോയതിനാൽ ഗുരുവായൂർ ക്ഷേത്രത്തിൽ ഭജനംചെയ്തു ഗുരുവായൂരപ്പൻെറ നിർമ്മാല്യ ദശനം മുതൽ പള്ളിയുറപ്പുവരെ ക്ഷേത്രോപവാസം ചെയ്തും അമ്പലത്തിലെ ഉണക്കച്ചോറുമാത്രം ഒരു തേക്കിലയിൽ വാങ്ങി അതു ഉപ്പും കപ്പൽ മുളകും സ്വല്പംചേർത്തു ഒരുനേരം ആഹാരംകഴിച്ചു് വിശപ്പടക്കിയുമായിരുന്നു അദ്ദേഹത്തിൻെറ ജീവ തരീതി. ഇക്കാണായതെല്ലാം ഗുരുവായൂരപ്പനാണെന്നും താനും ഒരു ഗോപകുമാരനാണെന്നും ഉള്ള ധാരണ വന്നുപോയിരുന്നു. അതിനാൽ കൗപീനമാത്രധാരിയായി ഒരു നാറപ്പട്ടിൻെറ കഷണംമാത്രം ബ്രാഹ്മണരുടെ യജ്ഞോപവീതംപോലെ ധരിച്ചു് അതിൽ ഒരു കാശി ചെമ്പു് കോർത്തുകെട്ടി കഴുത്തിൽ അണിഞ്ഞു് തലയിൽ കുറെ മയിൽപീലികൾ കൂട്ടിക്കെട്ടി കളിച്ചുനടക്കുക യായിരുന്നു ആ മഹാൻ ചെയ്തുവന്നിരുന്നതു്.

ചെറിയ കുട്ടികളെ അദ്ദേഹത്തിന്നു വലിയ കാര്യമായിരുന്നു. കാണുന്ന കുട്ടികളെല്ലാം യാദവവംശജരാണെന്നുള്ള തോന്നൽ വന്നുപോയതിനാൽ അവർ എന്തു വികൃതി കാണിച്ചാലും അവരോടൊത്തു സമ്മേളിക്കുക അദ്ദേഹത്തിൻെറ പ്രകൃതിയായിരുന്നു.

എന്നാൽ പ്രായംചെന്ന പുരുഷന്മാർ ആരെങ്കിലും നമ്പ്യാരെ എന്നു വിളിച്ചാൽ കേട്ടഭാവം നടിക്കാതെ തര

മുണ്ടെങ്കിൽ മാറിക്കളയും. കുട്ടികൾ ചെന്നു, നമ്പ്യാരെ! ഭൃംഗങ്ങളുടെ ശബ്ദം എങ്ങനെ? എന്നു ചോദിച്ചാൽ കഥകളിയിൽ കാണുന്ന വണ്ടിന്റെ വരവും അതിന്റെ മൂളലും അതിരമ്യമായി അഭിനയിച്ചു കാണിക്കും. അതുപോലെ തന്നെ മയിലാട്ടം മുതലായ കലകളും. ചില സമയം ചിറയിൽചെന്നു വളരെനേരം മുങ്ങിയും പൊങ്ങിയും ആറ്റാടിക്കും. നട്ടുച്ചവെയിലത്തു പൊള്ളുന്ന കരിങ്കൽ പടിയിൽ ചെന്നുകിടന്നു സുഖമായി നിദ്രചെയ്യും. ഇങ്ങനെ പല ദിവ്യതാങ്ങളുംകാണിച്ച് കാലക്ഷേപം ചെയ്തുവരുന്ന വാസുനമ്പ്യാരെ ഗുരുവായൂക്ക് തൊഴാൻ ചെല്ലുമ്പോൾ ഞാൻ പലതവണ കണ്ടിട്ടുണ്ടായിരുന്നു.

ഒരു ദിവസം ഗുരുവായൂർ നടയ്ക്കൽവെച്ചു രണ്ടു കക്ഷികൾതമ്മിൽ ഒരു അടിപിടിക്കേസുണ്ടായി. നമ്പ്യാരും അവിടെ അടുത്തെങ്ങാനുണ്ടായിരുന്നു. എങ്കിലും ഈ ലഹളയിലൊന്നും അദ്ദേഹം ശ്രദ്ധിച്ചിരുന്നില്ല എന്നു പറയേണ്ടതില്ലല്ലോ. ഏതായാലും ഒരു ദൃക്സാക്ഷിയുടെ നിലയ്ക്ക് ഒരു കക്ഷി സമൻസ് അയപ്പിച്ചു. സമൻസ് വന്നാൽ കോടതി കയറാതെ കഴിയുമോ? നമ്പ്യാർ തന്റെ പതിവുപോലെയുള്ള വേഷവിധാനങ്ങളോടുകൂടി ചാവക്കാട്ടു മജിസ്ട്രേട്ടുകോടതിയിൽ ഹാജരായി.

നമ്പ്യാരോടു വക്കീലന്മാർ ചോദ്യമായും എതിർ ചോദ്യമായും എന്തൊക്കെയോ ചോദിച്ചു. ചോദിച്ചതിന്നായിരുന്നില്ല അദ്ദേഹത്തിന്റെ മറുപടി. ഒക്കെയും തക്ക ത്തരംതന്നെ. സാധാരണയായി വക്കീലന്മാർ സാക്ഷികളോട് ഒടുവിൽ ഒരു ചോദ്യം പതിവുണ്ടല്ലോ. നിങ്ങൾക്ക് എന്തു മുതലുണ്ടെന്നു്? ഇതും എതിർ ചോദ്യങ്ങളുടെ കൂട്ടത്തിൽ ഒരു വക്കീൽ തട്ടിവിട്ടു. ലക്ഷം ഉറപ്പികയുടെ മുതലുണ്ടെന്നായിരുന്നു നമ്പ്യാരുടെ മറുപടി. ഇതു കേട്ട സമയം വക്കീൽ വിചാരിച്ചു സാക്ഷിയെ ഒന്നു മുട്ടുകുത്തിക്കാമെന്ന്.

വക്കീൽ:—പണം എവിടെയാ നിക്ഷേപിച്ചിരിക്കുന്നതു്?

സാക്ഷി:—എൻെറ ദേഹത്തിൽത്തന്നെ.

വക്കീൽ:—പണം എപ്പോഴും കൈയിൽ കൊണ്ടുനടക്കുക യാണോ പതിവു്?

സാക്ഷി:—അതെ.

വക്കീൽ:—അതൊന്നു കാണിച്ചുതരാമോ?

സാക്ഷി:—ഓഹൊ. ഇതാ, ഇതിലുണ്ടു് എന്നു പറഞ്ഞു് കക്ഷത്തിൽ കെട്ടിയിരുന്ന ആ പാത്രം എടുത്തു കാണിച്ചു.

വക്കീൽ—അതു് ഒരു ഒഴിഞ്ഞ പാത്രമാണല്ലോ?

സാക്ഷി:—അതേ, ഈ പാത്രത്തിനു ലക്ഷം ഉറുപ്പിക യാണു വില. അതിൽ ഒരു ചില്ലി ചുരുക്കി ഞാൻ വില്ക്കുകയില്ല. ഇതു കേട്ടതും കോടതി അടക്കം എല്ലാവരും ചിരിച്ചു.

"ആരെങ്കിലും തമ്മിൽ തല്ലിയാൽ അതു നോക്കി കൊണ്ടിരിക്കയോണോ എനിക്കു ജോലി. നിങ്ങൾക്കു വേണ മെങ്കിൽ ഗുരുവായൂരപ്പനെ സാക്ഷികൊടുക്കാമായിരു ന്നില്ലെ? എന്നും പറഞ്ഞു നമ്പ്യാർ ക്കൂട്ടിൽനിന്നിറങ്ങി.

വിചാരണ ഗുമസ്തൻ:—നമ്പ്യാക്കുള്ള സാക്ഷിച്ചിലവു കോട തിയിൽ കെട്ടിയിരുപ്പുണ്ടു്. ഹെഡ് ഗുമസ്തനോടു ചോദിച്ചാൽ കിട്ടും.

നമ്പ്യാർ:—ഹെഡ് ഗുമസ്തൻെറ ചിലവിലല്ല ഞാൻ കഴി ഞ്ഞുകൂടുന്നതു്? പോവിൻപിള്ളരേ, എന്നും പറഞ്ഞു് നമ്പ്യാർ ഒരു നടകൊടുത്തു.

ഇയ്യിടെ ഗുരുവായൂരിൽ ചെന്ന സമയം നമ്പ്യാരെ അന്വേഷിച്ചതിൽ കണ്ടില്ല. പ്രായാധിക്യത്താൽ ആദ്ദേ ഹത്തിൻെറ ദേഹി ഗുരുവായൂരപ്പനിൽ ലയിച്ചിരിക്കാം. എന്നാണു് എൻെറ ഊഹം.

# ആമിനോട്ട തോററ ചീഫ് ജഡ്ജി

മലയാള വായനക്കാരായ വയോവൃദ്ധന്മാരിൽ ആരെങ്കിലും, നമ്മുടെ ആമിൻ രാമനാഥൻപട്ടരെ കണ്ടവരുണ്ടോ എന്നറിയുന്നില്ല. സുമാർ തൊണ്ണൂറുവയസ്സായിരുന്ന അദ്ദേഹത്തെ ഞാൻതന്നെ കണ്ടതു് നാല്പത്തിയഞ്ചുകൊല്ലം മുമ്പാണു്. അദ്ദേഹത്തിൻെറ ജാതകത്തിൽ ക്രമാതീതമായ ആയുസ്സ ബ്രഹ്മദേവൻ കൊടുത്തില്ലായിരുന്നുവെങ്കിൽ ആമിൻ സ്വാമിയുടെ കാലം ഇപ്പോഠം കഴിഞ്ഞുകാണണം.

'ആമിൻ' എന്നു പറഞ്ഞാൽ അങ്ങാടിമരുന്നോ പച്ചമരുന്നോ എന്നു് അന്വേഷിക്കുന്നവർ ഇല്ലെന്നു ഞാൻ വിചാരിക്കുന്നു. സിവിൽ ഡിപ്പാർട്ടുമെൻറിൽ ഒരു ജോലിയാണു് ആമിൻ.

വിധിക്കടം പിരിഞ്ഞുകിട്ടുവാൻ കോടതിയിൽനിന്നയയ്ക്കുന്ന കല്പനകഠം അനുസരിച്ചു ജപ്തിചെയ്യുക, പണ്ടം, പാത്രം മുതലായവയെ കരസ്ഥജപ്തിചെയ്യുക, ഗൃഹങ്ങളേയോ മററു സ്ഥാവരസ്വത്തുക്കളേയോ കോടതിവിധിക്കനുസരിച്ചു് യഥാൎത്ഥ ഉടമസ്ഥനു കൈയ്യേല്പിച്ചുകൊടുക്കുക, ഈവക കല്പനകഠം നിറവേററുന്നവരാണു് ആമിൻ. പിന്നീടുണ്ടായ നിയമാനുസരണം വിധിക്കടം വസൂലാവാനുള്ള വാറണ്ടുപ്രകാരം പ്രതികളെ കോടതിയിൽ ഹാജരാക്കുവാനും ചില പ്രത്യേക സംഗതികളിലും നിർദ്ദേശം ചെയ്യപ്പെട്ടിരുന്നു.

പാലക്കാട്ടു മുൻസിഫുകോടതിയിലായിരുന്നു രാമനാഥൻസ്വാമിക്കുജോലി. പന്ത്രണ്ടുറുപ്പിക മാസം ശമ്പളത്തിൽ മുപ്പത്തിഅഞ്ചുകൊല്ലം സർവ്വീസ്സിൽ ഇരുന്നശേഷം അടുത്തുൺപററിയിരുന്നതു ഞാനറിയും. ഈ പന്ത്രണ്ടു

രൂപ്പിക ശമ്പളംകൊണ്ടു് ഒരു കുടുംബച്ചിലവുകഴിഞ്ഞുകൂടിയിരുന്നുവോ എന്നൊന്നും നിങ്ങൾ അന്വേഷിക്കേണ്ട. ഇപ്പോൾ ഒരു പൂജ്യംകൂടിയ 120ക.യുള്ള ശമ്പളക്കാരനേക്കാൾ പൂജനീയനായിരുന്നു അദ്ദേഹം. അംശങ്ങൾക്കു പോകുമ്പോൾ കിട്ടാറുള്ള 'ചില്ലപാനം'കൊണ്ടു കുബേരന്മാരായവർ അന്നു ധാരാളം ഉണ്ടായിരുന്നു. ആമിൻമാർ അംശങ്ങളിൽ ചെന്നാൽ കക്ഷികൾ എന്തെങ്കിലും കയ്യ് മടക്കാറുണ്ടെന്നുള്ളതു പരസ്യമായ രഹസ്യമാണ്. ഇല്ലെങ്കിൽ അവർ എന്തെങ്കിലും തകരാറുവരുത്തിത്തീക്കുമെന്നുള്ളതും തീർച്ചയാണ്.

ഇനി കഥയിലേക്കു പ്രവേശിക്കട്ടെ. പാലക്കാട്ട് ഇരിക്കുന്നകാലത്തു ടൗണിലുള്ള ഒരു ചെറിയ പറമ്പ് ഒഴിപ്പിച്ചുകൊടുപ്പാനുള്ള കല്പന നമ്മുടെ സ്വാമിക്കു ചാർത്തിക്കിട്ടി. അതിലെ വിധിയുടമ കൊച്ചിസക്കാരിലെ ചീഫ് ജസ്റ്റിസ്സും ഒരു വലിയ ജന്മിയുമായിരുന്നു. ആ ജന്മിയുടെ കളപ്പുരയ്ക്കു തൊട്ടുപടിഞ്ഞാറു കിടക്കുന്ന സ്ഥലമാണ് വിധിപ്രകാരം നടത്തിക്കൊടുപ്പാൻ കല്പനയായിരിക്കുന്നതു്. എന്നുവെച്ചാൽ പടിഞ്ഞാറുള്ള റോഡിലേക്കു നേർവഴിക്ക് എത്തിച്ചേരണമെങ്കിൽ ഈ പറമ്പിൽക്കൂടിവേണം ഗതാഗതം ചെയ്യുവാൻ. അല്ലെങ്കിൽ വളഞ്ഞവഴിക്കു ചെന്നു ചേരാനേ നിവ്വാഹമുള്ളു. ആ പറമ്പുതന്നെ വളരെ വാശിയോടുകൂടി രണ്ടുകോടതി കയറിയശേഷമേ ഒഴിപ്പിച്ചുകിട്ടുവാൻ വിധിയായിട്ടുള്ളു.

ആമിൻ സ്ഥലത്തുവന്നു. ജസ്റ്റിയുടെ എതിരാളികൾ കേസ്സുകൾമൂലം വലഞ്ഞുപോകയാൽ തക്കംപറയാതെ ഒഴിഞ്ഞുപോയി. ആമിൻ സ്ഥലം പരിശോധിച്ചു പൂവ്വീകകയ്യശക്കാരായ കുടിയാന്മാരുടെ കയ്യിൽനിന്നു വസ്തു ഒഴിപ്പിച്ചു ജന്മിയുടെ കാൎയ്യസ്ഥന്നു കയ്യശം കൊടുത്തതായി റിക്കാഡാക്കി. കണക്ക് തെയ്യാറായശേഷം കളത്തിൽവന്നു കാ

ത്തിരിക്കുന്ന ചീഫ്ജസ്റ്റിസ്സ് അവർകളെ മുഖംകാണിപ്പാനായി ചെന്നു പഞ്ചപുച്ഛമടക്കിനിന്നു. കാര്യസ്ഥൻ ആമിനെ പരിചയപ്പെടുത്തി.

"എല്ലാം നേരായല്ലൊ; സന്തോഷം. സ്വാമിക്കു മുറുക്കുണ്ടെങ്കിൽ കഴിച്ചുപോവാം" എന്നു ചീഫ്ജസ്റ്റിസ്സ് ഉത്തരവായി. ആ സമയം കാര്യസ്ഥൻ ജഡ്ജിയുടെ കർണ്ണത്തിൽ മന്ത്രോപദേശം ചെയ്തു. "ആമീന്നു ഒരു മാമൂൽ ഉണ്ടെന്നു പറയുന്നു. ശേഷം ഇവിടുത്തെ ഇഷ്ടം പോലെ"എന്നു്.

അതുകേട്ടുകേൾക്കേണ്ടതാമസം "എന്തു് കൈക്കൂലിയോ? എന്തോടാ ചോദിക്കുന്നതു്? നീതിന്യായം പരിപാലിക്കുന്ന ഒരു ജഡ്ജിയോടു്. ആമിന്റെഉദ്യോഗം അസ്തമിക്കാറായെന്നു തോന്നുന്നു." എന്നു കോപാവേശത്തോടെ ഗർജ്ജിച്ചു. അതിന്നു് ആമിന്റെ മറുപടി വിനയപൂർവ്വം ഇപ്രകാരമായിരുന്നു. "ഇവടുന്നു കൊച്ചിയിലെ ചീഫ് ജഡ്ജിയാണെന്നു ഞാനറിയും. പക്ഷെ ഞാൻ തെക്കെ മലബാറിലെ ജില്ലാജഡ്ജിയുടെ കീഴിലാണു്" ഇത്രയും പറഞ്ഞു പട്ടർ പടികടന്നു.

പട്ടരുടെ ശുണ്ഠികണ്ടു് ജഡ്ജിക്കു പരിഹാസച്ചിരിയാണു് ഉണ്ടായതു്. ആമിൻ പടികടക്കേണ്ടതാമസം "ഇനി എന്താ വേണ്ടു്" എന്നുള്ള ആലോചനയായി. ഉടനെ ഒരു യുക്തിതോന്നി. നടത്തിയതായി തെയ്യാറാക്കിയിരുന്ന കണക്കിനെ അഗ്നിക്കു് ആഹുതിയാക്കി. വിധിയിൽപറയുന്ന സ്ഥലത്തിന്റെ അതിരും അളവും ശരിയല്ലെന്നും കക്ഷിയല്ലാത്ത ഒരു സ്ത്രീ തടസ്സം ചെയ്യുന്നുവെന്നും മറവും കാണിച്ചു് റിപ്പോർട്ടു തയ്യാറാക്കി. നാലണകൊടുത്തു തൽക്കാലം ഒരു തടസ്സക്കാരിയേയും സൃഷ്ടിച്ചു. ആമിന്റെ റിപ്പോർട്ടുപകർത്തു് വാങ്ങി നോക്കിയ ശേഷമാണു് ഈ

കിണ്ടംപിണഞ്ഞ വിവരം ചീഫ്ജസ്റ്റിസ്സിന്നു മനസ്സിലായതു്. ഉടനെ 'കുത്ര മമ ചന്ദ്രഹാസം' എന്നുപറഞ്ഞു വെളിച്ചപ്പെട്ടു. പക്ഷെ കാൎയ്യം പമ്പ കടന്നിരുന്നു.

തടസ്സംതീൎത്തു നടത്തുവാനും ആമിൻെറ റിപ്പോൎട്ടു ദുൎബ്ബലപ്പെടുത്തുവാനുമായി കോടതിയിൽ ഹൎജ്ജികൊടുത്തു. ആമിൻ തിരശ്ശീലയ്ക്കു പിന്നിൽനിന്നു ചൊല്ലിയാടി. എതിൎകക്ഷിയെക്കൊണ്ടു വാദിപ്പിച്ചു. ആ ഹൎജ്ജിയും പിന്നീടു സ്ഥാപനയ്ക്കു കൊടുത്ത വ്യവഹാരങ്ങളും അതിൻെറ അപ്പീലും രണ്ടാമപ്പീലും നമ്മുടെ ജഡ്ജിക്കു ദോഷമായി പരിണമിച്ചു എന്നു ചുരുക്കിപ്പറഞ്ഞാൽ മതിയല്ലോ. ഫീസ്സുകൂടി വാങ്ങാതെയുള്ള വക്കീലന്മാരുടെ സഹായം ഉണ്ടായിരുന്നതിനാൽ അനാവശ്യച്ചിലവെന്നുംകൂടാതെ നമ്മുടെ തടസ്സക്കാരിയും ജയിച്ചു. ഇല്ലെങ്കിൽ ആ രാജസിംഹത്തിനോടു് ഈ മാൻകിശോരത്തിന്നു് എങ്ങനെ പൊരുതുവാൻ കഴിയും? ഒടുവിൽ തടസ്സക്കാരിയെ വിളിച്ചു് ഈ സ്ഥലം തീറുതരുവാൻ ആവശ്യപ്പെട്ടു. നാലാം കാണുന്ന മൎയ്യാദവില തരാമെന്നും പറഞ്ഞു. ആമിൻസ്വാമിയോടു ചോദിക്കട്ടെ എന്നായിരുന്നു അവളുടെ മറുപടി. എന്തിന്നു്? നല്ലൊരു തുക കൊടുത്തു് ആ സ്ഥലം തീറുവാങ്ങി. ആമിനും ആ സ്ത്രീയുമായി ആയതു് ഓഹരിവെച്ചെടുത്തു എന്നു പറയേണ്ടതില്ലല്ലോ.

ചീഫ്ജസ്റ്റിസ്സ് മൂക്കിൽ വിരൽവച്ചു. ഒരു പാവപ്പെട്ട ആമിനോടു തൻെറ പൗരുഷം ഫലിച്ചില്ലല്ലോ എന്നു ഖേദിച്ചു. കൽഹാരപുഷ്പം പറിപ്പാൻ പുറപ്പെട്ട ഭീമസേനൻ ഒരു വൃദ്ധകരങ്ങിനോടു കൊമ്പുകുത്തിയ കഥ ഓൎത്തു് ഒടുക്കം സമാധാനിച്ചു. അന്നുമുതൽ കോടതിയിൽ നിന്നു വല്ല കാൎയ്യവുമായി ശിപായിമാർ വന്നാൽ അവൎക്കു് എട്ടണ കൊടുപ്പാനും ആമിൻമാൎക്കു രണ്ടു റുപ്പികയിൽ ചുരുങ്ങാത്ത ഒരു സംഖ്യ കാൎയ്യഗൗരവംപോലെ കൊടുപ്പാ

നാ കാൎയ്യസ്ഥനെ അധികാരപ്പെടുത്തി. ചീഫ്ജസ്റ്റിയുടെ കാലം കഴിഞ്ഞുവെങ്കിലും ഇപ്പോഴത്തെ തറവാട്ടുമാനേജർ ആ പതിവു തുടൻവരുന്നുണ്ടെന്ന് അനുഭവംകൊണ്ടു് എനിക്കറിവാൻ സാദ്ധ്യമായിട്ടുണ്ടു്.

# അജ്ജുനനും ആഞ്ജനേയനും

മഹാഭാരതം കഥയിൽ ദുര്യോധനാദികളോട്ട പോരിന്ന തുടങ്ങുന്നതിനുമുമ്പായി അജ്ജുനൻ ശ്രീ ഹനുമാനോട്ട സഹായത്തിനായി അപേക്ഷിക്കുന്നു. "പ്രഭഞ്ജന പ്രഭഞ്ജന പ്രവേഗതോഗ്രതോശതം......ജിഹീർഷുരാഹ ഹഷ്വാൻ" എന്ന ശ്ലോകം നോക്കുക. അതുപോലെ ഉത്തരാസ്വയംവരത്തിലും കാണുക: "തപനീയശൈലകമനീയവിഗ്രഹം...... ജഗാദ ഭഗ്നഭജഗാദരം ഹസം." എന്നാൽ ഹനുമാൻ യുദ്ധത്തിലൊന്നും പങ്കുകൊള്ളുന്നില്ല. എന്നാലോ, യുദ്ധാരംഭസമയത്തു കേൾക്കുന്ന "ഫൽഗുനരഥധ്വജേ ഹനുമദട്ടഹാസമതിഭീഷണം" ഇതിനെല്ലാം കാരണമെന്തായിരിക്കുമെന്നു ഞാൻ വിദ്യാൎത്ഥിയായിരുന്ന കാലത്തു് എൻെറ സംസ്കൃതമുൻഷിയായിരുന്ന ശ്രീമാൻ പാരമ്പത്തു രയിരുനായരോട്ട് ഒരിക്കൽ ചോദിക്കുകയുണ്ടായി. അദ്ദേഹം അന്നു് അനുഗ്രഹപൂൎവ്വം പറഞ്ഞ ഐതിഹ്യമാണു് ഇവിടെ എഴുന്നതു്. ഈയിടെ ഒരു സാഹിത്യസുഹൃത്തു് ഈ സംഗതിതന്നെ എന്നോട്ട ചോദിക്കുകയും ഞാനതു പറയുകയുമുണ്ടായി. അതാണു് ഈ ലേഖനം എഴുതുവാൻ ഞാൻ പ്രേരിതനായതു്.

അജ്ജുനൻ ഒരിക്കൽ തീൎത്ഥയാത്രയ്ക്കായി പുറപ്പെട്ടതും ആ സമയം സുഭദ്രയേയും ചില പാണ്ഡ്യരാജകുമാരികളേയും വിവാഹം കഴിച്ചതും ഭാരതത്തിൽ പറയുന്ന സംഗതികളാണല്ലോ. അങ്ങനെ ദേശാടനംചെയ്യുന്ന കൂട്ടത്തിൽ സേതുസ്നാനത്തിനായി രാമേശ്വരത്തു ചെന്നു. അവിടെയുണ്ടായിരുന്ന രാമസേതു കണ്ടു വിസ്മയിച്ചു. എങ്കിലും ഒരു സംശയം ഉണ്ടായില്ലെന്നില്ല.

"ഈ സേതുബന്ധനം കേമംതന്നെ. എന്നാൽ ഇതിനെ സൃഷ്ടിക്കുന്നതിന് ശ്രീരാമൻ വാനരവീരന്മാരെ ആശ്രയിച്ചതു് അത്ര പന്തിയായെന്നു തോന്നുന്നില്ല. ശ്രീരാമന് ഒരു ശരസേതു നിർമ്മിക്കാമായിരുന്നുവല്ലോ." എന്നുള്ള ഒരു ആലോചനയിൽ വന്നുചേന്നു. ഈ സംശയനിവൃത്തിക്കായി അവിടെ രാമായണപാരായണംചെയ്തുകൊണ്ടിരുന്ന ഒരു പണ്ഡിതൻെറ അടുക്കൽ ചെന്നു് ശ്രീരാമൻ അങ്ങനെ ചെയ്യാൻ കാരണമെന്തായിരിക്കുമെന്നു ചോദിച്ചു. ആ പണ്ഡിതനാകട്ടെ അവിടെയുണ്ടായിരുന്ന മററു ബ്രാഹ്മണക്കാകട്ടെ ഇതിനുത്തരംപറവാൻ സാധിച്ചില്ല.

അപ്പോൾ ഒരു കുട്ടിക്കുരങ്ങൻ എവിടന്നോ പാഞ്ഞുവന്നു് ഇപ്രകാരം പറഞ്ഞു:

"ശ്രീരാമൻ ശരസേതുവാണു നിർമ്മാണം ചെയ്തിരുന്നതെങ്കിൽ എൻെറ കാരണവന്മാർ അതിൽ കയറിയാൽ അതു് ഒടിഞ്ഞുപോകുമായിരുന്നു. അതുകൊണ്ടാണു് അദ്ദേഹം അങ്ങനെ ചെയ്യാതിരുന്നതു്."

അപ്പോൾ അർജ്ജുനൻ പറഞ്ഞു: "രാമസേതു ഒടിക്കാൻ ഏതു കുരങ്ങിന്നു സാധിക്കും? ഈ അല്പജ്ഞനായ ഞാൻ നിർമ്മിക്കുന്ന ശരസേതുവിനെപ്പോലും അവക്കു് ഒടിക്കുവാൻ സാദ്ധ്യമല്ലല്ലോ."

"നിങ്ങൾ എന്തിനാ വീരവാദം ചെയ്യുന്നതു്? നമുക്കു വേണമെങ്കിൽ ഒരുകൈ നോക്കാം. നിങ്ങൾ ഒരു ശരസേതു നിർമ്മിച്ചാൽ വാനരബാലനായ എന്നെപ്പോലും താങ്ങുവാൻ അതിന്നു ശക്തി മതിയാവുകയില്ല."

അവർതമ്മിൽ അങ്ങനെ ഒരു പന്തയംവച്ചു. അർജ്ജുനൻെറ ശരസേതുവിനെ വാനരബാലൻ ഒടിക്കുന്നപക്ഷം അർജ്ജുനൻ അഗ്നിയിൽചാടി ജീവത്യാഗം ചെയ്തുകൊള്ളാമെന്നും അല്ലാത്തപക്ഷം ആ വാനരബാലൻ എന്നും

അജ്ജുനൻെറ ദാസ്യം വഹിച്ചുകൊള്ളാമെന്നുമായിരുന്നു പന്തയം.

അജ്ജുനൻ ശരസേതു നിമ്മിച്ചു. വാനരബാലൻ അതിൽ കയറേണ്ട താമസം 'ഠിം' എന്നു മുറിഞ്ഞുവീണു. അജ്ജുനൻ വീണ്ടും ശ്രമിച്ചു. പക്ഷേ ഇത്തവണ വാനരബാലനു കുറെ ശ്രമം വേണ്ടിവന്നു എന്നു മാത്രം. എങ്കിലും സേതു ഒടിയാതിരുന്നില്ല.

സന്താനഗോപാലം കഥയിൽ അജ്ജുനൻ ഇളിഭ്യനായി അഗ്നികുണ്ഡം നിമ്മിച്ചു ചാടനൊരുമ്പെട്ടതുപോലെ ഇവിടേയും അതിനുള്ള ഒരുക്കങ്ങളെല്ലാം ചെയ്തു. എന്നാൽ തത്സമയം സേതുസ്നാനം ചെയ്തുകൊണ്ടിരുന്ന ഒരു ബ്രാഹ്മണബാലൻ ഓടിവന്നു് 'എന്താ സംഗതി?' എന്നു ചോദിച്ചു. അജ്ജുനൻ സംഗതി വിവരിച്ചു പറഞ്ഞു. അജ്ജുനൻെറ പുറപ്പാടു് ആക്ഷേപകരമാണെന്നും മദ്ധ്യസ്ഥനില്ലാതെയുള്ള പന്തയം ശരിയല്ലെന്നും ആ ബാലൻ മറുപടി പറഞ്ഞു. ഈ ബാലൻെറ വാക്കു ആർ പ്രമാണിക്കും എന്നു പറഞ്ഞു് അജ്ജുനൻ സത്യപരിപാലനത്തിനായി പിന്നേയും പുറപ്പെട്ടു. കൂടിയേകഴിയൂ എങ്കിൽ എന്നെ മദ്ധ്യസ്ഥനാക്കി വച്ചുകൊണ്ടു നിങ്ങൾ ഒന്നുംകൂടി മത്സരിക്കുക എന്നായി ആ ബാലൻ. എന്നിട്ടും നിങ്ങൾക്കു പരാജയമാണെങ്കിൽ അപ്പോൾ തീയിൽ ചാടുകയും ചെയ്യാമല്ലോ?

അങ്ങിനെ ഒരു മദ്ധ്യസ്ഥ തീർപ്പിൽ വന്നു. അജ്ജുനൻതന്നെ ജയിച്ചു. ഈ മത്സരത്തിൽ വാനരബാലൻ കഴിയുന്നതും ഒടിക്കാൻ ശ്രമിച്ചു; ഫലമുണ്ടായില്ല. ഒടുവിൽ 'സമുദ്ര സംലംഘന രൂപദർശനേ സമുൽസുകാ യാതി കഠോരഭീഷണം സമീരജന്മാപി സമീപവത്തിനേ സമീരജായാത്മതന്തുമദർശയത്" എന്നുള്ള ശ്ലോകം ചൊല്ലുമ്പോഴുള്ള വിശ്വരൂപവും എടുത്തു് ഒന്നു ചാടിനോക്കി.

ഒരു ഫലവുമുണ്ടായില്ല. ഉടനെ ബോധോദയം വന്നു. ശ്രീരാമചന്ദ്രാ എന്നുള്ള വിളിയോടുകൂടി മാദ്ധ്യസ്ഥം പറഞ്ഞു നില്ക്കുന്ന ആ ബാലന്റെ പാദങ്ങളിൽചെന്നു നമിച്ചു. അർജ്ജുനനും അതേസമയത്തു് "എന്റെ കൃഷ്ണാ" എന്നുച്ചരിച്ചുകൊണ്ടു് ആ ബാലനെ സാഷ്ടാംഗപ്രണാമം ചെയ്തു. ആ ബാലൻ ഹനുമാനു ശ്രീരാമനായും അർജ്ജുനനു ശ്രീകൃഷ്ണനായും തോന്നി എന്നു പറയേണ്ടതില്ലല്ലോ. ഹനുമാനു ശ്രീരാമനായി ദർശനം കൊടുത്ത സംഗതിയും ശ്രീകൃഷ്ണാവതാരത്തിലുള്ളതു് ഇവിടെ സ്മരണീയമാണു്.

ബാലനാകട്ടെ രണ്ടുപേരെയും കരംകൊടുത്തു് എഴുന്നേല്പിച്ചു് രണ്ടാളുടെയും ഗർവ്വം ഒന്നു അമർത്തിയശേഷം അർജ്ജുനന്റെ കൊടിയടയാളമായിരുന്നു സത്യം പരിപാലിപ്പാൻ ഹനുമാനോടു് ഉപദേശിച്ചു.

വാനരബാലൻ ആഞ്ജനേയനും ബ്രാഹ്മണബാലൻ ശ്രീകൃഷ്ണനുമായിരുന്നു എന്നു് എടുത്തു പറയേണ്ടതില്ലല്ലോ.

XIII

# ഉച്ചയ്ക്കുശേഷം പിച്ച

'ഭിക്ഷ' എന്നതിൻെറ തത്ഭവമാണ് 'പിച്ച.' അതിനു ധർമ്മം എന്നു അർത്ഥമുള്ളു.

മഹാഭാരതം കഥയിലെ നായകന്മാരായ പഞ്ചപാണ്ഡവന്മാർ എല്ലാവർക്കുംകൂടിയുള്ള ഒരു സഹധർമ്മിണിയായിരുന്നുവല്ലോ പാഞ്ചാലരാജകന്യ. ഭർത്താക്കന്മാർ തമ്മിൽ കശപിശ ഉണ്ടാവാതിരിപ്പാൻവേണ്ടി അവർ തമ്മിൽ ഊഴംവെച്ചു ഒരു ഏർപ്പാടുചെയ്തിരുന്നു. ഓരോരുത്തർ ഓരോ സംവത്സരം പാഞ്ചാലിയുമായി സല്ലപിച്ചുകൊള്ളണമെന്നും അക്കാലങ്ങളിൽ മററു സഹോദരർ മുൻകൂട്ടി അനുവാദംകൂടാതെ ഗൃഹാന്തർഭാഗത്തിൽ കടന്നുപോവരുതെന്നും ഒരു നിയമം ഉണ്ടായിരുന്നു. സംഗതിവശാൽ നിയമലംഘനം ചെയ്തുനിമിത്തമാണ് അർജ്ജുനന്നു തീർത്ഥയാത്ര ചെയ്യേണ്ടിവന്നതു് എന്നും അക്കാലത്താണ് സുഭദ്രയേയും അല്ലി, പവിഴക്കൊടി എന്ന പാണ്ഡ്യരാജകുമാരിമാരേയും വിവാഹംകഴിച്ചതു് എന്നും പുരാണം വ്യക്തമാക്കുന്നു.

അങ്ങനെ ധർമ്മപുത്രരും പാഞ്ചാലിയുമായി ഗൃഹസ്ഥാശ്രമത്തിൽ ഇരിക്കുന്ന കാലം. ഭീമസേനൻ ഗേററിൽ കാവൽക്കാരൻ, അർജ്ജുനാദികൾ രാജധാനി രക്ഷിച്ചുകൊണ്ടും ഭരണകാര്യങ്ങളിൽ വലിയേട്ടനെ സഹായിച്ചുകൊണ്ടും കഴിഞ്ഞുകൂടുകയാണ്.

ആ ഭരണകാലത്തു സാധുക്കൾക്കു പിച്ചകൊടുക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. എന്നാൽ അതിരാവിലെമുതൽ മദ്ധ്യാഹ്നംവരെ മാത്രമാണ്. ധർമ്മപുത്രർ ആസ്ഥാനമണ്ഡപത്തിൽ വന്നിരിക്കുക. തൻെറ കൈകൊണ്ടു തന്നെ ധർമ്മം കൊടുക്കുകയാണ് പതിവു്.

ഗേററിൽ കാവലാളിയായ ഭീമസേനൻ കൃ സിസ്റ്റത്തിൽ ആളുകളെ അകത്തേക്കു പറഞ്ഞയയ്ക്കും.

ഒരു ദിവസം ഒരു ഭിക്ഷക്കാരൻവന്നതു് ഉച്ചയ്ക്കുശേഷമായിരുന്നു. വന്ന വിദ്വാനു ഭീമസേനൻ അകത്തേക്കു പ്രവേശനം നൽകി. യാചകൻ ധർമ്മപുത്രരെക്കണ്ടു തൊഴുതു. സമയം അതിക്രമിച്ചുപോയതിനാൽ നാളെ കാലത്തുവരൂ എന്നായിരുന്നു ധർമ്മപുത്രരുടെ മറുപടി. ആ വാർത്തയും കേട്ട് യാചകൻ പുറത്തുപോകുമ്പോൾ ഭീമസേനൻ കാര്യം മനസ്സിലാക്കി. അല്പനേരത്തേക്കു് ആ യാചകനോടു് അവിടെ ഇരിക്കുവാൻ പറഞ്ഞിട്ട് പിന്നെച്ചെയ്തതു് എന്താണെന്നല്ലേ.

ഭീമസേനൻെറ ഇരിപ്പിടത്തിനു സമീപം ഒരു വലിയ കൊടിമരവും അതിൻെറ മുകളിൽ ഭീമാകാരമായ ഒരു മണിയുമുണ്ടു്. ആ മണി തെരുതെരെ ഒന്നു ശബ്ദിപ്പിച്ചു. രാജ്യത്തിൽ വിശേഷവിധിയായി വല്ല സംഭവവും ഉണ്ടായാലോ, ശത്രുക്കൾ ആരെങ്കിലും കടന്നുവരുന്നതായി തോന്നിയാലോ മാത്രമാണു് ഈ മണി മുട്ടുക പതിവു്. ധർമ്മപുത്രർ ഉടനെ ഭീമസേനനെ വിളിപ്പിച്ചു; വിശേഷവിധിമണി മുട്ടുന്നതിൻെറ കാരണം എന്താണെന്നറിവാൻ. ഭീമസേനൻെറ മറുപടി ഇപ്രകാരമായിരുന്നു.

"ഇതിലധികം വിശേഷവർത്തമാനം നമുക്കെന്താണു് അറിവാനുള്ളതു്? നാളെക്കാലത്തു വരാൻ ആ യാചകനോടു പറഞ്ഞിട്ടുണ്ടല്ലോ. "മരണദിവസവും ശിരസ്സിലാക്കി ധരണീതലം പ്രവിശന്തി മാനുഷന്മാർ" എന്നുള്ള ആപ്തവാക്യം ഇരിക്കെ നാളെ ഉച്ചവരെ എൻെറ ഈ ജ്യേഷ്ഠനും ആ വന്ന യാചകനും ജീവിച്ചിരിക്കുമെന്നു തീർച്ചയായല്ലോ. ആ സന്തോഷവാർത്ത അറിഞ്ഞതിനാലാണു മണിമുട്ടിച്ചതു്."

ധർമ്മപുത്രർ ഇതു കേട്ടു മൂക്കിൽ വിരൽവെച്ചു തന്റെ ബുദ്ധിഹീനതയെ വിചാരിച്ചു സ്വയം ലജ്ജിച്ചു. വേഗം ആ യാചകന്റെ പിന്നാലെഓടി വിളിച്ചുകൊണ്ടു് വരുവാൻ ഒരാളെ ഏർപ്പാടുചെയ്യാൻ പറഞ്ഞു. ഗോറിൽ ആ യാചകനെ നിർത്തിയിട്ടാണു താൻ വന്നതെന്നു ഭീമസേനൻ പറഞ്ഞതിനാൽ ആ വിദ്വാനെ വിളിച്ചുവരുത്തി പതിവിലധികം ഭിക്ഷ കൊടുക്കുകയും സമയനിയന്ത്രണം ദുർബ്ബലപ്പെടുത്തുകയും ചെയ്തു.

KOTTAYAM PUBLIC LIBRARY KOTTAYAM

* * * *

തന്നെപ്പോലെ ധർമ്മിഷ്ഠനില്ലെന്നൊരു ഭാവം ഒരിക്കൽ ധർമ്മപുത്രർക്കുദിച്ചു. ഭഗവാൻ ശ്രീകൃഷ്ണൻ അതു മനസ്സിലാക്കി, ആയതു കളയണമെന്നും മനസ്സാ ഉറച്ചു.

പാതാളത്തിൽ മഹാബലി എന്നൊരു രാജാവുണ്ടെന്നും അദ്ദേഹത്തെ ചെന്നു കാണുന്നതു് ആവശ്യമാണെന്നും ഭഗവാൻ ധർമ്മപുത്രരെ പ്രേരിപ്പിച്ചു. രണ്ടുപേരുംകൂടി പാതാളലോകത്തിൽ ചെന്നു് മഹാബലിചക്രവർത്തിതിരുമേനിയെ കണ്ടു. അദ്ദേഹം രത്നസിംഹാസനം കൊടുത്തു് അവരെ ഇരുത്തി; അർഘ്യപാദ്യാദികൾകൊണ്ടു സ്വീകരണം നല്കി. കുശലമദ്ധ്യേ ഒന്നിച്ചു വന്നിരിക്കുന്നതു് ആരാണെന്നു ഭഗവാനോടു് ബലിചക്രവർത്തി ചോദിച്ചു. ഇന്ദ്രപ്രസ്ഥത്തിലെ ഇപ്പോഴത്തെ രാജാവാണെന്നും പഞ്ചപാണ്ഡവന്മാരിൽ ജ്യേഷ്ഠനാണെന്നും പേരുപോലെതന്നെ വളരെ ധർമ്മിഷ്ഠനാണെന്നും "സമ്പത്തിങ്കലുമാപത്തിങ്കലുമെൺപത്തെട്ടുസഹസ്രം ബ്രാഹ്മണർ" അദ്ദേഹത്തെ ആശ്രയിച്ചു പാർത്തുവരുന്നുണ്ടെന്നും ഭഗവാൻ പറയേണ്ട താമസം, ബലിചക്രവർത്തി തന്റെ മുഖമൊന്നു തിരിച്ചു.

"ബ്രാഹ്മണർ അവരുടെ നിത്യവൃത്തിയൊന്നും സമയം പോലെ ചെയ്യാതെ കുടുംബങ്ങളെ സ്വന്തം ഗൃഹത്തിലിരുത്തി ഇങ്ങനെ അലഞ്ഞുനടക്കേണ്ടിവരുന്നതു് അവരുടെ ദാരിദ്ര്യംകൊണ്ടാണെന്നു വ്യക്തമാണല്ലോ എന്നാണു് മഹാബലി പറഞ്ഞുതുടങ്ങിയതു്. എന്റെ ഭരണകാലത്തു് ഒരു ശ്രാദ്ധം ഊട്ടണമെങ്കിൽ ഒരു ബ്രാഹ്മണനെ കിട്ടാൻ വളരെ വിഷമിച്ചിരുന്നു. അവരവർക്കു സുഖമായി കഴിയാനുള്ള വക ഉണ്ടായിരുന്നതിനാൽ യാചനയ്ക്കു പോകേണ്ട ആവശ്യമുണ്ടായിരുന്നില്ല. ഇദ്ദേഹം ധർമ്മിയല്ല; അധർമ്മിയാണു്. എനിക്കു കാണേണ്ട ആവശ്യമില്ല." ധർമ്മപുത്രർ ഇതു കേട്ട് സലജ്ജോഹം അഭിനയിച്ചു എന്നു പറയേണ്ടതില്ലല്ലോ.

ഈ കഥകളിൽനിന്നു നാമെന്താണു മനസ്സിലാക്കേണ്ടതു്? വായനക്കാർതന്നെ അവരവരുടെ അഭിപ്രായം രേഖപ്പെടുത്തട്ടെ.

ധർമ്മപുത്രർ രണ്ടു പ്രാവശ്യം ത്യജിച്ചപ്പോ
ഴേക്കും മഹാബലി ദേവന്മാരിൽ ആയി
എന്നെന്നും മനസ്സിലാക്കണം.

# കാലടി നമ്പൂതിരിയും പൊതിയിൽ ചാക്യാരും

പൊതിയിൽചാക്യാർമാരെ സംബന്ധിച്ച് കേട്ട കേൾവി ഇല്ലാത്തവർ ചുരുങ്ങും. അതിലും വിശേഷിച്ച രാമച്ചാക്യാർ അതിസരസനമായിരുന്നു. അദ്ദേഹത്തിൻെറ ഫലിതങ്ങൾ ഒരിക്കൽ കേട്ടാൽമതി ആജീവനാന്തം മറക്കുകയില്ല. ഒരു കഥയങ്ങു പറഞ്ഞുതുടങ്ങിയാൽ അതിലെ ശ്ലോകാൎത്ഥം പറയുന്നക്കൂട്ടത്തിൽ സഭാവാസികളെ ചൂണ്ടി കളിയാക്കി പറയുന്നതു ചാക്യാർമാരുടെ കുലധൎമ്മമാണ്. അതിന്നു പഠിപ്പുമാത്രംപോരാ ഒരു പ്രത്യേക രസവാസന തന്നെവേണം. അങ്ങനെയുള്ള കളിയാക്കൽ ഇല്ലെങ്കിൽ അതിന്നൊരു സാരസ്യവുമില്ല. അങ്ങിനെ തമാശയാക്കുന്നതിനെ ആരെങ്കിലും പ്രതിഷേധിച്ചാൽ ചാക്യാർ ഉടനെ മുടി അഴിച്ച കൂത്തുപറയുന്നതു അവസാനിപ്പിക്കും.

ചാക്യാർക്കൂത്തു കാണാൻചെന്നാൽ ഞാൻ മുൻചന്തിയിൽ സ്ഥലംപിടിക്കുകയാണു പതിവ്. എന്നാലെ ചാക്യാർ എന്തെങ്കിലുംസന്ദർഭത്തിൽ എന്നെ കളിയാക്കി പറയുന്നതു കേൾക്കാൻ എനിക്കു അവസരം കിട്ടുകയുള്ളൂ. എനിക്ക് ഒരുകാലത്തു ധാരാളം കുടവയറ് ഉണ്ടായിരുന്നു. സ്വല്പം കോങ്കണ്ണ് ഇന്നുമുണ്ട്. അതു സംബന്ധിച്ച് എന്നെ കളിയാക്കുന്നതു് എനിക്കു സന്തോഷവുമാണ്. ഇപ്പോൾ ആ കലതന്നെ തീരെ അസ്തമനപ്രായത്തിൽ എത്തിയിരിക്കുന്നു. അമ്പലങ്ങളിലോ സഭാമണ്ഡപങ്ങളിലോ ബ്രാഹ്മണരുടെ വസതികളിലോവച്ച മാത്രമായിരുന്നു ഒരുകാലത്തു് കൂത്തു നടത്തിയിരുന്നതു്. കാല

വൈപരീത്യത്താൽ ഇപ്പോൾ ചാക്യർക്കൂത്തു തീരെ ഇല്ലാതായി എന്നു പറയാറായിട്ടില്ലെങ്കിലും ചാക്യാർമാൎക്കുള്ള ഉപജീവനമാൎഗ്ഗം ഇല്ല തായിത്തീരുകനിമിത്തം അമ്പലങ്ങളിൽ എന്നുള്ളതുപോയി ഇപ്പോൾ എവിടേയുമാവാം എന്നു കലാശിച്ചിരിക്കയാണു്. അഞ്ചാറുകൊല്ലംമുമ്പു് ഇവിടെ മദ്രാസ്സിലുള്ള മലയാളി ക്ലബ്ബിൽവച്ചും മ്യൂസിയം തിയേററിൽവച്ചും കൂത്തുപറയൽ ഉണ്ടായതു ഇതിന്നു സാക്ഷ്യം വഹിക്കുന്നു. അതിലും ഒരു പുതുമ കൂത്തിന്നു് ഏർപ്പാടു ചെയ്തവർ പറഞ്ഞിരുന്നുവത്രെ, സഭാവാസികളെ കളിയാക്കുന്നതു് ആവശ്യമില്ലെന്നു്. അതിനാൽ ആ അരങ്ങുകൾ ഒരു മുഷിപ്പൻ രംഗമായിട്ടാണു് എനിക്കു തോന്നിയതു്.

ഇനി പ്രകൃതത്തിലേക്കു പ്രവേശിക്കട്ടെ. അന്നൊരു ദിവസം രാമച്ചാക്യാർ കഥപറവാൻതുടങ്ങി. കഥ സീതാന്വേഷണം. അംഗദൻ, ഹനുമാൻ മുതലായ വാനരപ്രവൃത്തികൾ കടൽക്കരയിൽവന്നു സമുദ്രലംഘനംചെയ്വാൻ ആലോചിക്കയാണു്. അപ്പോൾ അവരുടെ മുമ്പിൽ ഒരു കാലടി പതിഞ്ഞുകാണുന്നു. സ്വല്പംമുമ്പു് ആ വഴിക്കു് ആരായിരിക്കും നടന്നുപോയിരിക്കുക എന്നാലോചനതുടങ്ങുന്നു. മനുഷ്യരുടെ കാലടിയല്ല; മൃഗങ്ങളുടെയുമല്ല. പിന്നേയോ ഒരു കുരങ്ങന്റെ കാലടിയാണെന്നാണു തോന്നുന്നതു്. ഏതു കുരങ്ങന്റേതായിരിക്കാം ഈ കാണുന്ന കാലടി? ഈ കുരങ്ങന്റേതന്നെയാണു് എന്നുപറഞ്ഞു് അരങ്ങത്തുണ്ടായിരുന്ന കാലടിനമ്പൂതിരിയെ വീണ്ടും വീണ്ടും കളിയാക്കി. നമ്പൂതിരിക്കു വല്ലതും പറവാൻ തരമുണ്ടോ. ക്ഷമിച്ചിരുന്നു തലയുംതാഴ്ത്തി.

അമ്പലത്തിൽ ഉത്സവകാലമായിരുന്നതുകൊണ്ടു് പിറേറന്നും കൂത്തുണ്ടായിരുന്നു. നമ്പൂതിരി ഒരു സരസനും പോന്ന ആളുമാണു്. ചാക്യാരെ ചെണ്ടകൊട്ടിക്കാൻ നമ്പൂതിരിയും തീർച്ചയാക്കി.

മിഴാവുകൊട്ടിത്തുടങ്ങുന്നതിന്നുമുമ്പായി അരങ്ങത്തു തന്നെ വേറൊരു ഭാഗത്തിരുന്നു ചാക്യാർ വേഷം അണിയുകയാണല്ലോ പതിവ്. കൂത്തുകാണാൻപലരും വന്നിരിക്കുന്ന കൂട്ടത്തിൽ നമ്മുടെ കാലടിനമ്പൂതിരിയും മുൻപന്തിയിൽവന്നു് ഇരുന്നിരുന്നു. സ്വല്പം അകലെ വിളിച്ചാൽ വിളികേൾക്കാൻ തക്കനിലയിൽ, തന്റെ കാര്യസ്ഥൻ കണ്ടപ്പൻ നായരേയും നില്പാൻ ഏർപ്പാടു ചെയ്തിരുന്നു. കാര്യസ്ഥന്റെകയ്യിൽ ഒരു പൊതിയും കൊടുത്തിരുന്നു. മുറുക്കാനുള്ള പൊതിയായിരിക്കുമെന്നു വായനക്കാർ ശങ്കിക്കേണ്ട; പിന്നേയോ?

മിഴാവു കൊട്ടിത്തുടങ്ങുന്നതിനു് രണ്ടു മൂന്നു നിമിഷം മുമ്പായി കാലടി 'കണ്ടപ്പാ' എന്നു വിളിച്ചു. 'അടിയൻ' എന്നവനും വിളികേട്ടു. പൊതി ഇങ്ങുതാ എന്നു നമ്പൂതിരി. കാര്യസ്ഥൻ ഒരു പൊതി നമ്പൂതിരിയുടെ കയ്യിൽ കൊടുത്തു. നമ്പൂതിരി പൊതിഅഴിച്ചു; അതിൽനിന്നു് രാമച്ചമാണു പുറത്തു ചാടിയതു്. അല്ലാ, കണ്ടപ്പാ, ഈ പൊതിയിൽ രാമച്ചാക്കിയതു് ഏതു കഴുതയാ എന്നു കാലടി നമ്പൂതിരി ചാക്യാരും മററും കേൾപ്പാൻതക്കവണ്ണം നാലഞ്ചുപ്രാവശ്യം വിളിച്ചുപറഞ്ഞു. കാലടിയുടെ പ്രയോഗം കണ്ടു വേഷംകെട്ടിക്കഴിയാറായിരുന്ന ചാക്യാരും കൂടി പൊട്ടിച്ചിരിച്ചുപോയി. രസജ്ഞർക്കാണല്ലോ രസം അനുഭവിപ്പാൻ സാധിക്കുക. അമ്പട രസികാ എന്നു പറഞ്ഞു് ചാക്യാർ മൂക്കിൽ വിരൽവെച്ചു.

ചാക്യാർക്കൂത്തിന്റെ അനന്തരവനാണല്ലോ ഓട്ടംതുള്ളൽപ്രസ്ഥാനം. നല്ല തുള്ളല്ക്കാരനാണെങ്കിൽ അവനും സാധിക്കും ഈ മാതിരിപ്രയോഗങ്ങൾ. എന്റെ അനുഭവങ്ങളിൽ ഒന്നു രേഖപ്പെടുത്താം.

ഇവിടെ പെരമ്പൂരിൽ ഡാക്ടർ കരുണാകരന്റെ ബംഗ്ലാവിൽവച്ചു് ആറേഴുകൊല്ലംമുമ്പു് ഒരു തുള്ളൽ നടന്നു.

കഥ കിരാതം. രാത്രി ഏഴരമണിയോടുകൂടിയാണ മലബാർ രാമൻനായർ രംഗപ്രവേശം ചെയ്തത്. താളമേളങ്ങളോടുകൂടി, സമയം ഏട്ടരയാവുകയാണ്. തുള്ളൽ അങ്ങനെ രസംപൈതുകിവരികയാണ്.

"ഓരോ ദിവസമോരോ
ഘോഷംവിശേഷിച്ചുണ്ടാം
കണ്ണൻപഴവും പൊന്നിൻ
കിണ്ണം നിറച്ചുപാലും
വെണ്ണയും നല്ലചോറും
ഉണ്ണാതെ പോകുന്നെന്തേ"

എന്നു പറയുന്ന സന്ദർഭം. തുള്ളൽ കാണാൻവന്ന ഒരു മാന്യ അതിഥി ഡാക്ടരോടു യാത്രപറഞ്ഞു സഹധർമ്മിണിയോടുകൂടി പുറപ്പെടുകയാണ്. തുടങ്ങി അതിന്റെ തുടർച്ചയായി "ഉണ്ണാതെ പോകുന്നെന്തേ പൊണ്ണാ വന്നാലു"മെന്നു്, ഈ ചരണം ആവർത്തിച്ചാവർത്തിച്ച് അതിഥിയെച്ചൂണ്ടി കയ്യുകൊണ്ടു വിളിച്ചുതുടങ്ങി. സഭാവാസികൾ ഹസ്തതാഡനം ചെയ്തതിൽ എന്താണ് ആശ്ചര്യം.

ഇങ്ങനെയുള്ള കഥകളെ പുനർജ്ജീവിപ്പിക്കേണ്ടതു നമ്മുടെ കടമയാണെന്നാണു ഞാൻ പറയുന്നത്.

---

XV

# പാൎത്ഥസാരഥിപ്പിള്ള

പാലക്കാട്ടുള്ള മുൻസിഫ്കോടതി പണ്ടുണ്ടായിരുന്നതു് ഇപ്പോഴത്തെ മുൻസിപ്പൽ ഹൈസ്ക്കൂളിനു തെക്കായും കൊല്ലങ്കോട്ടുപാലസ്സിൻെറ വടക്കായുമുള്ള ഒരു ചെറു ബംഗ്ലാവിൽ ആയിരുന്നു. ഞാനറിയുന്ന കാലത്തു് അതായതു്, എൻെറ വിദ്യാൎത്ഥിജീവിതകാലത്തു അതൊരു ഫാറസ്റ്റ്ആഫീസ്സായി മാറിയിരുന്നു. അപ്പോൾ ഈ കഥ നടന്നകാലം ഒരു നൂറുകൊല്ലം മുമ്പാണെന്നു കരുതിക്കൊള്ളണം. അനുഭവസ്ഥൻ ഞാനല്ല. എൻെറ വന്ദ്യപിതാവായിരുന്നു. അച്ഛൻ ആ കോടതിയിൽ അന്നൊരു ഉദ്യോഗസ്ഥനായിരുന്നു. കഥാസംഗതി അച്ഛൻ പറഞ്ഞതാണ് ഇവിടെ എഴുതുവാൻ പോകുന്നതു്.

ഇദ്ദേഹത്തിൻെറ ഇട്ടപേർ പാൎത്ഥസാരഥി എന്നല്ല; പരമേശ്വരൻ എന്നായിരുന്നു. എന്നാൽ കുതിരസ്സവാരിയിലുള്ള സാമൎത്ഥ്യംനിമിത്തം ചില സ്നേഹിതർ പാൎത്ഥസാരഥി എന്നു കളിയാക്കി വിളിച്ചുവന്നു; ഒടുവിൽ അതു പേരായി കലാശിച്ചതാണ്.

പാൎത്ഥസാരഥിപ്പിള്ള അന്നു പാലക്കാട്ടു മുൻസിപ്പായിരുന്നു. വെള്ളാളശൈവനാണു ജാതിയിൽ. പോരെങ്കിൽ വീരശൈവരെന്നഭിമാനിക്കുന്ന ജാതിയിൽപെട്ട ആളാണ് അദ്ദേഹം എന്നാൽ അദ്ദേഹത്തിന്നു് അങ്ങനെയൊരു ഭാവവ്യത്യാസം ഉണ്ടായിരുന്നില്ല. നന്നെ രാവിലെ ഭാരതപ്പുഴയിൽചെന്നു കുളിച്ചു് ഭസ്മധാരണംചെയ്തു് അടുത്തുള്ള കല്പാത്തി വിശ്വനാഥസ്വാമി ക്ഷേത്രത്തിലും പഴയ കല്പാത്തിഗ്രാമത്തിലുള്ള ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിലും തൊഴുതു്

തീർത്ഥവും പ്രസാദവും വാങ്ങിവരുന്നതു് അദ്ദേഹത്തിൻെറ നിത്യനിയമത്തിൽപെട്ട ഒരു ഇനമാണു്. താമസം വിക്ടോറിയ കാളേജിൻെറ വടക്കുഭാഗത്തുള്ള വേട്ടയ്ക്കൊരുമകൻ കാവു ഗ്രാമത്തിൻെറ പടിഞ്ഞാറുവശത്തുള്ള ഒരു ബംഗ്ലാവിലായിരുന്നു.

അമ്പലത്തിൽനിന്നും മടങ്ങിവന്നാൽ സ്വന്തമായി ഒരു പൂജ നടത്തിവരാറുണ്ട്. പൂജാസ്ഥലത്തുവിധിന്യായം എഴുതുവാനുള്ള റിക്കാർഡുകൾ വെച്ചിട്ടുണ്ടാവും. കോടതി കയറുമ്പോൾ ഇരുഭാഗം കക്ഷികളും സാക്ഷികളും പലവിധ കള്ളത്തരങ്ങൾ സൃഷ്ടിക്കുന്നതും പറയുന്നതും പതിവുള്ളതാണെല്ലോ. 'ഹംസക്ഷീരന്യായേന' ഈ കള്ളത്തരത്തിൽ നിന്നു് തന്നെ മുക്തനാക്കിച്ചെയ്തു് സത്യം തോന്നിക്കേണമേ എന്നുള്ള പ്രാർത്ഥനയോടുകൂടിയാണു് വിധിന്യായം എഴുതുന്ന കെട്ടുകൾ പൂജയിൽ വെച്ചുവന്നിരുന്നതു് എന്നു പറയേണ്ടതില്ലല്ലോ. വിധിന്യായം കോടതിയിൽവച്ചു വായിക്കുമ്പോൾ ഇരുഭാഗക്കാരും മൂക്കിൽ വിരൽവയ്ക്കുമത്രെ, എങ്ങനെയാണു് കാളകൂടവിഷത്തിൽനിന്നു ഇദ്ദേഹം അമൃതുകടഞ്ഞെടുത്തതു എന്നാലോചിച്ചുകൊണ്ടു്.

പത്തരമണിയോടുകൂടി ഊണു കഴിഞ്ഞാൽ ബംഗ്ലാവുവളപ്പിലുള്ള ഒരു പൂന്തോട്ടത്തിൽ കോടതിക്കുള്ള ഉടുപ്പു ധരിച്ചതിന്നുശേഷം ഒരു കസേരയിൽചെന്നു വിശ്രമിക്കും. അക്കാലത്തു് മുടി ക്രാപ്പുചെയ്യുന്ന സമ്പ്രദായം നടപ്പിൽ വന്നിരുന്നില്ല. വലിയ ഒരു തലപ്പാവാണു് ജഡ്ജിമാരും വക്കീൽമാരും ധരിച്ചിരുന്നതു്. അങ്ങനെയുള്ള ഒരു വലിയ തലപ്പാവു് പൂന്തോട്ടത്തിലുള്ള മേശപ്പുറത്തുവെച്ചശേഷമാണു് കസേരയിൽചെന്നു വിശ്രമിക്കാറു്.

ആ സമയംകൊണ്ടു പെററമ്മ ഊണു കഴിഞ്ഞു് പുറത്തുവരും. മൂന്നു പ്രാവശ്യം അമ്മയെ പ്രദക്ഷിണം

ചെയ്ത്, നമസ്കരിച്ച് അനുവാദം വാങ്ങിയശേഷമാണ് തലപ്പാവ് തലയിൽ ധരിച്ച് ദലായത്തുശിപായിയോട്ടു കൂടി കോടതിക്കുള്ള പുറപ്പാട്. കാൽനടയായി വരികയാണ് പതിവ്. ഒന്നരഫർലാങ്ങ് ദൂരമെയുള്ളു ബംഗ്ലാവിൽനിന്നു കോടതിയിലേക്ക്.

ഒരു ദിവസം ബഞ്ചിൽ വന്നിരുന്നു വിചാരണ തുടങ്ങുമ്പോഴുണ്ട് ഇദ്ദേഹത്തിൻെറ തലപ്പാവിൽനിന്ന് ഒരു സപ്പം തല പൊക്കി ആടുന്നതു കാണാറായി. ശിപായി ഉടനെ തലപ്പാവു തട്ടിനീക്കുവാൻ ശ്രമിച്ചു. വക്കീൽമാർ, "യജമാനനെ തലപ്പാവിൽ പാമ്പ്, ഉടനെ നീക്കംചെയ്യണം" എന്നു ബഹളം കൂട്ടിത്തുടങ്ങി. കക്ഷികൾ കുക്ഷിയിൽ കൈവച്ചു വിവശരായി.

ഇതെല്ലാം കണ്ട് ഒരു കുലുക്കവുംകൂടാതെ കഥാനായകൻ പുഞ്ചിരിക്കയാണു ചെയ്തതു്. അദ്ദേഹം മെല്ലെ യാതൊരു പരിഭ്രമവും കൂടാതെ തലപ്പാവെടുത്തു മേശപ്പുറത്തുവച്ചു. എന്നിട്ടു നിറഞ്ഞ കോടതിയെ നോക്കി ഒരു പ്രസംഗം.

"ഇതെൻെറ തലപ്പാവിൽ കടന്നുകൂടീട്ട് ഒന്നരമണിക്കൂറിൽ ചുരുങ്ങാതെ കാണണം. ഞാൻ സവ്വശക്തനായ ഈശ്വരനെ ഭയന്നു കായ്യാദികൾ നോക്കിവരുന്നതിനാൽ ഇത്ര നേരമായിട്ടും എന്നെ ഒന്നും ചെയ്തിട്ടില്ല; ചെയ്യുന്നതുമല്ല. ഇതു ശ്രീപരമേശ്വരൻ കണ്ഠത്തിൽ അണിയുന്ന വാസുകിയുടെയും ശ്രീപത്മനാഭൻ പള്ളികൊള്ളുന്ന ആ സാക്ഷാൽ അനന്തൻെറയും വംശജനാണ്.

"ശരി, നാഗത്താനേ, ആരെയും തൊന്തറവു പണ്ണാമൽ പോയിവാ അപ്പാ. ഒനക്കു നമസ്കാരം."

എന്നദ്ദേഹം പറകയും ആ സർപ്പം തലപ്പാവിൽ നിന്നു പുറത്തുവന്നു തന്റെ ഫൂൽക്കാരമായ പടം എല്ലാവരെയും ഒന്നു കാണിച്ചശേഷം മെല്ലെ ഇഴഞ്ഞു പോകയും ചെയ്തു.

ഈശ്വരാനുഗ്രഹമുള്ളവൎക്ക് ഏതാപത്തിലും രക്ഷ കിട്ടുവാൻ കഴിയുമെന്നുള്ളതിന്നു് ഇതിലധികം തെളിവ് ആവശ്യമില്ലല്ലോ.

---

XVI

# മിസ്റ്റർ വങ്കൻ

ഇതൊരു പഴങ്കഥയാണ്. പുതിയ തലമുറകൾ അറിഞ്ഞിരിപ്പാൻ ഇടയില്ലെന്നാണ് എൻെറ വിശ്വാസം. എന്നാൽ എല്ലാവരും അറിഞ്ഞിരിക്കേണ്ട വിഷയവുമാണ്.

'മുറിവൈദ്യൻ ആളെക്കൊല്ലും' എന്നൊരു പഴമൊഴി ഉണ്ടല്ലോ. അതുപോലെ സംസ്കൃതത്തിൻെറ വക്ക കടിച്ചവരെയും ജ്യോതിഷശാസ്ത്രത്തിൻെറ ഒരു കഷണം സേവിച്ചവരെയും സൂക്ഷിക്കാഞ്ഞാൽ വരുന്ന വിപത്താണ് ഈ ലേഖനവിഷയം. പുതിയ കുപ്പിയിൽ പഴയ വീഞ്ഞു് ഒഴിച്ചപോലെയുള്ള പ്രതീതി ഉണ്ടായെന്നും വരാം.

മനോരാജ്യം പട്ടണത്തിൽ വങ്കൻ എന്നു പേരായ ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. വേളികഴിഞ്ഞു് അമ്മ്യാർ ഭർത്തൃഗൃഹത്തിൽ കുറച്ചുദിവസം താമസിച്ചശേഷം 'ഗത്വാ മാതൃഗൃഹം' കുറച്ചുദിവസം വിശ്രമം തേടുവാനായി.

ഇപ്പോൾ നമ്മുടെ വങ്കൻ ശ്വശുരഗൃഹത്തിലേക്കുള്ള യാത്രയാണ്. ഒരു നാലുനാഴിക നടന്നെത്തണം ഭാര്യയുടെ വസതിയിലേക്ക്. 'പാളസ്സാരം ഞൊറിയുടുത്തു് ചുമലിൽ ഒരു അങ്കവസ്ത്രവും ധരിച്ചു് കാളക്കൊമ്പൻ കുറിയുംതൊട്ടു് കുടയുംപിടിച്ചാണ് മൂപ്പരുടെ പുറപ്പാടു്.

കുറച്ചു ദൂരമേ നടന്നുകഴിഞ്ഞുള്ളു. മാർഗ്ഗമദ്ധ്യേ ഒരു ഗർദ്ദഭം കൈയും കാലും കഴുത്തുംനീട്ടി കിടക്കുന്നതു കണ്ടു. അതിനെ ഒന്നു പരിശോധിച്ചു. ചത്തതാണെന്നു ബോദ്ധ്യമായി. ഇതൊരു ജീവജന്തു, നാഥനില്ലാതെ ഈ സ്ഥിതി

യിൽ കിടക്കുന്നതു കഷ്ടംതന്നെ. എന്നാലോചിച്ചു നിന്നു രണ്ടുനിമിഷനേരം. അപ്പോഠം ഒരു ശ്ലോകക്കഷ ണം മനസ്സിലുദിച്ചു. "അനാഥപ്രേതസംസ്കാരം അശ്വമേധ ഫലം ലഭേൽ" എന്ന്, അശ്വമേധയാഗം ചെയ്തുകൊണ്ടാ ണല്ലോ യുധിഷ്ഠിരരാജാവിന്നും ഹരിശ്ചന്ദ്രപെരുമാളിന്നും രാജകീയമായ പദവി ലഭിച്ചതു് എന്നു പുരാണം പറ യുന്നതു് ഓമ്മവന്നു. ഈ അവസരം പാഴാക്കരുതെന്നു കരുതി ആ ചത്ത കഴുതയെ ഒരു മുളയിൽ കെട്ടിയെടുത്തു് അടുത്തുള്ള ശ്മശാനത്തിലേക്കു നടന്നുതുടങ്ങി.

കുറെക്കഴിഞ്ഞപ്പോഠം ചത്ത കഴുതയെ ആരെങ്കിലും പേറിനടക്കാറുണ്ടോ എന്ന് അങ്ങാടിപ്പിള്ളർ കൂകിവിളി ച്ചുതുടങ്ങി. അവരെ ഒന്നു തുറിച്ചുനോക്കിയതല്ലാതെ വങ്ക നൊന്നും അവരോടു പറഞ്ഞില്ല. കുറെ കഴിഞ്ഞപ്പോഠം തനിക്കും വയ്യാതെയായി. ഉടനെ ഒരു ശ്ലോകക്കഷണം മനസ്സിലുദിച്ചു. "സവ്വസ്യ ഗാത്രസ്യ ശിരഃ പ്രധാനം" എന്നു്. നല്ല കാൎയ്യം. മുറുക്കാനുള്ള തൻെറ വെററില പ്പെട്ടിയിൽ ഒരു പീശാങ്കത്തി ഉണ്ടായിരുന്നു. കഴുതയുടെ ശിരസ്സിനെ ഉടനെ ഉടലിൽനിന്നു വേർപെടുത്തി. ച ന്തസ്ഥലത്തുനിന്നു് ആട്ടിൻെറ തല വാങ്ങിക്കൊണ്ടു പോകു ന്ന മാംസഭോജികളെപ്പോലെ ആ ശിരസ്സു കൈയിലേന്തി നടന്നുതുടങ്ങി. ഇതു കണ്ടു് വേറെചില അങ്ങാടിപ്പിള്ളരു ടെ പരിഹാസവചനങ്ങഠം തൻെറ ശ്രവണേന്ദ്രിയങ്ങളിൽ പതിച്ചു. എങ്കിലും അതൊന്നും താൻ അറിഞ്ഞ ഭാവം നടിക്കാതെ നടന്നുതുടങ്ങി.

എങ്കിലും ഇതിനൊരു പോംവഴി ആലോചിക്കാതി രുന്നില്ല. ഒന്നു ചുഴന്നാലോചിച്ചു. ഉടനെ ഒരു യുക്തി തോന്നി. "സവ്വേന്ദ്രിയാനാം നയനം പ്രധാനം" എന്നു്. കഴുതയുടെ കണ്ണു രണ്ടും ചുഴന്നെടുത്തു. ഈ നേത്രദ്വയത്തെ ഒരു കടലാസ്സിൽ പൊതിഞ്ഞു് ശ്മശാനസ്ഥലത്തുചെന്നു്

കുറെ ഉണങ്ങിയ ചാണകം പെറുക്കിയെടുത്ത് ഈ നേത്രങ്ങളെ അതിൽ നിക്ഷേപിച്ചു. ശ്മശാനത്തിൽ കത്തുന്ന ഒരു തീക്കൊള്ളിയെടുത്തു തനിക്കറിയാവുന്ന ചില മന്ത്രങ്ങൾ ചൊല്ലി അഗ്നി ജ്വലിപ്പിച്ച് ശവസംസ്കാരവും കഴിഞ്ഞു. അശ്വമേധയാഗം ചെയ്തതിനാൽ ഉണ്ടാവുന്ന ഫലം അചിരേണ സിദ്ധിച്ചു എന്നു വിചാരിച്ച് അനുമോദിച്ചു.

നേരെ ശ്വശുരഗൃഹത്തിലേയ്ക്കായിരുന്നു പിന്നത്തെ യാത്ര. അവർ കൃഷിക്കാരാണ്. നെല്ലു കൊയ്ത് വൈയ്ക്കോൽ ക്രമ്പാരമായി ഉമ്മറത്തു സ്ഥിതിചെയ്യുന്നു. പുറമെ ആരെയും കണ്ടതുമില്ല. അപ്പോൾ തോന്നി 'ഉച്ചസ്ഥാനേഷു പൂജ്യന്തെ' എന്ന പ്രമാണം. ആ ക്രമ്പാരത്തിൻെറ ഉച്ചിയിൽ കയറി അവസ്ഥയിൽ ഞെളിഞ്ഞങ്ങനെ ഇരുന്നു. അപരിചിതനെക്കണ്ട് അവിടെ ഉണ്ടായിരുന്ന നായ വല്ലാതെ ശബ്ദമുണ്ടാക്കി. ഈ ഒച്ചകേട്ട് പുറത്തുവന്ന ആയാളുടെ പ്രാണപ്രേയസി ഭർത്താവിൻെറ ഈ ഇരുപ്പു കണ്ട് അന്ധാളിച്ച് വിവരം തൻെറ അച്ഛനെ അറിയിച്ചു. അദ്ദേഹവും ആങ്ങളമാരുംകൂടി പുറത്തുവന്ന് ഒരുവിധം ആയാളെ ഇറങ്ങിവരുവാൻ ആജ്ഞാപിച്ചു.

രണ്ടാഴ്ച കഴിഞ്ഞു. ഭാര്യയുടെ കിടപ്പുമുറിയിലേയ്ക്ക് ഇദ്ദേഹത്തെ മനസ്സില്ലാമനസ്സോടെ പറഞ്ഞയച്ചു. അവിടെച്ചെന്നു കട്ടിലിൽ ഇരുന്നു. അടുത്തുനില്ക്കുന്ന ഭാര്യയെ തൻെറ കൈകൊണ്ടു കട്ടിലിൽ പിടിച്ചിരുത്തിയശേഷം അടിമുടി ഒന്നു പരിശോധിച്ചു. തൻെറ ഭാര്യ രതീദേവിയുടെ അവതാരമാണെന്നു വങ്കനു ബോദ്ധ്യമായി. തന്നെപ്പോലെ ഭാഗ്യവാൻ ആരുമില്ലെന്നു തീരുമാനിച്ചു. ഗ്രഹപ്പിഴയ്ക്ക് അപ്പോൾ ഒരു ശ്ലോകക്കഷണം തോന്നി. 'ഭാര്യാ രൂപവതീ ശത്രു' എന്ന്. ഛെ, ഛെ, ഞാനെന്തൊരു ഭോഷനാണ്. ഇവളെ വിരൂപയാക്കീട്ടില്ലെങ്കിൽ ഇവൾ

എനിക്കു ശത്രുവായിത്തീരും. അതിനെന്താണു വഴി എന്നു നോക്കിയപ്പോൾ തൻെറ വെററിലപ്പെട്ടിയിലുള്ള കത്തി ഓൎമ്മവന്നു. അതിൽ എഴുത്താണിയുമുണ്ട്. എഴുത്താണിയുടെ മുനയൊന്നു പരിശോധിച്ചു, നല്ല മൂച്ച്, അതെടുത്തു ഭാൎയ്യയുടെ കണ്ണിലേയ്ക്കു് ഒരു കുത്ത്. 'അയ്യോ' എന്നൊരു നിലവിളി മുറിയിൽനിന്നു്. മകളുടെ കരച്ചിൽ കേട്ട് അച്ഛനും ആങ്ങളമാരും മററും വന്നു വാതിൽ തുറക്കാൻ പറഞ്ഞു. "ഇനി നീ എനിക്കു യോജിച്ച ഭാൎയ്യതന്നെ" എന്നുള്ള ഇയ്യാളുടെ ഒച്ചകൊണ്ടു് ആ മുറി മുഴങ്ങുന്നു. വാതിലൊട്ടു തുറക്കാനും ഭാവമില്ല.

അപ്പോഴേയ്ക്കു വേറൊരു പ്രമാണം മിസ്റ്റർ വങ്കനു് ഓൎമ്മവന്നു: "ഏകാക്ഷി കുലനാശിനി" എന്നു്. കൊടുത്തു മറേറ കണ്ണിനും ഒരു കുത്ത്. 'അയ്യയ്യോ' എന്ന ഒരു വിളി ഭൂമി കുലുങ്ങുമാറു് ആ മുറിയിൽനിന്നു പുറപ്പെട്ടു. സിംഹികയുടെ കൎണ്ണനാസികാകുചകൃന്തനം സഹദേവൻ ചെയ്യുമ്പോൾ ഉണ്ടാവുന്ന ധ്വനി.

ഏതായാലും വാതിലെല്ലാം ചവുട്ടിപ്പൊളിച്ചു. അകത്തു കണ്ട കാഴ്ച അതിഭയങ്കരം. കിൎമ്മീരൻെറ അടുക്കലേയ്ക്കുള്ള സിംഹികയുടെ പുറപ്പാടു് എന്നുവേണം പറവാൻ. ആ കുട്ടിയെ വേഗം ആസ്പത്രിക്കു കൊണ്ടുപോകുവാൻ ഏൎപ്പാടുചെയ്തു. 'പുതിയാപ്പിളയ്ക്കു' ധാരാളം പ്രഹരാദി കഷായവും കൊടുത്തു പുറത്താക്കി.

# ചക്കക്കെയ്യ്

കൈതച്ചക്കയുടെയോ വരിക്കച്ചക്കയുടെയോ ഉത്ഭവം, വളച്ച്, ഫലസമൃദ്ധി ഇവയെപ്പററിയാണു് ഞാനീലേഖനം എഴുതുന്നതെന്നു് മാന്യവായനക്കാർ ശങ്കിച്ചുപോകരുതു്. അതുസംബന്ധിച്ചു് അറിവുള്ളവർ ധാരാളം എഴുതിക്കൊള്ളട്ടെ.

ഇവിടെ പറയാൻപോകുന്നതു് ഐതിഹ്യപരമായ ഒരു കഥയാണു്. എട്ടുവീട്ടിൽപിള്ളമാരുടെ പരാക്രമങ്ങളെ ഒതുക്കിയശേഷം ദക്ഷിണകേരളത്തിന്റെ ചരിത്രസംസ്കാരാദികളിൽ മാർത്താണ്ഡപ്രഭ ചൊരിഞ്ഞതു് അനിഴംതിരുനാൾ ശ്രീ വീരമാർത്താണ്ഡവർമ്മ എന്ന മഹാരാജാവായിരുന്നുവല്ലോ. ദളവാ രാമയ്യൻ ദക്ഷിണഹസ്തമായിനിന്നു കായംകുളം, അമ്പലപ്പുഴ, ഓടനാട്ടു് മുതലായ ചില്ലറരാജ്യങ്ങളെ ഒന്നൊന്നായി തിരുവിതാംകൂറിനോടു ചേർത്തു വിപുലപ്പെടുത്തുന്ന കാലം.

കൊച്ചിയിൽ അന്നു മഹാരാജാവായിരുന്നതു് ശക്തൻതമ്പുരാൻ എന്നറിയപ്പെടുന്ന ഒരു രണശൂരൻ. ഇദ്ദേഹത്തെപ്പററി പല കഥകളും കൊട്ടാരത്തിൽശങ്കുണ്ണിയുടെ ഐതിഹ്യമാലാഗ്രന്ഥങ്ങളിൽനിന്നും ശ്രീ പുത്തേഴത്തു രാമൻമേനോന്റെ ശക്തൻതമ്പുരാൻ എന്ന ഗ്രന്ഥത്തിൽനിന്നും വായനക്കാർ മനസ്സിലാക്കിയിരിക്കാം.

ഇനി കഥ തുടരട്ടെ. ഒരിക്കൽ മാർത്താണ്ഡവർമ്മതിരുമേനി, ദളവാ രാമയ്യനോടു ചോദിച്ചു, കൊച്ചീരാജ്യംകൂടി പിടിച്ചുചേർപ്പാൻ സാദ്ധ്യമാണോ എന്നു്. അതിനു വല്ല വഴിയും രാമയ്യന്റെ മനസ്സിൽ തോന്നുന്നുണ്ടോ എന്നു്.

ആലോചിച്ചു പറയാമെന്നായിരുന്നു ദളവയുടെ മറുപടി. അതിൽ പിന്നീട് ഒരു ശുഭമുഹൂർത്തത്തിൽ രണ്ടാളുംകൂടി അകമ്പടികൾ ഒന്നുംകൂടാതെ രാജ്യം ചുററിനടക്കുന്ന രീതിയിൽ സക്കീട്ടു പുറപ്പെട്ടു. ഓരോ ദേശങ്ങൾ ചുററിനടന്നു കൊച്ചീരാജ്യത്തിൻെറ തലസ്ഥാനമായ തൃപ്പൂണിത്തുറയ്ക്കു സമീപംവന്നു. ആ സ്ഥലം അഡൂർ ആണെന്നാണു കേട്ടറിവു്. നല്ല നിശ്ചയമില്ല. ആ സ്ഥലം തിരുവിതാംകൂറിൽ ചേർന്നതാണെങ്കിലും കൊച്ചീരാജ്യത്തിൻെറ അതിർത്തിയിലാണു്. അവിടുന്നു് കൊച്ചീകുടുംബത്തിൻെറ പരദേവതയായ ശ്രീപൂർണ്ണത്രയീശനെ ദർശിപ്പാൻ എന്നുപറഞ്ഞു തൃപ്പൂണിത്തുറക്ഷേത്രത്തിൽ വന്നുചേർന്നു. രാജകീയമായ ഒരു ബോട്ടു ജട്ടിക്കടവിൽ വന്നുനില്ക്കുന്ന വിവരം ശക്തൻതമ്പുരാന്നു് അറിവു കിട്ടി. ഉടനെ ഹരിക്കാരെ നാലുഭാഗത്തേക്കും പറഞ്ഞയച്ചു; ആ ബോട്ടിൽ വന്നവരെ ക്ഷണിച്ചുകൊണ്ടു വരുവാനായി.

ആ ക്ഷണം സ്വീകരിച്ചു് അനിഴംതിരുനാളും ദളവാരാമയ്യനും തൃപ്പൂണിത്തുറ കൊട്ടാരത്തിൽ ഉള്ള അതിഥിമന്ദിരത്തിൽ ആഗതരായി. ഇവർ വന്നുചേർന്നതു നന്നേ കാലത്തു് ഏകദേശം ഏഴുമണിയോടുകൂടിയായിരുന്നു. കുശലപ്രശ്നങ്ങൾ കഴിഞ്ഞശേഷം രാജകീയമായ രീതിയിൽ അവർക്കു് വിരുന്നുകൊടുപ്പാൻ ഏർപ്പാടുചെയ്തു. വർത്തമാനങ്ങൾ പറയുന്ന കൂട്ടത്തിൽ പുത്തനായി പിടിച്ചടക്കിയ രാജ്യത്തിലെ നിവാസികൾ ക്ഷേമമായി കാലക്ഷേപംചെയ്തുവരുന്നുണ്ടോ എന്നറിവാനാണു് വന്നതു് എന്നും ഇത്രത്തോളം വന്ന സ്ഥിതിയ്ക്കു് പൂർണ്ണത്രയീശൻെറ അനുഗ്രഹംകൂടി കരുതി ഇങ്ങോട്ടു വന്നതാണെന്നും പറഞ്ഞു.

ശക്തൻതമ്പുരാൻ ചില്ലറ പുള്ളിയാണോ? രാജകീയമായ അമൃതേത്തിന്നു ശാസ്ത്രപ്രകാരം 64 കറികൾകൊണ്ടാണ് ഏർപ്പാടുചെയ്തതു്. പക്ഷേ പലതരം പദാർത്ഥങ്ങൾ കൊണ്ടു് ഉണ്ടാക്കിയവയല്ല ഈ അറുപത്തിനാലുകൂട്ടം കറികൾ. ഒരേ ഒരു സാധനം; വരിക്കച്ചക്ക. അതുകൊണ്ടു മാത്രമായിരുന്നു പലതരത്തിലുള്ള 64 കറികളും.

'അമൃതേത്തുകഴിഞ്ഞു് രണ്ടുദിവസം താമസിച്ച് യാത്രപറഞ്ഞുപിരിഞ്ഞു. മാർഗ്ഗമദ്ധ്യേ തമ്പുരാൻ ദളവയോടു ചോദിച്ചു: "ഉദ്ദേശിച്ചുവന്ന കാര്യം സാദ്ധ്യമാണോ" എന്നു്. ശക്തൻതമ്പുരാൻ തങ്ങളെ അപമാനിച്ച് അയയ്ക്കുകയാണു ചെയ്തതു് എന്നായിരുന്നു ദളവയുടെ മറുപടി. തങ്ങൾ വന്നകാര്യം അദ്ദേഹം ഊഹിച്ചറിഞ്ഞിരിക്കുന്നു എന്നും വരിക്കച്ചക്കകൊണ്ടു് ഈ അറുപത്തിനാലു കറികളും ഉണ്ടാക്കി വിരുന്നുകഴിപ്പിച്ചതു തങ്ങളുടെ പുറപ്പാടു് 'ചക്ക'പോലെയായിത്തീരുമെന്ന് അറിയിപ്പാൻ ആണെന്നും മറുപടികൊടുത്തു.

അതു് ഏതുപോലെ എന്നാൽ ലവണാസുരവധം കഥകളിയിൽ—

"അന്യാഗാരാ വാസംചെയ്ത
നിന്നെ ഞാൻ സ്വീകരിച്ചു
ധന്യനായീടുമോ ഇന്നു
ശ്രീരാമനെപ്പോലെ"

എന്ന ചരണം പാടിയശേഷം ഇളകിയാട്ടത്തിൽ രജകൻ ഭാര്യയുടെ മംഗല്യസൂത്രം പൊട്ടിച്ചെറിയുക പതിവുണ്ടല്ലോ. അവർ തമ്മിലുള്ള ബന്ധം വേർപെടുത്തുകയാണെന്നാണ് അതിൻെറ താല്പര്യം. അതു കഴിഞ്ഞ ഉടനെ അവൾ താലിപ്പണം ചോദിക്കുന്നു. അതുവെച്ചിട്ടുവേണം

പോവാൻ എന്ന് അവരം രജകനോട്ട ശാസിക്കുന്നു. അതു കിട്ടിയ ഉടനെ കയ്യുകൊണ്ട് മണ്ണൊന്നു ചകകൊട്ടി അവരം പോകുന്ന പതിവുണ്ടല്ലൊ.

അതുപോലെയാണ് ശക്തൻതമ്പുരാൻ നമ്മളെ പറഞ്ഞയച്ചതു്; അന്യോപദേശേന എന്ന രീതിയിൽ. അതിനാൽ അതിന്നു ഉത്സാഹിക്കേണ്ടാ.

---

KOTTAYAM PUBLIC LIBRARY
KOTTAYAM.

XVIII.

# സർ ടി. മുത്തുസ്വാമി അയ്യർ

ഇന്ത്യയിലെ മഹാന്മാർ എന്ന പുസ്തകം ഈയിടെ ഞാൻ വായിച്ച് ആസ്വദിക്കുകയുണ്ടായി. അതിൽ കഥാനായകൻെറ ചരിത്രം എന്നെ പ്രത്യേകിച്ചും ആകർഷിച്ചു. ആ മാന്യപുരുഷനെ വ്യക്തിപരമായി സ്പർശിക്കുന്നതും എന്നാൽ ആ പുസ്തകത്തിൽ പറഞ്ഞുകാണാത്തതും ഇന്നത്തെ വയോവൃദ്ധന്മാരിൽനിന്ന് ഞാൻ പറഞ്ഞുകേട്ടിട്ടുള്ളതുമായ ചില സംഭവങ്ങളെ രേഖപ്പെടുത്തുന്നത് വായനക്കാർക്ക് രസകരമായിരിക്കുമെന്നു തോന്നിയതിനാലാണ് ഈ ലേഖനമെഴുതുവാൻ ഞാൻ പ്രേരിതനായത്.

മദിരാശി ഹൈക്കോടതിയുടെ പ്രവേശനദ്വാരത്തിലും അതിനകത്തും കാണാം ആ പുരുഷസിംഹത്തിൻെറ ഗംഭീരമായ പ്രതിമകൾ. ഭക്തജനങ്ങൾ ദേവാലയങ്ങളിൽ ചെന്നു ക്ഷേത്രസങ്കേതങ്ങളിലും ശ്രീകോവിലിലും സ്ഥിതിചെയ്യുന്ന ദേവന്മാരെ മനസാ വാചാ കർമ്മണാ പ്രാർത്ഥിക്കുന്നതുപോലെ ഹൈക്കോടതിയിലെ അഭിഭാഷകന്മാരും നിയമവിദ്യാർത്ഥികളും ഈ പ്രതിമകളെ നമിച്ചശേഷമാണു അവരവരുടെ സ്ഥാനങ്ങളിൽ ചെന്നിരിക്കാറ്. അദ്ദേഹത്തിൻെറ തീർപ്പുകളെ നിയമസംബന്ധമായി അഡ്വൊക്കേറ്റുമാർ കൈകാര്യംചെയ്യുമ്പോൾ ആ ലാ ബുക്കിലെ ഭാഗം തുറക്കുന്ന ജഡ്ജിമാർ തൊഴുകൈയോടെ ആ ഭാഗം തുറന്നു വായിക്കുന്നതും എനിക്കനുഭവമാണ്. ഒരു അംശം അധികാരിയുടെ കീഴിൽ ഒരു ഉരുപ്പിക മാസംതോറും ശമ്പളം വാങ്ങിയിരുന്ന ദേഹമാണ് അന്നത്തെക്കാലത്ത് ഒരു ഇന്ത്യക്കാരന് എത്രത്തോളം ഉയരാമോ ആ മാന്യപദ

വിയെ അലങ്കരിക്കാനിടയായതു് എന്നുള്ള കഥയും നാം എപ്പോഴും ഓൎക്കേണ്ടതാണു്.

ഇനി നമുക്കു കഥയിലേയ്ക്കു കടക്കാം. അക്കാലങ്ങളിൽ, എന്നുവച്ചാൽ, ഒരു കാൽശതാബ്ദം മുമ്പുവരെ, ബ്രാഹ്മണരുടെ ഇടയിലുള്ള വേളി, നായന്മാരുടെ ഇടയിലുള്ള പുടമുറി, താലികെട്ടുകല്യാണം, ചില തറവാടുകളിലെ മാസഅടിയന്തിരം ഇവയ്ക്കെല്ലാം വിഭവസമൃദ്ധമായ സദ്യയ്ക്കു പുറമെ ഭൂരി ദക്ഷിണകൊടുക്കുക എന്നൊരു സമ്പ്രദായവുമുണ്ടായിരുന്നു. അതിലൊരു വിശേഷം ചിലപ്പോൾ പ്രത്യക്ഷപ്പെടും. ഉപനയനം കഴിഞ്ഞു് യജ്ഞോപവീതധാരണം കാണുന്നവൎക്കു് നാലണ, അല്ലാത്തവൎക്കു് രണ്ടണ ഇങ്ങനെ ഒരു പക്ഷഭേദം. ഗ്രാമക്ഷേത്രസങ്കേതങ്ങളിൽ വെച്ചാണു് ഈ ദക്ഷിണ കൊടുക്കുന്ന പതിവു്. ദക്ഷിണദത്തംചെയ്യുന്ന പ്രമാണി ക്ഷേത്രവാതുക്കൽ ചെന്നിരിക്കും; ഒരു കിണ്ണംനിറയെ നാലണ ചില്ലറയും, ഒന്നിൽ നിറയെ രണ്ടണയുമായി. ദക്ഷിണ വാങ്ങുന്ന ആളെ അമ്പലത്തിന്റെ അകത്തേക്കു കടത്തിവിടും. ഇവർ മതിൽകയറി മറിഞ്ഞു വീണ്ടും വരാതിരിപ്പാനായി ക്ഷേത്രമതിലുകളിൽ കാവലാളുണ്ടാവും, ഇതായിരുന്നു പതിവു്. പത്തും പന്ത്രണ്ടും നാഴിക ദൂരത്തുനിന്നു് സദ്യയിൽ ഉണ്ണുവാനും ദക്ഷിണ വാങ്ങുവാനുമായി ബ്രാഹ്മണർ തടിച്ചുകൂടും. അന്നത്തെ നാലണ ഇന്നത്തെ നാലുറുപ്പികയ്ക്കു സമമാണേ.

എന്തോ ഞാൻ പറഞ്ഞുവന്നതു്?...ശരിതന്നെ. ദക്ഷിണ വാങ്ങുവാൻ ചെല്ലുമ്പോൾ മാറത്തു യജ്ഞോപവീതം കണ്ടാലേ നാലണ തികച്ചും കിട്ടുവാൻ അൎഹനാകയുള്ളൂ. നമ്മുടെ കഥാനായകനു് അക്കാലത്തു് ഉപനയനം കഴിഞ്ഞിരുന്നില്ല. രണ്ടണ കൂടുതൽ ദക്ഷിണയ്ക്കു് അൎഹനാവുകയും വേണം. അതിന്നെന്താണു മാൎഗ്ഗമെന്നു് അദ്ദേഹത്തിന്റെ അമ്മ ആലോചിച്ചു. ഉടനെ ഒരു

യുക്തിതോന്നി. ഒരു യജ്ഞോപവീതം ശാസ്ത്രികളോടു ചോദിച്ചു വാങ്ങി മകൻെറ മാറത്ത് അലങ്കരിപ്പിച്ചുവച്ചു. ദാരിദ്ര്യാതിരേകംകൊണ്ടു ശാസ്ത്രോക്തമായ ഉപനയന കർമ്മം പിന്നീട് ഉണ്ടായതുമില്ല.

കാലം കടന്നുപോയി. മുത്തുസ്വാമി ഉദ്യോഗത്തിൽ ഉയൎന്നുയൎന്നു വന്നു. വേളി കഴിഞ്ഞു; സന്താനങ്ങളായി. അമ്മയുടെ പലേ വ്രതാനുഷ്ഠാനങ്ങളും കഴിച്ചുകൂട്ടി. അമ്മയ്ക്കു വാൎദ്ധക്യം കാലൂന്നിത്തുടങ്ങി. അങ്ങനെയിരിക്കെ ഒരു ദിവസം ഇദ്ദേഹം അമ്മയോട് പ്രശ്നംചെയ്തു, അമ്മയ്ക്ക് വല്ല ആഗ്രഹവും സാധിപ്പാൻ ബാക്കിയുണ്ടെങ്കിൽ ആയത്ത് അറിയിച്ചു തരേണമെന്ന്.

ഇതു കേൾക്കേണ്ട താമസം, അമ്മ സസ്മിതം പറഞ്ഞു; തൻെറ ഓമന മകന് ഇതുവരെ ഉപനയനം ശാസ്ത്രോക്തമായി കഴിഞ്ഞിട്ടില്ലാത്ത ഒരു കുറവുണ്ടെന്ന്. പറഞ്ഞതു ശരിയാണെന്നു ഓൎമ്മയിലുദിച്ചു. ശാസ്ത്രികളെ വിളിച്ചുവരുത്തി ഉപനയനത്തിനുള്ള സുമുഹൂൎത്തവും നിശ്ചയിച്ചു. ശാസ്ത്രാനുസരണം എല്ലാ ചടങ്ങുകളും നിൎവ്വഹിക്കുകയും ദസ്നേഹിതരേയും ബന്ധുജനങ്ങളേയും ക്ഷണിച്ചുവരുത്തി, തനിക്കു ബ്രഹ്മോപദേശവും, പൊടിപൂരമായ സദ്യയും നടത്തുകയും ചെയ്തു.

അക്കാലത്തു ഹേൾസൂട്ടു ധരിച്ച് കോടതിക്കു പോകുന്ന ജഡ്ജിമാരും വക്കീൽമാരും വളരെ വിരളമായിരുന്നു. പാളസ്സാറം, അൽപ്പക്കാക്കോട്ടും 'ഡരിഗ'തലക്കെട്ടമാണ് ഒന്നാന്തരം വേഷവിധാനം. ഇക്കാലത്ത് അപ്രകാരമുള്ള വേഷധാരികൾ പഴഞ്ചന്മാരെന്നു പുച്ഛിച്ചു പുറംതള്ളപ്പെട്ടും. കക്ഷികളുടെ കണ്ണിൽ പിടിക്കയില്ല. ധാരമട്ടിൽ നടന്നാലേ ഇക്കാലത്ത് വിലയുള്ളൂ എന്ന സംഗതി പരക്കെ അറിവുള്ളതാണല്ലോ.

കഥാനായകൻ മഠത്തിൽ ഇരിക്കുമ്പോഴും നടക്കാൻ പോകുമ്പോഴും തീവണ്ടിയാത്ര ചെയ്യുന്ന അവസരങ്ങളിലും ഷട്ടുകൂടി ഇട്ടിരുന്നതു വളരെ ദുർല്ലഭം. ബ്രാഹ്മണരുടെ നിത്യവൃത്തികൾ യഥാക്രമം അനുഷ്ഠിച്ചുവന്നിരുന്ന ആളായിരുന്നു അദ്ദേഹം. വെളുപ്പാൻ നാലുനാഴികയുള്ളപ്പോൾ എഴുന്നേററു കുളിച്ച് നിത്യകർമ്മാനുഷ്ഠാനങ്ങൾകഴിച്ചു പൂജാമുറിയിൽ പ്രവേശിച്ചാൽ എട്ട് എട്ടരമണിയാവും ആഫീസുമുറിയിലേക്കു വരണമെങ്കിൽ. ഒരുദിവസം കുളിച്ചു ഭസ്മധാരണംചെയ്ത് സന്ധ്യാവന്ദനാദികൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരു വഴിപോക്കൻ ബ്രാഹ്മണൻ യാദൃച്ഛികമായി അവിടെ കടന്നുവന്നു. ആഗതനെ ആസനം കൊടുത്തിരുത്തിയശേഷം വന്നകാര്യം ചോദിച്ചു. അന്നേദിവസം ഹൈക്കോർട്ടിൽ വിചാരണയ്ക്കുള്ള കേസ്സിലെ കക്ഷിയാണു താനെന്നും, ആഗതൻെറ അച്ഛൻെറ ശ്രാദ്ധദിവസമാണ് അന്നെന്നും, ശ്രാദ്ധത്തിന്നു രണ്ടു ബ്രാഹ്മണരെ ഏർപ്പാടു ചെയ്തിരുന്നതിൽ ഒരാൾക്കു തലേദിവസം രാത്രി പെട്ടെന്നുണ്ടായ സുഖക്കേടുനിമിത്തം വരുവാൻ നിവൃത്തിയില്ലെന്നുള്ള വിവരം ഇപ്പോഴാണു അറിഞ്ഞതെന്നും, ആ സ്ഥാനത്തു ബ്രാഹ്മണാർത്ഥം വരിപ്പാനാണു താൻ വന്നതു് എന്നും ആഗതൻ വിശദീകരിച്ചു. തനിക്കും കോടതിക്കുപോകേണ്ടുന്ന കാര്യമുള്ളതിനാൽ അസാരം നേരത്തെ കഴിച്ചുകൂട്ടുവാൻ ഏർപ്പാടു ചെയ്യുന്നതു് ഉചിതമായിരിക്കുമെന്നും വരുന്നതിന്നു് യാതൊരു വിരോധവുമില്ലെന്നും മറുപടിയും പറഞ്ഞയച്ചു. ആഗതൻ ഇദ്ദേഹത്തെ കാത്തുമിരുന്നു, പറഞ്ഞുവെച്ചസ്ഥലത്തു്.

ഈ ബ്രാഹ്മണൻപോയശേഷം കഥാനായകൻെറ സഹധർമ്മിണി ചോദിച്ചു "അല്ലാ ശ്രാദ്ധമുണ്ണാനും പോയിത്തുടങ്ങാറായോ" എന്നു്. അതിന്നുള്ള അദ്ദേഹത്തിൻെറ മറുപടി ഇപ്രകാരമായിരുന്നു. 'ശ്രാദ്ധം ഉണ്ണുന്നതു ബ്രാഹ്മ

ണക്ക വിധിച്ചതാണ്. ബ്രാഹ്മണാത്ഥമായി ഒരാഠംവന്നു ക്ഷണിക്കയും, തന്റെ അഭാവത്താൽ അതിന്നു വിഘ്നം വരികയുംചെയ്താൽ അതിനാലുണ്ടാവുന്ന മഹാപാപം അനുഭവിക്കേണ്ടതു് ആരുടെവീഴ്ചയാലാണോ ആയാളാണ്. ഇതരജാതിക്കാക്ക ബ്രാഹ്മണർ ഊട്ടുന്ന ശ്രാദ്ധക്രിയയിൽ പങ്കുകൊള്ളുവാൻ പാടില്ലെന്നുള്ളകാൎയ്യവും നാം ഓക്കണം. സാധുക്കഠം അന്യരാജ്യത്തുചെന്നു് യാതൊരു സഹായവും ലഭിക്കാതെ കുഴങ്ങുമ്പോഠം സാഹായിക്കേണ്ടതു മനുഷ്യന്റെ കടമയാണ്. ശ്രാദ്ധം ഉണ്ണുന്നതിനാലുള്ള ദോഷം പിറേറദ്ദിവസം സഹസ്രാവൎത്തി ഗായത്രിജപിച്ചാൽ തീരുമെന്നു വേദത്തിൽ പറഞ്ഞിട്ടുണ്ടു്. അതാണു ഞാൻ സമ്മതിച്ചതു്, എന്നായിരുന്നു.

അന്യരാജ്യത്തായതുകൊണ്ടു് ഹോമമന്ത്രത്തോടുകൂടിയല്ല ഹിരണ്യമായാണ് ശ്രാദ്ധക്രിയ കഴിച്ചുകൂട്ടിയതു്. "ശ്രാദ്ധം ഭുജിച്ചു് മലർപ്പൊടി ദക്ഷിണമാത്രംലഭിച്ചു് മൺപാത്രത്തിലാക്കി." കഥാനായകൻ പുറപ്പെട്ടു. തന്റെ കമ്മനാമാപ്തിവരുത്തി ബ്രാഹ്മണൻ കോടതിയിലും എത്തിച്ചേന്നു. അവിടെ ചെന്നപ്പോഠം കണ്ടകാഴ്ച ബ്രാഹ്മണന്റെ ഹൃദയത്തിൽ തീ കോരിയിട്ടു. തന്റെ ക്ഷണപ്രകാരംവന്ന വിദ്വാനാണോ ആ അഗ്രാസനത്തിൽ ഇരിക്കുന്നതു് എന്നു്. ബ്രാഹ്മണന്നു് സഹിച്ചില്ല. അവിടെച്ചെന്നു കോടതിയെ ഒന്നു കുമ്പിട്ടു. ജഡ്ജിയും ഒന്നും അറിയാത്ത ഭാവത്തിൽ പ്രത്യഭിവാദ്യംചെയ്തു. കേസ്സ് വിചാരണ കഴിഞ്ഞു് ബ്രാഹ്മണന്നു് അനുകൂലമായ വിധിയുണ്ടായി. ആ ബ്രാഹ്മണൻ ജഡ്ജിയെ ഒന്നുകൂടി താണുതൊഴുതു് നാട്ടിലേക്കു യാത്രതിരിച്ചു.

എന്നാലിനിയൊരു കഥയുംപറയാ-
മെന്നുടെ ഗുരുവരനരുളിയപോലെ:

കൈക്കൂലി വാങ്ങുവാൻ വിരുതുള്ള ചില ജഡ്ജിമാർ ഒരു കാലത്തു് ധാരാളം ഉണ്ടായിരുന്നു. അവരുടെ പ്രവൃ

ത്തികൾക്ക കുറഞ്ഞൊരു ശമനമുണ്ടായതു് അക്കാലത്തു ണ്ടായിരുന്ന 'കേരളസഞ്ചാരി' 'കേരളപത്രിക' എന്നിവ യിൽവന്നിരുന്ന ഒളിയമ്പുകളാൽ മാത്രമായിരുന്നു. 'പല നാൾകള്ളൻ ഒരുനാൾ പെട്ടു'മെന്നുള്ള പഴമൊഴി പഴ തെയായിപ്പോകുകയില്ലല്ലൊ. അങ്ങനെ കിണ്ടാം പിണ ഞ്ഞ ഒരു ജഡ്ജിയുടെ കഥയാണു് ഇവിടെ പറവാൻ പോകുന്നതു്. കൈക്കൂലിവാങ്ങിയതായി ഗവമ്മേൻറിന്നു സംശയം ജനിക്കയാൽ സസ്പെൻഷൻപററി താല്ക്കാ ലികമായി ഉദ്യോഗത്തിൽനിന്നു പിരിക്കപ്പെട്ട ഒരു മല യാളി ജഡ്ജി (പേർ ഞാനിപ്പോൾ പറയുന്നില്ല) സർ, മുത്തുസ്വാമിഅയ്യരെ കാണ്മാനായി മദിരാശിക്കു വരിക യായിരുന്നു. കറുത്ത കോട്ടും, കാലുറയും, ബൂട്ട്സും, വായിൽ ധൂമക്കുററിയുമായാണു് മൂപ്പരുടെ പോക്കു്. രണ്ടാൾക്കു സുഖ മായി പെരുമാറാനുള്ള ഒരു ഒന്നാംക്ലാസ്സ മുറിയിലാണു് ഈ നാടൻസായ്പു് തനിയെവരുന്നതു്. വണ്ടി ഷൊർണ്ണൂർ സ്റ്റേഷനിലെത്തി.

നെററിയിൽ ഭസ്മധാരണംചെയ്തു്, ചന്ദനക്കുറി ധരി ച്ചു്, പാളസ്സാരം ഞാത്തിയുടുത്തു്, ഉത്തരീയം ചുമലിൽ അണിഞ്ഞു്, ഷട്ടുക്കൂടി ഇടാതെ ഒരു ബ്രാഹ്മണൻ ഈ ഒന്നാംക്ലാസ്സമുറിയിൽ കയറാൻ ഭാവിക്കുന്നു. അകത്തിരുന്ന ധവള ആഗതൻെറ നേരെ കണ്ണുരുട്ടുകയും ശകാരവർഷംപൊ ഴിക്കുകയും പോരെങ്കിൽ വണ്ടിയുടെ വാതിലിനെ ബല മായി ബന്ധിക്കുകയും ചെയ്യുന്നു. ആഗതൻ തൻെറ കയ്യിലും ഒരു ഒന്നാംക്ലാസ്സ് ടിക്കററുണ്ടെന്നു സവിനയം വിശദീകരി ക്കുന്നു. വേറെ ഒന്നാംക്ലാസ്സ മുറിയൊന്നും അന്നുണ്ടായിരുന്നി ല്ല. സായ്പു് കൂസൽകൂടാതെ തൻെറ സ്ഥാനത്തുചെന്നി രുന്നു ധൂമം വലിച്ചുവിട്ടു് രസിച്ചുതുടങ്ങുന്നു.

പാളസ്സാറുകാരൻ ചെന്നു് സ്റ്റേഷൻമാസ്റ്ററോടു സങ്കടം പറഞ്ഞു. "ഞാനെന്നാ വേണ്ടു, അടുത്ത വണ്ടിക്കു പൊയ്ക്കോളൂ." എന്നായിരുന്നു മാസ്റ്ററുടെ മറുപടി. ഈ ദുഃസമയംകൊണ്ടു് വണ്ടി ചൂളംവിളിച്ചു ഹൂൽക്കാരത്തോടു കൂടി പുറപ്പെടുകയും ചെയ്തു.

ഇച്ഛാഭംഗം വന്ന വിദ്വാൻ സ്റ്റേഷൻമാസ്റ്ററോടു് ഒര പേക്ഷചെയ്തു; ഇന്ദുലേഖയിലെ മാധവനെപ്പോലെ. പിറേറദിവസം തന്നിയ്ക്കു മദിരാശിയിൽ അത്യാവശ്യം എത്തിച്ചേരേണ്ടുന്ന കാര്യമുള്ളതിനാൽ ഒരു സ്പെഷ്യൽ വണ്ടിക്കു് ഏർപ്പാടു ചെയ്തുതരണമെന്നും അതിനുള്ള ചാർജ്ജ് എന്തായാലും താൻ തരുവാൻ ഒരുക്കമുണ്ടെന്നും. സ്റ്റേഷൻമാസ്റ്റർ ഈ വാക്കു കേട്ടു് ചുകപ്പുവസ്ത്രം കണ്ട കാളയെപ്പോലെ ഞെട്ടി; പോർട്ടരെ വിളിക്കുന്ന ധൃതി യായി. കസേര കൊണ്ടുവരുവിച്ചു് അദ്ദേഹത്തോടു് ഇരി ക്കാൻ അപേക്ഷിച്ചു. വേണ്ടുന്ന വിവരണങ്ങളെല്ലാം കുറി ച്ചെടുത്തു സ്പെഷ്യലിന്നുള്ള ചാർജ്ജു വാങ്ങി രശീതി കൊടു ത്തു. ടെലഗ്രാം കിട്ടേണ്ട താമസം സ്പെഷ്യൽ വണ്ടി കെട്ടു വാനുള്ള സമ്മതം വന്നു. ഒരു ഒന്നാംക്ലാസ്സ് വണ്ടിയും എഞ്ചിനുംകൂടി കൂട്ടിക്കെട്ടി അരമണിക്കൂറിനകം ഷൊർണ്ണൂ രിൽനിന്നു പുറപ്പെട്ടു. പോത്തന്നൂരിൽനിന്നു മദ്രാസ്സ മെയിൽ പുറപ്പെടുന്നതിന്നുമുമ്പു് ഈ വണ്ടി അവിടെ എത്തിയതിനാൽ ആ വണ്ടിയുമായി ഘടിപ്പിച്ചു. നാടൻ സായ്പു് കയറിയിരുന്ന വണ്ടിയുടെ തൊട്ടടുത്തുതന്നെ യായിരുന്നു ഈ വണ്ടിയും എന്നുള്ള സംഗതിയും ഇവിടെ സ്മരണീയമാണു്.

വണ്ടി മദിരാശിയിൽ എത്തി. സായ്പു് ഇറങ്ങുമ്പോൾ കണ്ട കാഴ്ചയെക്കുറിച്ചു് ഞാനെന്തു പറയട്ടെ. തന്റെ മുറിയിലേക്കു പ്രവേശനം നിഷേധിക്കപ്പെട്ട പാളസ്സാറുകാ

രന്നേണ്ടു് അടുത്ത കംപാർട്ടമെൻറിൽനിന്നിറങ്ങുന്നു. പട്ട യിട്ട ലോയത്തു ശിപായി "നാലുകെട്ടിലധികാരമുദ്രയായ് കോലുകിട്ടിയതിനെ" പിടിച്ചുകൊണ്ടു വണ്ടിയിൽനിന്നി റങ്ങുന്ന മാന്യപുരുഷനെ നീണ്ടുവലിച്ചു കുമ്പിടുന്നു. സ്റ്റേഷ നിൽ പിന്നീടു് അന്വേഷിച്ചതിൽ താൻ ആരെക്കാണു വാൻ വന്നുവോ ആ മഹാനാണു് ഈ പാളസ്സാറുകാരൻ സർ, ടി. മുത്തുസ്വാമിഅയ്യർ എന്നു മനസ്സിലായി. ആ മാന്യപുരുഷനെക്കണ്ടു നല്ലവാക്കു പറഞ്ഞു് വല്ല ഗുണവും കിട്ടുവാൻ വഴി ഉണ്ടോ എന്നു പരീക്ഷിക്കണമെന്നു വിചാ രിച്ചിരുന്ന നമ്മുടെ മേനോൻജഡ്ജിയുടെ ആകാശക്കോട്ട അപ്പാടെ തകൻു. എങ്കിലും ഒന്നു കാണുവാൻ സൗകര്യ പ്പെട്ടുമോ എന്നു വിചാരിച്ചു കാർഡു കൊടുത്തയച്ചു.

ഒരന്വേഷണം നിലവിൽ ഉള്ളതുകൊണ്ടു് തല്ക്കാലം കാണുവാൻ നിയമം അനുവദിക്കുന്നില്ല, എന്നായിരുന്നു കിട്ടിയ മറുപടി. പിന്നീടുള്ള അനുഭവം മൂന്നുകൊല്ല ത്തേയോ മറേറാ ജയിൽവാസമായിരുന്നു എന്നാണു് അറിവു്. 'വിധിവിഹിതമേവനും ലംഘിച്ചുകൂടുമോ'

XIX

# വെള്ളാനയും കരിമ്പിൻതോട്ടവും

ഐതിഹ്യസമാഹാരങ്ങളുടെ കൂട്ടത്തിൽ ഒരു ആന കഥ എഴുതീട്ടില്ലെങ്കിൽ ഐതിഹ്യങ്ങളുടെ ഉപജ്ഞാതാവായ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ആത്മാവിനു ശാന്തി വരുന്നതല്ല. എനിക്കാണെങ്കിൽ ആനകഥകൾ എഴുതു വാനുള്ള പരിചയവുമില്ല. എന്നാൽ ഒരു കഥ എങ്ങനെ യെങ്കിലും കൂട്ടിച്ചേർക്കണമെന്നു കരുതി ഒരു മുത്തശ്ശിക്കഥ യ്ക്കു പുതിയ രൂപം കൊടുത്ത് ഇവിടെ എഴുതുന്നതാണ്.

അഷ്ടദിക്പാലരിൽ ഒരാളായ ദേവരാജനു സഹധർമ്മ ണിയായി ഇന്ദ്രാണി ഏതു സമയത്തും ഒന്നിച്ചുണ്ടെന്നുള്ള സംഗതി നമുക്ക് അറിവുള്ളതാണ്. പുറമെ അതിസുന്ദ രികളായ ഉർവ്വശി, രംഭ, തിലോത്തമ എന്ന അപ്സരസ്ത്രീക ളും ഉണ്ട് ഇദ്ദേഹത്തെ ശുശ്രൂഷിപ്പാനായി. ഇവരെ ല്ലാം മതിയാവാതെയാണ് കാമഭ്രാന്തു പിടിച്ചു ഭൂമിയി ലേക്കു വന്നുപോകുന്നത്. അങ്ങനെ വന്ന ഒരു കാല ത്താണ് അഹല്യയെ പ്രാപിച്ചതും തന്നിമിത്തം അഭിന വമായ ഗാത്രവൈചിത്ര്യം ദേഹത്തിൽ ജാതമായതും. ദമയന്തിയുടെ സൗന്ദര്യവർണ്ണന കേട്ട് തന്റെ ചങ്ങാതി മാരായ യമൻ, അഗ്നി, വരുണൻ ഇവരൊന്നിച്ചു ഭൂമിയി ലേക്കു ചാടിപ്പുറപ്പെട്ട്, ഒടുവിൽ അമളിപിണഞ്ഞു തല യുംതാഴ്ത്തി മടങ്ങിയ വിവരവും നാം നളചരിതത്തിൽനിന്നു മനസ്സിലാക്കുന്നു.

ഇങ്ങനെ ദേവേന്ദ്രൻ സഞ്ചീട്ടചെയ്യുന്നതു തന്റെ വാഹനമായ നാൽക്കൊമ്പൻ ആനപ്പുറത്ത് ഇരുന്നു കൊണ്ടാണ്. ആ ഗജേന്ദ്രൻ ശുഭ്രവർണ്ണത്തോടുകൂടിയവനും

നാലു് കൊമ്പുള്ളവനുമാകുന്നു. തൻെറ യജമാനനെ കിണ്ടംപിണയ്ക്കുവാൻ വിരുതുള്ള ഒരു വീരൻ, ദ്ദുർവ്വാസ്സാവുമഹർഷി, ഇന്ദ്രനു തലയിൽ ചൂടുവാൻകൊടുത്ത പൂമാലയെ തൻെറ തുമ്പികൊണ്ടു തട്ടിക്കളഞ്ഞു് കാൽകൊണ്ടു മെതിച്ചു് ദേവേന്ദ്രനു മാത്രമല്ല ആ വംശക്കാർക്കൊക്കെയും ജരാനര ഉണ്ടാക്കിവെച്ച വീരൻ, യജമാനനു പററിയ വാഹനംതന്നെ.

അഹല്യയെക്കണ്ടു കാമിച്ചുവന്ന ദേവേന്ദ്രൻ തൻെറ ആനയെ നദീതീരത്തു നിർത്തിയശേഷമാണു ഗൗതമമഹർഷി ഇല്ലാത്ത സമയംനോക്കി അഹല്യയുടെ ആശ്രമത്തിൽ കടന്നുചെല്ലാറ്. ആന അങ്ങിനെ ചുററിനടന്നിരുന്നമദ്ധ്യേ ഒരു കരിമ്പിൻതോട്ടം കണ്ടുമുട്ടി. ആനയ്ക്കു ദാഹവും വിശപ്പും തീർപ്പാൻ ഇത്രനല്ല സാധനം വേറെ ഇല്ലെന്നു പ്രസിദ്ധമാണല്ലൊ. വേലിപൊളിച്ചു് അകത്തു കടന്നു് സുഖമായി തിന്നാനുംതുടങ്ങി.

കാവൽക്കാരൻ രാവിലെ പരിശോധിക്കുമ്പോറം തോട്ടമെല്ലാം നാനാവിധമായിരിക്കുന്നു. ആനയുടെ പിണ്ടി അവിടവിടെ കണ്ടതുകൊണ്ടു് ഏതോ കാട്ടാന കടന്നുവന്നു തോട്ടം നശിപ്പിച്ചതാണു് എന്നു കരുതി വിവരം തൻെറ മുതലാളിയെ അറിയിച്ചു.

കുറപ്പത്തുമനയ്ക്കൽ ശങ്കരൻനമ്പൂതിരിയാണു് ആ തോട്ടത്തിൻെറ ഉടമ. നമ്പൂതിരി ചുവന്ന തുണികണ്ട കാളയെപ്പോലെ അമ്പരന്നു. 'കുത്ര മമ ചന്ദ്രഹാസം' എന്നലറി. അന്നുരാത്രി താൻതന്നെ ചെന്നു് കാവൽ കിടക്കാമെന്നും ആനയെ വെടിവച്ചു ചുട്ടുകളയാമെന്നും പ്രതിജ്ഞചെയ്തു.

രാത്രി മൂന്നുമണിയോടുകൂടി ആകാശവിമാനംപോലെയുള്ള ഒരു സാധനം ഭൂമിയിലേയ്ക്കു് ഇറങ്ങിവരു

ന്നതു് നമ്പൂതിരികണ്ടു. ഒളിഞ്ഞുനോക്കുമ്പോൾ അതൊരു വെള്ളാനയായും ആനപ്പുറത്തു ഒരു മനുഷ്യൻ ഇരിക്കുന്ന പോലെയും തോന്നി. എങ്കിലും തോക്കെട്ടപ്പാൻ ധൈര്യ മുണ്ടായില്ല. കാരണം ആന വെളുത്തതും നാലു കൊമ്പു ള്ളതും ആയ ഒന്നായിരുന്നു. ലക്ഷ്മീഭഗവതി, സരസ്വതീ ദേവി, മഹാവിഷ്ണു മുതലായവക്കു് നാലുകൈയുള്ളതു് ദേവാലയങ്ങളിൽ കണ്ടു പരിചയമുണ്ടായിരുന്നു നമ്പൂതി രിപ്പാട്ടിലേയ്ക്കു്. അതിനാൽ ഈ വന്നവരും ദേവാംശജ ന്മാർ ആയിരിക്കും എന്നു തോന്നി. ആനപ്പുറത്തിരിക്കുന്ന ആളുടെ ശിരസ്സിൽ രത്നഖചിതമായ കിരീടവുമുണ്ടു്. അതുകൊണ്ടു് ഒന്നും ചെയ്യാനുള്ള ധൈര്യം വന്നില്ല. അന്നങ്ങിനെ കഴിഞ്ഞു.

തോട്ടത്തിൽ കരിമ്പങ്ങിനെ അവസാനിച്ചുതുടങ്ങി. നമ്പൂതിരി ദിവസേനവന്നു 'കിം കത്തവ്യം' എന്നാലോചി ച്ചുപോകുന്നതല്ലാതെ ഒന്നും ചെയ്യാൻ ശക്തനാവാതേയു മിരിക്കുന്നു.

നാലഞ്ചുദിവസം കഴിഞ്ഞു. അന്നു് ഒരുദിവസം ആന തനിയെയാണു വന്നതു്. ആനപ്പുറത്തു് ആരുമു ണ്ടായിരുന്നില്ല. ആന മടങ്ങാറായ സമയംനോക്കി അതി ൻെറ വാൽ കടന്നുപിടിച്ചു.

ആന സ്വർഗ്ഗത്തിലേയ്ക്കു പറന്നെത്തി. നമ്പൂതി രി സമാധാനിച്ചു, ജീവനോടുകൂടിത്തന്നെ സ്വർഗ്ഗസ ന്ദർശനം ലഭിച്ചുവല്ലോ എന്നുകരുതി. ദേവരാജനെ കണ്ടു് സങ്കടംബോധിപ്പിച്ചു. ആനയുടെ തോന്ന്യാസം നിമിത്തം തനിക്കു് അഞ്ചുപറയുടെ ചെമ്പുകാശു നഷ്ടം വന്നിട്ടുണ്ടെന്നു ബോദ്ധ്യപ്പെടുത്തി. ദേവേന്ദ്രൻ കുറഞ്ഞൊ ന്നാലോചിച്ചശേഷം ഇപ്രകാരം പറഞ്ഞു. "ആട്ടെ നമ്പൂതിരി ഒട്ടും വ്യസനിക്കേണ്ടാ. അഞ്ചുപറ ചെമ്പുകാ

ശല്ലേ നഷ്ടംവന്നിട്ടുള്ളൂ. അതിന്ന് അഞ്ചുപറ സ്വൎണ്ണരാശിതന്നേക്കാം" എന്നുപറഞ്ഞു ദേവലോകപ്പറയ്ക്ക് അഞ്ചു പറ സ്വൎണ്ണം അളന്നു ചാക്കിലാക്കി തുന്നികെട്ടി ആനയുടെ പുറത്തു നമ്പൂതിരിയേയും ഇരുത്തി ഭൂമിയിലേയ്ക്കു പറഞ്ഞയച്ചു. തിരസ്ക്കരണിവിദ്യ ഉപദേശിച്ചിരുന്നതിനാൽ ഈ വരവും പോക്കും ആരും അറിഞ്ഞതുമില്ല.

മനയ്ക്കലെ കാൎയ്യസ്ഥൻ ഇട്ടീണാൻപണിക്കർ വിവരം അറിഞ്ഞുവശായി. പണിക്കർ മനയ്ക്കലെ കാൎയ്യസ്ഥനായിട്ട് ഇരുപതിലധികം കൊല്ലംകഴിഞ്ഞിരിക്കുന്നു. വലിയ വിശ്വാസത്തിലുമാണ്. എങ്കിലും ഈ വിവരം നമ്പൂതിരി കാൎയ്യസ്ഥനോടു പറഞ്ഞില്ല. ഇട്ടീണാൻെറ പെങ്ങൾ ഉണ്ണൂലിക്കാണു നമ്പൂതിരി സംബന്ധം. നമ്പൂതിരി സംബന്ധമുറയ്ക്കു് ഒരുദിവസം ചെല്ലുമ്പോൾ തൻെറ കൈയിൽ നാലഞ്ചു സ്വൎണ്ണരാശികൾ എടുത്തിരുന്നു ഭാൎയ്യയ്ക്കു പണ്ടം ഉണ്ടാക്കുവാനായി. ആവഴിക്കു കാൎയ്യസ്ഥന്നറിവുകിട്ടി നമ്പൂതിരിക്കു സ്വൎണ്ണനാണയങ്ങൾ ലഭിച്ച വൃത്താന്തം. കുറെക്കാലമായി നമ്പൂതിരിയെ സേവിച്ചും കള്ളക്കണക്കെഴുതിയും ഇട്ടീണാനും അല്പം സമ്പാദിച്ചിട്ടുണ്ട്. ആ പണംകൊണ്ടു് അവനും ഒരു വലിയ കരിമ്പിൻതോട്ടം പണയപ്പെടുത്തിട്ടുണ്ടു്. ഈ തോട്ടങ്ങൾ രണ്ടും അടുത്തടുത്താണുതാനും.

ആന സാധാരണ വരാറുള്ള സമയംനോക്കി കാൎയ്യസ്ഥൻ കരിമ്പിൻതോട്ടത്തിൽ പതുങ്ങിയിരുന്നു. പതിവുപോലെ ഗജേന്ദ്രൻവന്നു. അവനെ തൻെറ തോട്ടത്തിലേക്ക് ആനയിച്ചു.

പിറേറന്നു വിവരം കാൎയ്യസ്ഥൻ നമ്പൂതിരിയെ അറിയിച്ചു. "അതുവ്വോ ഇട്ടീണാൻെറ തോട്ടത്തിലും ആന കടന്നുവോ; തന്നേയും ഞാൻ ദേവേന്ദ്രൻെറ മുമ്പിൽ ഹാജ

രാക്കാം. ട്ടോ" എന്നുപറഞ്ഞു സമാധാനപ്പെടുത്തി. പിറേറന്നു രാത്രി രണ്ടുപേരുംകൂടി പുറപ്പെട്ടു. പതിവിൻപടി ആനയുംവന്നു. ആനപ്പുറത്ത് ആരുമുണ്ടായിരുന്നില്ല. നമ്പൂതിരി ആനയുടെ വാൽ കടന്നുപിടിച്ചു. നമ്പൂതിരിയുടെ പാദങ്ങൾ കാര്യസ്ഥൻെറ കരങ്ങളിലും.

മാർഗ്ഗമദ്ധ്യേ കാര്യസ്ഥന്ന് ഒരു ശങ്ക. മലബാറിൽ പലവിധം പറകൾ നടപ്പിലുണ്ടല്ലോ. പാലക്കാട്ടു നാല്പതുനാഴിപറ, വള്ളുവനാട്ടിൽ അറുപതുനാഴി താപ്പ്, കോഴിക്കോട്ടു താലൂക്കിൽ ഒരു സേറിൻെറ അളവ് ഇങ്ങിനെ പലതും. ദേവേന്ദ്രൻെറ പറ എത്ര നാഴി താപ്പാണെന്ന് അറിയണമെന്നൊരു മോഹം.

കാര്യസ്ഥൻ:—തിരുമേനി! അടിയൻ ഒന്നു ചോദിച്ചോട്ടെ. ദേവേന്ദ്രൻെറ പറയുടെ വലിപ്പം എത്ര കാണും. 40 നാഴിയോ 60 നാഴിയോ.

നമ്പൂതിരി:—വഷളാ! ദേവേന്ദ്രൻെറ താപ്പ് വളരെവലുതാ. ഡാ, നോക്ക്. അതിൻെറ വലിപ്പം ഇത്രപോരും.

എന്നുപറഞ്ഞ് വാൽപിടിച്ച കൈയ്യ് വിട്ടു കരം രണ്ടും പരത്തി ദേവേന്ദ്രൻെറ പറ ഇത്രപോരും എന്നു പറഞ്ഞു.

ഉടനെ 'ധട പട ധീം'. ആന അതിൻെറ പാട്ടിൽ പോയി. ശേഷംകഥ ചിന്തനീയം.

ശുഭം

---



KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M02 Acc. No. 50411

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of 20 Ps. per day will be charged

M02 50411

ANA-I

അനന്ത സുബ്രഹ്മണ്യം

ഐതിഹ്യമഞ്ജരി